# ജീസസ് യൂത്ത്
# പ്രാർത്ഥനകൾ

**Jesus Youth Office**
Emmaus H M T Colony P.O.,
Ernakulam-683 503, Kerala, India
Ph: +91 484-2555980
Email: kerala@jesusyouth.org
www.jesusyouth.org

# ആമുഖം

ദൈവസാന്നിദ്ധ്യത്തിലേക്കുള്ള എന്റെ കാൽവയ്പാണ് പ്രാർത്ഥന. എന്റെ സമയ സാഹചര്യങ്ങൾക്കപ്പുറം പോകാൻ പ്രാർത്ഥന എന്നെ സഹായിക്കുന്നു. ഒപ്പം ദൈവ സാമീപ്യവും ദൈവീക ഇടപെടലുകളും എന്റെ ജീവിതത്തിലെത്തിക്കാൻ കാരണമാവുകയും ചെയ്യും.

ജീവിതവിളി കണ്ടെത്തിയവൻ തന്റെ ജീവിതത്തിൽ ഒരുമിച്ചിരിക്കേണ്ട രണ്ടു തലങ്ങളെക്കുറിച്ച് ദിവ്യഗുരു നമ്മെ പഠിപ്പിച്ചു. "സ്വർഗ്ഗരാജ്യത്തിന്റെ ശിഷ്യനായി തീർന്ന ഓരോ നിയമജ്ഞനും തന്റെ നിക്ഷേപത്തിൽ നിന്ന് പുതിയതും പഴയതും പുറത്തെടുക്കുന്ന വീട്ടുടമസ്ഥന് തുല്യൻ" (മത്തായി 13-52). ജീസസ്‌യൂത്ത് പ്രാർത്ഥന, ഇപ്രകാരം സമ്പന്നമായ ക്രിസ്തീയ പ്രാർത്ഥന പൈതൃകവും ആത്മനിറവുണർത്തുന്ന ക്രിയാത്മകതയുടെ സമകാലീന ശൈലികളും ഒത്തുചേർക്കുന്നു.

നമ്മുടെ പ്രാർത്ഥനാ രീതി എപ്രകാരമാണ് എന്നതിനെ ആശ്രയിച്ചിരിക്കും നമ്മുടെ ജീവിതത്തിന്റെ ആഴവും ശൈലിയും. വ്യക്തി ജീവിതത്തിൽ എന്നതുപോലെ ഒരു ക്രൈസ്തവ മുന്നേറ്റത്തെ സംബന്ധിച്ചും ഇതൊരു യാഥാർത്ഥ്യം തന്നെ. ജീസസ്സ്‌യൂത്ത് പ്രാർത്ഥനയിൽ പരമ്പരാഗത പ്രാർത്ഥനാരീതികളും അതോടൊപ്പം ഇന്നിന്റെ സ്വതന്ത്ര പ്രാർത്ഥനാ ശൈലികളും ഉൾക്കൊള്ളുന്നു.

സ്വയം പ്രേരിത പ്രാർത്ഥനാ സ്തുതിപ്പുകളും ഭാവനാപൂർണ്ണ നേതൃത്വമുള്ള കരിസ്‌മാറ്റിക് ശൈലിയിലെ പ്രാർത്ഥനാ ഗ്രൂപ്പുകൾ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ മുഖമുദ്രയാണ്. പഴമയും പുതുമയും സംയോജിക്കുന്ന ജീസസ്സ് യൂത്ത് പ്രാർത്ഥന ടീം മീറ്റിംഗുകൾക്കും സെൽ സമ്മേളനങ്ങൾക്കും മറ്റു പല ഒത്തുചേരലുകൾക്കും ഏറെ അനുയോജ്യമാണ്. കൂട്ടായ്‌മയിലേക്ക് പുതിയതായി കടന്നുവരുന്ന പലർക്കും ഈ ശൈലി സഹായകമാകും. ഒപ്പം മുന്നേറ്റത്തിലും പ്രാർത്ഥനാ കൂട്ടായ്‌മയിലും ഏറെ വളർന്നവർക്ക് ആന്തരിക ജീവിതത്തിന്റെ ആഴവും ആദ്ധ്യാത്മിക ശിക്ഷണത്തിന്റെ പുതുമാനങ്ങളും പരിചയപ്പെടുത്തുന്നതുമാകും ഈ ശൈലി.

## ഏഴുപടികൾ

സഭയിലെ പരമ്പരാഗത പ്രാർത്ഥനാശൈലിയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട ജീസസ്സ് യൂത്ത് പ്രാർത്ഥനയ്ക്ക് ഏഴു പടികളുണ്ട്.

1. **ആമുഖ പ്രാർത്ഥന :** കുരിശടയാളത്തോടെ ആരംഭിച്ച് സമൂഹം ത്രിത്വൈക ദൈവീക ജീവിതത്തിലുള്ള പങ്കാളിത്തം നവീകരിക്കുന്നു. തുടർന്ന് സമയമനുവദിക്കുന്നെങ്കിൽ ഗാനങ്ങൾക്കും സ്വതന്ത്ര പ്രാർത്ഥനകൾക്കുമായി സമയം കണ്ടെത്താവുന്നതാണ്.

2. **സങ്കീർത്തനം :** രണ്ട് വിഭാഗമായി മാറി മാറി സങ്കീർത്തനം ആലപിക്കുന്നു. ആ ചൈതന്യം തുടർന്ന് സ്വതന്ത്രമായ ആരാധനയ്ക്കും സ്തുതിക്കുമായി കുറെ സമയം മാറ്റി വെയ്ക്കുന്നു. ഗാനങ്ങൾ, ആത്മാവിലുള്ള ഗാനാലാപനം, പ്രാർത്ഥന, സ്വയംപ്രേരിത പ്രാർത്ഥനകൾ എന്നിങ്ങനെ എല്ലാവരുടെയും പങ്കാളിത്തം സാധ്യമാകുന്ന സമയമാകണം ഇത്.

3. **വചനം :** അനുയോജ്യമായ ബൈബിൾ ഭാഗം വായിക്കുന്നു. തുടർന്ന് നിശബ്ദ ധ്യാനത്തിന്റെ സമയമാണ്.

4. **വിചിന്തനം :** സാധാരണ ഗതിയിൽ കഴിയുന്നത്രപേർ ഉൾകാഴ്ചകൾ പങ്കുവയ്ക്കുന്നു. എന്നാൽ ചില പ്രത്യേക സന്ദർഭങ്ങളിൽ തെരഞ്ഞെടുത്ത ഒരാൾ പങ്കുവയ്ക്കാവുന്നതാണ്.

5. **പ്രത്യുത്തരം :** വിശുദ്ധരുടെ ധ്യാനചിന്തകളും പ്രാർത്ഥനകളും ആദ്ധ്യാത്മിക ആഴങ്ങളിലേക്ക് നമ്മെ നയിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

6. **മദ്ധ്യസ്ഥ പ്രാർത്ഥന :** ഗ്രൂപ്പിലെ ഓരോരുത്തരും നിയോഗങ്ങളുയർത്തുന്നു, എല്ലാവരും ഒന്ന് ചേർന്ന് പ്രാർത്ഥിക്കുന്നു.

7. **സമാപന പ്രാർത്ഥന :** കർത്തൃപ്രാർത്ഥനയും അനുഗ്രഹയാചനയോടും കൂടി പ്രാർത്ഥന സമാപിപ്പിക്കുന്നു.

## പങ്കാളിത്തവും നേതൃത്വവും

ജീസസ് യൂത്ത് പ്രാർത്ഥനയിൽ പങ്കെടുക്കാനും ഒപ്പം അതു നയിക്കാനും ഏറെ എളുപ്പമാണ്. പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകാൻ കഴിവുകൾ ഏറെയൊന്നും ആവശ്യമില്ല. പ്രാർത്ഥനയുടെ ശൈലി

അടുത്തറിയണമെന്നേയുള്ളൂ. അതിനാൽ തന്നെ ഗ്രൂപ്പിലെ പക്വത യുള്ള ആരെയും ഈ ഉത്തരവാദിത്വം ഏല്പിക്കാവുന്നതാണ്. പുതിയ സമൂഹമെങ്കിൽ പ്രാർത്ഥനയുടെ രീതി ഒന്നു പരിചയപ്പെ ടുത്തുന്നത് നന്നായിരിക്കും. അതല്ലാതെ പ്രാർത്ഥനാ മദ്ധ്യേ ഒരു നിർദ്ദേശവും നല്കേണ്ട ആവശ്യമില്ല.

മുമ്പേ തയ്യാറാക്കിയതും ഒപ്പം സ്വയം പ്രേരിതമായ ഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ പ്രാർത്ഥനാ രീതി. ഗ്രൂപ്പിലെ എല്ലാവരു ടെയും വ്യക്തിപരമായ സജീവ പങ്കാളിത്തം ഉറപ്പുവരുത്താൻ ആവ ശ്യമായ പ്രാർത്ഥനാ ഭാഗങ്ങൾ അച്ചടിച്ച് നൽകുന്നത് നല്ലതാണ്.

പ്രാർത്ഥനയുടെ തുടക്കത്തിൽ സമൂഹം നിൽക്കുന്നു. വചന വായ നയും തുടർന്നുള്ള വിചിന്തനവും ഇരുന്നുകൊണ്ട് ശ്രവിക്കുന്നു. തുടർന്നുള്ള ഭാഗങ്ങൾക്കായി വീണ്ടും എഴുന്നേറ്റ് നിൽക്കുന്നു.

ഈ പ്രാർത്ഥനാ ശൈലി വിവിധ സാഹചര്യങ്ങളിലും വ്യത്യസ്ത ങ്ങളായ രീതികളിലും ഉപയോഗിക്കാവുന്നതാണ്. വിചിന്തന ഘട്ട ത്തിൽ വ്യത്യസ്തങ്ങളായ വചനപഠനരീതികളോ സംഘാത പ്രവർത്തനങ്ങളോ ഉൾക്കൊള്ളിക്കാവുന്നതാണ്. വചനപഠനത്തിന് ഒരാൾ നയിക്കുന്ന ക്ലാസ്, ഗ്രൂപ്പ് പങ്കുവയ്പ്പ്, ചെറു ഗ്രൂപ്പ്, കത്തോ ലിക്കാ വേദോപദേശമോ, മറ്റു സഭാപഠനങ്ങളോ ഉപയോഗിച്ചുള്ള ബൈബിൾ പഠനം തുടങ്ങി വിവിധ രീതികൾ അവലംബിക്കാവു ന്നതാണ്. ജീസസ് യൂത്ത് പരിശീലനങ്ങൾക്ക് മുൻ പറഞ്ഞ വിവിധ രീതികളുടെ സംയോജനം സഹായകരമാകും.

## ആഴത്തിൽ വലയിറക്കുക

ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഈ സഹസ്രാബ്ദത്തിന് ഒരു പുതുദർശനം നൽകികൊണ്ട് ക്രിസ്തു വിൽ ഒരു പുതുവളർച്ച സാദ്ധ്യമാക്കുന്ന ഒരു പ്രാർത്ഥനാ ശൈലിയെക്കുറിച്ച് സംസാരിച്ചു: അതേ, പ്രിയ സഹോദരീ സഹോദരന്മാരേ, നമ്മുടെ ക്രൈസ്തവസമൂഹങ്ങൾ പ്രാർത്ഥന യുടെ യഥാർത്ഥ "വിദ്യാലയങ്ങൾ" ആയിത്തീരണം. അവിടെ, ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ സഹായാഭ്യർത്ഥനയിൽ മാത്രം പ്രകാശിപ്പിക്കപ്പെടരുത്. പിന്നെയോ, ഹൃദയം "യഥാർത്ഥ സ്നേഹബന്ധ"ത്തിലേർപ്പെടുന്നതുവരെയുള്ള കൃതജ്ഞതാ പ്രകടനത്തിലും സ്തുതിയിലും ആരാധനയിലും ശ്രവണത്തിലും തീക്ഷ്ണമായ ഭക്തിയിലും പ്രകാശിപ്പിക്കപ്പെടണം. അതേ,

തീവ്രതയാർന്ന പ്രാർത്ഥന. പക്ഷേ, അത് ചരിത്രത്തോടുള്ള നമ്മുടെ സമർപ്പണത്തിൽനിന്ന് നമ്മുടെ ശ്രദ്ധമാറ്റരുത്; അത് ദൈവസ്നേഹത്തിനായി നമ്മുടെ ഹൃദയത്തെ തുറന്നുകൊണ്ട് നമ്മുടെ സഹോദരീ സഹോദരന്മാരോടുള്ള സ്നേഹത്തിനായും അതിനെ തുറക്കുന്നു. ദൈവപദ്ധതിയനുസരിച്ച് ചരിത്രത്തെ രൂപപ്പെടുത്താൻ അതു നമ്മെ കഴിവുള്ളവരാക്കുകയും ചെയ്യുന്നു.
(പോപ്പ് ജോൺ പോൾ രണ്ടാമൻ, നവസഹസ്രാബ്ദത്തിലേക്ക്, 33)

ആഴത്തിലും പരപ്പിലും ജീവിതം തുടരാൻ ഈ ജീസസ് യൂത്ത് പ്രാർത്ഥനാ ശൈലി നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ.

ജീസസ്സ് യൂത്ത് അന്തർദേശീയ സമിതിക്കായി

**ഡോ. എഡ്വേർഡ് എടേഴത്ത്**

# ജീസസ് യൂത്ത് പ്രാർത്ഥന 1

**സങ്കീർത്തനം 27      വി. കത്രീന**

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ

All: അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2. സങ്കീർത്തനം 27**

(1) കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്, ഞാൻ ആരെ ഭയപ്പെടണം? കർത്താവ് എന്റെ ജീവിതത്തിനു കോട്ടയാണ്, ഞാൻ ആരെ പേടിക്കണം?

(2) എതിരാളികളും ശത്രുക്കളുമായ ദുർവൃത്തർ ദുരാരോപണ ങ്ങളുമായി എന്നെ ആക്രമിക്കുമ്പോൾ, അവർതന്നെ കാലിടറി വീഴും.

(1) ഒരു സൈന്യം തന്നെ എനിക്കെതിരെ പാളയമടിച്ചാലും എന്റെ ഹൃദയം ഭയം അറിയുകയില്ല. എനിക്കെതിരേ യുദ്ധമുണ്ടാ യാലും ഞാൻ ആത്മധൈര്യം വെടിയുകയില്ല.

(2) ഒരു കാര്യം മാത്രം ഞാൻ കർത്താവിനോട് അപേക്ഷിക്കുന്നു. ഒരു കാര്യം മാത്രം ഞാൻ തേടുന്നു; കർത്താവിന്റെ മാധുര്യം ആസ്വദിക്കാനും കർത്താവിന്റെ ആലയത്തിൽ അവിടുത്തെ

ഹിതം ആരായാനും വേണ്ടി ജീവിതകാലം മുഴുവൻ അവിടുത്തെ ആലയത്തിൽ വസിക്കാൻ തന്നെ.

(1) ക്ലേശകാലത്ത് അവിടുന്നു തന്റെ ആലയത്തിൽ എനിക്ക് അഭയം നൽകും; തന്റെ കൂടാരത്തിനുള്ളിൽ എന്നെ ഒളിപ്പിക്കും; എന്നെ ഉയർന്ന പാറമേൽ നിറുത്തും.

(2) എന്നെ വലയം ചെയ്യുന്ന ശത്രുക്കളുടെ മുകളിൽ എന്റെ ശിരസ്സ് ഉയർന്നു നിൽക്കും; ആഹ്ലാദാരവത്തോടെ അവിടുത്തെ കൂടാരത്തിൽ ഞാൻ ബലികളർപ്പിക്കും; ഞാൻ വാദ്യഘോഷത്തോടെ കർത്താവിനെ സ്തുതിക്കും.

(1) കർത്താവേ, ഞാൻ ഉച്ചത്തിൽ വിളിച്ചപേക്ഷിക്കുമ്പോൾ അവിടുന്നു കേൾക്കണമേ! കാരുണ്യപൂർവ്വം എനിക്ക് ഉത്തരമരുളണമേ!

(2) എന്റെ മുഖം തേടുവിൻ എന്ന് അവിടുന്നു കൽപിച്ചു; കർത്താവേ, അങ്ങയുടെ മുഖം ഞാൻ തേടുന്നു എന്ന് എന്റെ ഹൃദയം അങ്ങയോടു മന്ത്രിക്കുന്നു.

(1) അങ്ങയുടെ മുഖം എന്നിൽ നിന്നു മറച്ചുവയ്ക്കരുതേ! എന്റെ സഹായകനായ ദൈവമേ, അങ്ങയുടെ ദാസനെ കോപത്തോടെ തള്ളിക്കളയരുതേ! എന്റെ രക്ഷകനായ ദൈവമേ എന്നെ തിരസ്കരിക്കരുതേ! എന്നെ കൈവെടിയരുതേ!

(2) അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചാലും കർത്താവ് എന്നെ കൈക്കൊള്ളും.

(1) കർത്താവേ, അങ്ങയുടെ വഴി എനിക്കു കാണിച്ചുതരണമേ; എനിക്കു ശത്രുക്കളുള്ളതിനാൽ എന്നെ നിരപ്പായ വഴിയിലൂടെ നയിക്കണമേ.

(2) വൈരികളുടെ ഇഷ്ടത്തിന് എന്നെ വിട്ടുകൊടുക്കരുതേ; കള്ളസാക്ഷികൾ എനിക്കെതിരേ ഉയർന്നിരിക്കുന്നു; അവർ ക്രൂരത നിശ്വസിക്കുന്നു.

(1) ജീവിക്കുന്നവരുടെ ദേശത്തു കർത്താവിന്റെ നന്മ കാണാമെന്നു ഞാൻ വിശ്വസിക്കുന്നു.

(2) കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യമവലംബിക്കുവിൻ; കർത്താവിനുവേണ്ടി കാത്തിരിക്കുവിൻ.

(1) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(2) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്. ഞാൻ ആരെ ഭയപ്പെടണം? കർത്താവ് എന്റെ ജീവിതത്തിനു കോട്ടയാണ് ഞാൻ ആരെ പേടിക്കണം?

(ഗാനം, സ്തുതിപ്പ്, സ്വയംപ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L: സിയന്നയിലെ വിശുദ്ധ കത്രീനയോടൊപ്പം നമുക്കു പ്രാർത്ഥിക്കാം

L: ഓ! നിത്യനായ ത്രിത്വൈക ദൈവമേ, അങ്ങാണെന്റെ സ്രഷ്ടാവ്, ഞാൻ അങ്ങേ സൃഷ്ടിയും

All: ഓ! നിത്യനായ ത്രീത്വൈക ദൈവമേ, അങ്ങാണെന്റെ സ്രഷ്ടാവ്, ഞാൻ അങ്ങേ സൃഷ്ടിയും.

L: അങ്ങേ പ്രകാശത്തിൽ ഞാനറിയുന്നു. അങ്ങേ ഏകപുത്രന്റെ തിരുരക്തത്താൽ അവിടുന്ന് എന്നെ ഒരു പുതുസൃഷ്ടിയാക്കിയിരിക്കുന്നു.

All: ഓ! നിത്യനായ ത്രീത്വൈക ദൈവമേ, അങ്ങാണെന്റെ സ്രഷ്ടാവ്, ഞാൻ അങ്ങേ സൃഷ്ടിയും.

L: ഓ! നിത്യനായ ത്രീത്വൈക ദൈവമേ, ഓ ദിവ്യ തേജസ്സേ, അളവില്ലാത്ത ആഴവും വിശാല സാഗരവുമായ അവിടുന്നു അങ്ങേതന്നെ എനിക്കു നൽകുന്നു. ഇതുതന്നെയാണല്ലോ അങ്ങയുടെ ഏറ്റം വലിയ ദാനം

All: ഓ! നിത്യനായ ത്രീത്വൈക ദൈവമേ, അങ്ങാണെന്റെ സ്രഷ്ടാവ്, ഞാൻ അങ്ങേ സൃഷ്ടിയും.

L: അങ്ങു നിത്യാഗ്നിയാണ് ഒരിക്കലും എരിഞ്ഞടങ്ങാത്ത നിത്യ ജ്വാല. എന്റെ സ്വാർത്ഥസ്നേഹത്തെ എരിച്ചടക്കുന്ന ജ്വാല.

All: ഓ! നിത്യനായ ത്രീത്വൈക ദൈവമേ, അങ്ങാണെന്റെ സ്രഷ്ടാവ്, ഞാൻ അങ്ങേ സൃഷ്ടിയും.

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: ഓ! നിത്യനായ ത്രീത്വൈക ദൈവമേ, അങ്ങാണെന്റെ സ്രഷ്ടാവ്, ഞാൻ അങ്ങേ സൃഷ്ടിയും.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടേയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:
All: കർത്താവേ, അങ്ങേ സ്നേഹജ്വാലയാൽ ഞങ്ങളെ പ്രകാശിപ്പിക്കണമേ

(സ്വയംപ്രേരിത പ്രാർത്ഥനകൾ)

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.
All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L: നമുക്കു പ്രാർത്ഥിക്കാം,
ദൈവമേ, അങ്ങേ പുത്രനെ ലോകത്തിലേക്കയച്ച അങ്ങേ സ്നേഹം അവിടുന്നു പ്രകടമാക്കി എന്നും അങ്ങേ പക്കലേക്കു തിരിഞ്ഞ് ഈ സ്നേഹത്തിൽ നിന്നു പാനം ചെയ്തു അങ്ങെ പ്രതിഛായയിൽ വളരാൻ അങ്ങു ഞങ്ങളെ സഹായിക്കണമേ. അങ്ങേ പരിശുദ്ധാത്മാവ് ഞങ്ങളിൽ നിറഞ്ഞു അങ്ങേ പുത്രന്റെ സാക്ഷികളാകാൻ ഇടയാക്കണമെ. അങ്ങെ പുത്രനായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ.

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ, നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപന ഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 2

**സങ്കീർത്തനം 99 & 100**

**വി. ജോൺ മരിയ വിയാന്നി**

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ

All: അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2. സങ്കീർത്തനം 99 & 100**

(1) ഭൂമി മുഴുവൻ കർത്താവിന്റെ മുൻപിൽ ആനന്ദഗീതം ഉതിർക്കട്ടെ

(2) കർത്താവു വാഴുന്നു; ജനതകൾ വിറകൊള്ളട്ടെ; അവിടുന്നു കെരൂബുകളുടെമേൽ സിംഹാസനസ്ഥനായിരിക്കുന്നു; ഭൂമി കുലുങ്ങട്ടെ!

(1) കർത്താവു സീയോനിൽ വലിയവനാണ്. അവിടുന്ന് സകല ജനതകളുടെയും മേൽ ഉന്നതനാണ്.

(2) അവിടുത്തെ മഹത്തും ഭീതിജനകവുമായ നാമത്തെ അവർ സ്തുതിക്കട്ടെ! അവിടുന്നു പരിശുദ്ധനാണ്.

(1) ശക്തനായരാജാവേ, നീതിയെ സ്നേഹിക്കുന്നവനെ, അവി ടുന്നു ന്യായത്തെ സുസ്ഥാപിതമാക്കിയിരിക്കുന്നു; അവിടുന്നു യാക്കോബിൽ നീതിയും ന്യായവും നടത്തി.

(2) നമ്മുടെ ദൈവമായ കർത്താവിനെ പുകഴ്ത്തുവിൻ; അവി ടുത്തെ പാദപീഠത്തിങ്കൽ പ്രണമിക്കുവിൻ; അവിടുന്നു പരിശുദ്ധനാണ്.

(1) മോശയും അഹറോനും അവിടുത്തെ പുരോഹിതന്മാരിൽ പെട്ടവരാണ്; അവിടുത്തെ നാമം വിളിച്ചപേക്ഷിച്ചവരിൽ സാമുവേലും ഉൾപ്പെടുന്നു; അവർ കർത്താവിനെ വിളിച്ച പേക്ഷിച്ചു; അവിടുന്ന് അവർക്ക് ഉത്തരമരുളി.

(2) മേഘസ്തംഭത്തിൽ നിന്ന് അവിടുന്ന് അവരോടു സംസാരിച്ചു; അവർ അവിടുത്തെ കൽപനകളും ചട്ടങ്ങളും അനുസരിച്ചു.

(1) ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങ് അവർക്ക് ഉത്തര മരുളി; അങ്ങ് അവർക്ക് ക്ഷമിക്കുന്ന ദൈവമായിരുന്നു; തെറ്റു കൾക്കു ശിക്ഷ നൽകുന്നവനും.

(2) ദൈവമായ കർത്താവിനെ മഹത്വപ്പെടുത്തുവിൻ! അവിടുത്തെ വിശുദ്ധപർവതത്തിൽ ആരാധന അർപ്പിക്കുവിൻ; നമ്മുടെ ദൈവമായ കർത്താവു പരിശുദ്ധനാണ്.

(1) ഭൂമി മുഴുവൻ കർത്താവിന്റെ മുൻപിൽ ആനന്ദഗീതം ഉതിർക്കട്ടെ.

(2) സന്തോഷത്തോടെ കർത്താവിനു ശുശ്രൂഷ ചെയ്യുവിൻ; ഗാനാലാപത്തോടെ അവിടുത്തെ സന്നിധിയിൽ വരുവിൻ.

(1) കർത്താവു ദൈവമാണെന്ന് അറിയുവിൻ; അവിടുന്നാണു നമ്മെ സൃഷ്ടിച്ചത്; നമ്മൾ അവിടുത്തേതാണ്; നാം അവി ടുത്തെ ജനവും അവിടുന്നു മേയ്ക്കുന്ന അജഗണവുമാകുന്നു.

(2) കൃതജ്ഞതാഗീതത്തോടെ അവിടുത്തെ കവാടങ്ങൾ കടക്കു വിൻ; സ്തുതികൾ ആലപിച്ചുകൊണ്ട് അവിടുത്തെ അങ്കണ ത്തിൽ പ്രവേശിക്കുവിൻ. അവിടുത്തേക്കു നന്ദിപറയുവിൻ; അവിടുത്തെനാമം വാഴ്ത്തുവിൻ.

(1) കർത്താവു നല്ലവനാണ്, അവിടുത്തെ കാരുണ്യം ശാശ്വതമാണ്; അവിടുത്തെ വിശ്വസ്തത തലമുറകളോളം നിലനിൽക്കും.

(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനുംസ്തുതി.

(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) ഭൂമി മുഴുവൻ കർത്താവിന്റെ മുൻപിൽ ആനന്ദഗീതം ഉതിർക്കട്ടെ

(ഗാനം, സ്തുതിപ്പ്, സ്വയംപ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L: വിശുദ്ധ ജോൺ മരിയ വിയാനിയോടൊപ്പം നമുക്കു പ്രാർത്ഥിക്കാം

L: ഓ! അനന്ത സ്നേഹത്തിനു യോഗ്യനായ എന്റെ ദൈവമേ, ഞാൻ നിന്നെ സ്നേഹിക്കുന്നു.

All: ഓ! അനന്ത സ്നേഹത്തിനു യോഗ്യനായ എന്റെ ദൈവമേ, ഞാൻ നിന്നെ സ്നേഹിക്കുന്നു.

L: എന്റെ ജീവന്റെ അന്ത്യശ്വാസംവരേയും അങ്ങയെ സ്നേഹിക്കണമെന്നു മാത്രമാണെന്റെ ആഗ്രഹം.

All: ഓ! അനന്ത സ്നേഹത്തിനു യോഗ്യനായ എന്റെ ദൈവമേ, ഞാൻ നിന്നെ സ്നേഹിക്കുന്നു.

L: അങ്ങയെ സ്നേഹിക്കാതെ ജീവിക്കുന്നതിലുപരി അങ്ങയുടെ സ്നേഹത്തിൽ മരിക്കാനാണ് എന്റെ ആഗ്രഹം.

All: ഓ! അനന്ത സ്നേഹത്തിനു യോഗ്യനായ എന്റെ ദൈവമേ, ഞാൻ നിന്നെ സ്നേഹിക്കുന്നു.

L: നിത്യമായി അങ്ങയെ സ്നേഹിക്കാനുള്ള അനുഗ്രഹത്തിനായി മാത്രം ഞാൻ പ്രാർത്ഥിക്കുന്നു.

All: ഓ! അനന്ത സ്നേഹത്തിനു യോഗ്യനായ എന്റെ ദൈവമേ, ഞാൻ നിന്നെ സ്നേഹിക്കുന്നു.

L: എന്റെ ദൈവമെ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു പറയാൻ, എന്റെ നാവശക്തമാകുമ്പോൾ, ഓരോ നിശ്വാസത്തിലും എന്റെ ഹൃദയം അതു മന്ത്രിക്കട്ടെ.

All: ഓ! അനന്ത സ്നേഹത്തിനു യോഗ്യനായ എന്റെ ദൈവമേ, ഞാൻ നിന്നെ സ്നേഹിക്കുന്നു.

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

All: ഓ! അനന്ത സ്നേഹത്തിനു യോഗ്യനായ എന്റെ ദൈവമേ, ഞാൻ നിന്നെ സ്നേഹിക്കുന്നു.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:
All: കർത്താവേ അങ്ങേ രാജ്യം വരേണമെ.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.
All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ...

L: നമുക്കു പ്രാർത്ഥിക്കാം. പിതാവേ, അങ്ങയോടൊപ്പം ആയിരിക്കാനും അങ്ങേ രാജ്യത്തിന്റെ ആനന്ദം പങ്കുവയ്ക്കാനുമായി ലോകാതിർത്തികളിൽ നിന്നു അങ്ങു ഞങ്ങളെ വിളിച്ചു. പരിശുദ്ധാത്മാവ് അങ്ങെ സന്തോഷത്താൽ ഞങ്ങളെ നിറയ്ക്കുകയും അവിടുത്തെ പുത്രന്റെ സാക്ഷികളായി ഞങ്ങളെ അയയ്ക്കുകയും ചെയ്യട്ടെ. അങ്ങെ പുത്രനായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ

സമാപന ഗാനം

# 3 ജീസസ് യൂത്ത് പ്രാർത്ഥന

**സങ്കീർത്തനം 42 വി. അഗസ്റ്റിൻ**

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ

All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം

All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2 സങ്കീർത്തനം 42**

(1) നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ, ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു.

(2) എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു; ജീവിക്കുന്ന ദൈവത്തിനുവേണ്ടിത്തന്നെ. എപ്പോഴാണ് എനിക്കു ദൈവസന്നിധിയിലെത്തി അവിടുത്തെ കാണാൻ കഴിയുക!

(1) രാപകൽ കണ്ണീർ എന്റെ ഭക്ഷണമായി; എവിടെ നിന്റെ ദൈവം എന്ന് ഓരോരുത്തർ നിരന്തരം എന്നോടു ചോദിച്ചു.

(2) ജനക്കൂട്ടത്തോടൊപ്പം ഞാൻ പോയി; ദേവാലയത്തിലേക്കു ഞാനവരെ ഘോഷയാത്രയായി നയിച്ചു. ആഹ്ലാദാരവവും കൃതജ്ഞതാഗീതങ്ങളും ഉയർന്നു; ജനം ആർത്തുല്ലസിച്ചു; ഹൃദയം പൊട്ടിക്കരയുമ്പോൾ ഞാൻ ഇതെല്ലാം ഓർക്കുന്നു.

(1) എന്റെ ആത്മാവേ, നീ എന്തിനു വിഷാദിക്കുന്നു? നീ എന്തിനു നെടുവീർപ്പിടുന്നു? ദൈവത്തിൽ പ്രത്യാശവയ്ക്കുക എന്റെ സഹായവും ദൈവവുമായ അവിടുത്തെ ഞാൻ വീണ്ടും പുകഴ്ത്തും.

(2) എന്റെ ആത്മാവു വിഷാദം പൂണ്ടിരിക്കുന്നു; അതിനാൽ ജോർദാൻ പ്രദേശത്തും ഹെർമോണിലും മിസാർമലയിലും വച്ച് അങ്ങയെ ഞാൻ അനുസ്മരിക്കുന്നു.

(1) അങ്ങയുടെ വെള്ളച്ചാട്ടങ്ങളുടെ ഇരമ്പൽകൊണ്ട് ആഴം ആഴത്തെ വിളിക്കുന്നു. അങ്ങയുടെ തിരമാലകളും ഓളങ്ങളും എന്റെ മീതേ കടന്നുപോകുന്നു.

(2) കർത്താവു പകൽസമയത്തു തന്റെ കാരുണ്യം വർഷിക്കുന്നു; രാത്രികാലത്ത് അവിടുത്തേക്കു ഞാൻ ഗാനമാലപിക്കും. എന്റെ ജീവന്റെ ദൈവത്തോടുള്ള പ്രാർത്ഥനതന്നെ.

(1) അവിടുന്ന് എന്നെ മറന്നതെന്തുകൊണ്ട്, ശത്രുവിന്റെ പീഡനം മൂലം എനിക്കു വിലപിക്കേണ്ടി വന്നതെന്തുകൊണ്ട്, എന്ന് എന്റെ രക്ഷാശിലയായ ദൈവത്തോടു ഞാൻ ചോദിക്കും.

(2) നിന്റെ ദൈവം എവിടെ എന്ന് ശത്രുക്കൾ എന്നോടു ചോദിക്കുന്നു; മാരകമായ മുറിവുപോലെ ആ നിന്ദനം ഞാൻ ഏൽക്കുന്നു.

(1) എന്റെ ആത്മാവേ, നീ എന്തിനു വിഷാദിക്കുന്നു, നീ എന്തിനു നെടുവീർപ്പിടുന്നു? ദൈവത്തിൽ പ്രത്യാശ വയ്ക്കുക; എന്റെ സഹായവും ദൈവവുമായ അവിടുത്തെ ഞാൻ വീണ്ടും പുകഴ്ത്തും.

(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ, ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു.

(ഗാനം, സ്തുതിപ്പ്, സ്വയംപ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

5. പ്രത്യുത്തരം

L : വി. അഗസ്റ്റിനോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L : ദൈവമേ, അങ്ങയെ സ്നേഹിക്കാൻ ഞാൻ എത്ര വൈകിപ്പോയി, ഓ! നിത്യ സനാതന സൗന്ദര്യമേ അങ്ങയെ സ്നേഹിക്കാൻ ഞാൻ എത്ര വൈകിപ്പോയി.

All : ദൈവമേ, അങ്ങയെ സ്നേഹിക്കാൻ ഞാൻ എത്ര വൈകിപ്പോയി, ഓ! നിത്യ സനാതന സൗന്ദര്യമേ അങ്ങയെ സ്നേഹിക്കാൻ ഞാൻ എത്ര വൈകിപ്പോയി.

L : ഓ! ദൈവമേ, അങ്ങ് എന്നിൽ ഉണ്ടായിരുന്നിട്ടും ഞാൻ അങ്ങയെ തേടിനടന്നു. അങ്ങ് എന്നിൽ വസിച്ചിട്ടും അങ്ങയുടെ സാന്നിദ്ധ്യം ഞാനറിഞ്ഞില്ല. എന്നിലെ സ്നേഹ ശൂന്യതയാൽ, അങ്ങയുടെ സൃഷ്ടവസ്തുക്കളിൽ ഞാൻ മുഴുകിപ്പോയി.

All : ദൈവമേ, അങ്ങയെ സ്നേഹിക്കാൻ ഞാൻ എത്ര വൈകിപ്പോയി, ഓ! നിത്യ സനാതന സൗന്ദര്യമേ അങ്ങയെ സ്നേഹിക്കാൻ ഞാൻ എത്ര വൈകിപ്പോയി.

L : ദൈവമേ, അങ്ങ് എപ്പോഴും എന്നോടൊപ്പമുണ്ടായിരുന്നു. പക്ഷേ, ഞാനങ്ങയെ അറിഞ്ഞിരുന്നില്ല. സൃഷ്ടവസ്തുക്കൾ എന്നെ അങ്ങിൽ നിന്നും അകറ്റി. അങ്ങയെ കൂടാതെ യാതൊന്നിനും അസ്തിത്വമില്ലല്ലോ.

All : ദൈവമേ, അങ്ങയെ സ്നേഹിക്കാൻ ഞാൻ എത്ര വൈകിപ്പോയി, ഓ! നിത്യ സനാതന സൗന്ദര്യമേ അങ്ങയെ സ്നേഹിക്കാൻ ഞാൻ എത്ര വൈകിപ്പോയി.

L : ദൈവമേ, അവിടുന്നെന്നെ വിളിച്ചു. അവിടുത്തെ ശബ്ദം എന്റെകാതുകളെ തുറന്നു. അവിടുത്തെ പ്രഭാപൂർണ്ണമായ പ്രകാശം എന്നിലേക്ക് ചൊരിഞ്ഞ്, അങ്ങ് എന്റെ അന്ധതയെ അകറ്റി. എന്റെ നിശ്വാസങ്ങളിൽ അവിടുത്തെ സ്നേഹത്തിന്റെ പരിമളം നിറച്ചു. ഞാൻ എന്നിലേക്ക് അത് ആവാഹിച്ചു. ഇപ്പോൾ ആ സ്നേഹവലയത്തിലാകാൻ ഞാൻ കൊതിക്കുന്നു.

All : ദൈവമേ, അങ്ങയെ സ്നേഹിക്കാൻ ഞാൻ എത്ര വൈകിപ്പോയി, ഓ! നിത്യ സനാതന സൗന്ദര്യമേ അങ്ങയെ സ്നേഹിക്കാൻ ഞാൻ എത്ര വൈകിപ്പോയി.

L : ഓ! നാഥാ അങ്ങയുടെ സ്നേഹം ഞാൻ രുചിച്ചറിഞ്ഞു. ഇപ്പോൾ ഞാനങ്ങേ സ്നേഹത്തിനായി കൂടുതൽ ദാഹിക്കു

ന്നു. അങ്ങ് എന്നെ സ്പർശിച്ചു. അങ്ങയുടെ സമാധാനത്താൽ നിറയുന്നതിനായി എന്റെ ഹൃദയം കത്തിയെരിയുന്നു.

All : ദൈവമേ, അങ്ങയെ സ്നേഹിക്കാൻ ഞാൻ എത്ര വൈകി പ്പോയി, ഓ! നിത്യ സനാതന സൗന്ദര്യമേ അങ്ങയെ സ്നേഹി ക്കാൻ ഞാൻ എത്ര വൈകിപ്പോയി.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All : ദൈവമേ, അങ്ങയെ സ്നേഹിക്കാൻ ഞാൻ എത്ര വൈകി പ്പോയി, ഓ! നിത്യ സനാതന സൗന്ദര്യമേ അങ്ങയെ സ്നേഹി ക്കാൻ ഞാൻ എത്ര വൈകിപ്പോയി.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾ ക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All : ഓ! ദൈവമേ, ഞാനങ്ങയെ വിളിച്ചപേക്ഷിക്കുന്നു, എനിക്ക് ഉത്തരമരുളണമേ.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L : നമുക്കു പ്രാർത്ഥിക്കാം. പിതാവായ ദൈവമേ, അങ്ങാണ് ഏക ദൈവം അവിടുന്നു അയച്ച അങ്ങേ പുത്രനായ യേശുക്രിസ്തു നിത്യജീവനാണെന്ന് ഞങ്ങളറിയുന്നു. ഞങ്ങളുടെ അനുദിന അന്വേഷണം അങ്ങേയ്ക്കു വേണ്ടിയും അങ്ങയിലുള്ള പൂർണ്ണ ജീവിതത്തിനു വേണ്ടിയും ആകട്ടെ. അവിടുത്തെ പരിശുദ്ധാത്മാ വിന്റെ സന്തോഷത്താൽ ഞങ്ങളെ നിറച്ച് അവിടുത്തെ പുത്രനായ ക്രിസ്തുവിന്റെ ജീവിക്കുന്ന സാക്ഷികളാകാൻ ഞങ്ങളെ അയക്ക ണമേ. അങ്ങേ പുത്രനായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കു മാറാകട്ടെ. ആമ്മേൻ

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 4

**സങ്കീർത്തനം 8 വി. ഫ്രാൻസിസ് അസീസി**

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം
All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2. സങ്കീർത്തനം 8**

(1) കർത്താവേ, ഞങ്ങളുടെ കർത്താവേ, ഭൂമിയിലെങ്ങും അവിടുത്തെ നാമം എത്ര മഹനീയം!
(2) അങ്ങയുടെ മഹത്വം ആകാശങ്ങൾക്കുമീതേ പ്രകീർത്തിക്കപ്പെടുന്നു. ശത്രുക്കളെയും രക്തദാഹികളെയും നിശ്ശബ്ദരാക്കാൻ അവിടുന്നു ശിശുക്കളുടെയും മുലകുടിക്കുന്ന കുഞ്ഞുങ്ങളുടെയും അധരങ്ങൾ കൊണ്ടു സുശക്തമായ കോട്ടകെട്ടി.

(1) അങ്ങയുടെ വിരലുകൾ വാർത്തെടുത്ത വാനിടത്തെയും അവിടുന്ന് സ്ഥാപിച്ച ചന്ദ്രതാരങ്ങളെയും ഞാൻ കാണുന്നു.
(2) അവിടുത്തെ ചിന്തയിൽ വരാൻമാത്രം മർത്യന് എന്തു മേന്മയുണ്ട്? അവിടുത്തെ പരിഗണന ലഭിക്കാൻ മനുഷ്യപുത്രന് എന്ത് അർഹതയാണുള്ളത്?

(1) എന്നിട്ടും അവിടുന്ന് അവനെ ദൈവദൂതന്മാരെക്കാൾ അൽപം മാത്രം താഴ്ത്തി; മഹത്വവും ബഹുമാനവും കൊണ്ട് അവനെ മകുടമണിയിച്ചു.
(2) അങ്ങു സ്വന്തം കരവേലകൾക്കുമേൽ അവന് ആധിപത്യം നൽകി; എല്ലാറ്റിനെയും അവന്റെ പാദത്തിൻ കീഴിലാക്കി.

(1) ആടുകളെയും കാളകളെയും വന്യമൃഗങ്ങളെയും ആകാശത്തിലെ പറവകളെയും സമുദ്രത്തിലെ മത്സ്യങ്ങളെയും കടലിൽ സഞ്ചരിക്കുന്ന സകലതിനെയും തന്നെ.
(2) കർത്താവേ, ഞങ്ങളുടെ കർത്താവേ, ഭൂമിയിലെങ്ങും അങ്ങയുടെ നാമം എത്ര മഹനീയം!

(1) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
(2) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) കർത്താവേ, ഞങ്ങളുടെ കർത്താവേ, ഭൂമിയിലെങ്ങും അവിടുത്തെ നാമം എത്ര മഹനീയം!

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L: വി. ഫ്രാൻസിസ് അസ്സീസിയോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.
L: കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ.
All: കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ.
L: കർത്താവേ, വിദ്വേഷമുള്ളിടത്ത് സ്നേഹവും ദ്രോഹമുള്ളിടത്ത് ക്ഷമയും ഞാൻ വിതയ്ക്കട്ടെ.
All: കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ.
L: കർത്താവേ, സന്ദേഹമുള്ളിടത്ത് വിശ്വാസവും, നിരാശയുള്ളിടത്ത് പ്രത്യാശയും ഞാൻ വിതയക്കട്ടെ.
All: കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ.
L: കർത്താവേ അന്ധകാരമുള്ളിടത്ത് പ്രകാശവും, സന്താപമുള്ളിടത്ത് സന്തോഷവും ഞാൻ വിതയ്ക്കട്ടെ.

All: കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ.

L: ഓ! ദിവ്യനാഥാ ആശ്വസിപ്പിക്കപ്പെടുന്നതിനേക്കാൾ ആശ്വസിപ്പിക്കുന്നതിനും മനസ്സിലാക്കപ്പെടുന്നതിനേക്കാൾ മനസ്സിലാക്കുന്നതിനും സ്നേഹിക്കപ്പെടുന്നതിനേക്കാൾ സ്നേഹിക്കുന്നതിനും എനിക്കിടയാകട്ടെ

All: കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ.

L: കൊടുക്കുമ്പോഴാണ് ഞങ്ങൾക്കു ലഭിക്കുന്നത്. സ്വയം വിസ്മരിക്കുമ്പോഴാണ് എന്നെ ഞാൻ കണ്ടെത്തുന്നത്.

All: കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ.

L: ക്ഷമിക്കുമ്പോഴാണ് ഞങ്ങൾ ക്ഷമിക്കപ്പെടുന്നത്. മരിക്കുമ്പോഴാണ് ഞങ്ങൾ നിത്യജീവിതത്തിലേക്ക് ജനിക്കുന്നത്.

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

All: കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All : കർത്താവേ അങ്ങയുടെ സ്നേഹാഗ്നിയാൽ ഞങ്ങളെ ജ്വലിപ്പിക്കണമേ.

സ്വയം പ്രേരിതപ്രാർത്ഥനകൾ

**7. സമാപനം**

L : കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.

All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L : നമുക്കു പ്രാർത്ഥിക്കാം. കർത്താവായ ദൈവമേ, അവിടുത്തെ സ്നേഹം വെളിപ്പെടുത്തുവാൻ ഞങ്ങൾക്കും ലോകം മുഴുവനും വേണ്ടിയും അവിടുത്തെ പുത്രനെ അങ്ങ് ഈ ലോകത്തിലേക്ക് അയച്ചു. അങ്ങിലേക്ക് വീണ്ടും തിരിയുവാനും അങ്ങേ സാമീപ്യം നുകരുവാനും ദൈവീകഛായയിലേക്ക് രൂപാന്തരപ്പെടുവാനും ഞങ്ങളെ സഹായിക്കണമേ. അങ്ങേ പരിശുദ്ധാത്മാവിനാൽ

ഞങ്ങളെ ആനന്ദപൂരിതരാക്കി അങ്ങേ പുത്രനായ ക്രിസ്തുവിന്റെ ജീവിക്കുന്ന സാക്ഷികളാക്കി ഞങ്ങളെ അയച്ചാലും. കർത്താവായ ക്രിസ്തുവഴി അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All : ആമ്മേൻ

All : കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 5

സങ്കീർത്തനം 37

വി. ജെയിൻ ഫ്രാൻസെസ് ദെ ഷന്താൾ

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ

All: അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2. സങ്കീർത്തനം 37**

(1) കർത്താവിന്റെ മുൻപിൽ സ്വസ്ഥനായിരിക്കുക; ക്ഷമാപൂർവ്വം അവിടുത്തെ കാത്തിരിക്കുക.

(2) ദുഷ്ടരെക്കണ്ടു നീ അസ്വസ്ഥനാകേണ്ടാ; ദുഷ്കർമ്മികളോട് അസൂയപ്പെടുകയും വേണ്ടാ.

(1) അവർ പുല്ലുപോലെ പെട്ടെന്ന് ഉണങ്ങിപ്പോകും; സസ്യം പോലെ വാടുകയും ചെയ്യും.

(2) ദൈവത്തിൽ വിശ്വാസമർപ്പിച്ചു നന്മ ചെയ്യുക; അപ്പോൾ ഭൂമിയിൽ സുരക്ഷിതനായി വസിക്കാം.

(1) കർത്താവിൽ ആനന്ദിക്കുക; അവിടുന്നു നിന്റെ ആഗ്രഹങ്ങൾ സാധിച്ചുതരും.

(2) നിന്റെ ജീവിതം കർത്താവിനു ഭരമേൽപ്പിക്കുക. കർത്താവിൽ വിശ്വാസമർപ്പിക്കുക; അവിടുന്നു നോക്കിക്കൊള്ളും.

(1) അവിടുന്നു പ്രകാശം പോലെ നിനക്കു നീതി നടത്തിത്തരും; മദ്ധ്യാഹ്നം പോലെ നിന്റെ അവകാശവും.
(2) കർത്താവിന്റെ മുൻപിൽ സ്വസ്ഥനായിരിക്കുക; ക്ഷമാപൂർവ്വം അവിടുത്തെ കാത്തിരിക്കുക; ദുഷ്ടമാർഗ്ഗം അവലംബിച്ച് അഭിവൃദ്ധിപ്പെടുന്നവനെക്കണ്ട് അസ്വസ്ഥനാകേണ്ടാ.

(1) കോപത്തിൽനിന്ന് അകന്നു നിൽക്കുക, ക്രോധം വെടിയുക, പരിഭ്രമിക്കാതിരിക്കുക; അതു തിന്മയിലേക്കു മാത്രമേ നയിക്കൂ.
(2) ദുഷ്ടർ വിച്ഛേദിക്കപ്പെടും; കർത്താവിനെ കാത്തിരിക്കുന്നവർ ഭൂമി കൈവശമാക്കും.

(1) അൽപസമയം കഴിഞ്ഞാൽ ദുഷ്ടൻ ഇല്ലാതാകും; അവന്റെ സ്ഥലത്ത് എത്രയന്വേഷിച്ചാലും അവനെ കാണുകയില്ല.
(2) എന്നാൽ, ശാന്തശീലർ ഭൂമി കൈവശമാക്കും; ഐശ്വര്യ ത്തികവിൽ അവർ ആനന്ദിക്കും.

(1) ദുഷ്ടർ വായ്പ വാങ്ങിക്കും; തിരിച്ചുകൊടുക്കാൻ അവർക്കു കഴിയുകയില്ല; എന്നാൽ, നീതിമാൻ ഉദാരമായി ദാനം ചെയ്യുന്നു.
(2) കർത്താവിനാൽ അനുഗൃഹീതർ ഭൂമി കൈവശമാക്കും; അവിടുത്തെ ശാപമേറ്റവർ വിച്ഛേദിക്കപ്പെടും.

(1) മനുഷ്യന്റെ പാദങ്ങളെ നയിക്കുന്നതു കർത്താവാണ്; തനിക്കു പ്രീതികരമായി ചരിക്കുന്നവനെ അവിടുന്നു സുസ്ഥിരനാക്കും.
(2) അവൻ വീണേക്കാം, എന്നാൽ അതു മാരകമായിരിക്കുകയില്ല; കർത്താവ് അവന്റെ കൈയിൽ പിടിച്ചിട്ടുണ്ട്.

(1) ഞാൻ ചെറുപ്പമായിരുന്നു; ഇപ്പോൾ വൃദ്ധനായി. നീതിമാൻ പരിത്യജിക്കപ്പെടുന്നതോ അവന്റെ മക്കൾ ഭിക്ഷയാചിക്കു ന്നതോ ഞാനിന്നോളം കണ്ടിട്ടില്ല.
(2) അവൻ എപ്പോഴും ഉദാരമായി ദാനം ചെയ്യുകയും വായ്പ കൊടുക്കുകയും ചെയ്യുന്നു; അവന്റെ സന്തതി അനുഗ്രഹ ത്തിനു കാരണമാകും.

(1) തിന്മയിൽനിന്ന് അകന്നു നന്മ ചെയ്യുക, എന്നാൽ നിനക്കു സ്ഥിരപ്രതിഷ്ഠ ലഭിക്കും.
(2) കർത്താവു നീതിയെ സ്നേഹിക്കുന്നു; അവിടുന്നു തന്റെ വിശുദ്ധരെ പരിത്യജിക്കുകയില്ല; നീതിമാന്മാർ എന്നേക്കും

പരിപാലിക്കപ്പെടും; എന്നാൽ ദുഷ്ടരുടെ സന്തതി വിച്ഛേദിക്കപ്പെടും.

(1) നീതിമാൻമാർ ഭൂമി കൈവശമാക്കും; അതിൽ നിത്യം വസിക്കുകയും ചെയ്യും.
(2) നീതിമാന്റെ അധരങ്ങൾ ജ്ഞാനം സംസാരിക്കുന്നു; അവന്റെ നാവിൽനിന്നു, നീതി ഉതിരുന്നു.

(1) ദുഷ്ടൻ നീതിമാനെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു; അവനെ വധിക്കാൻ തക്കംനോക്കുന്നു.
(2) കർത്താവ് അവനെ ദുഷ്ടനു വിട്ടുകൊടുക്കുകയില്ല; ന്യായ വിസ്താരത്തിൽ കുറ്റം വിധിക്കപ്പെടാൻ സമ്മതിക്കുകയുമില്ല.

(1) കർത്താവിനെ കാത്തിരിക്കുക; അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കുക; ഭൂമി അവകാശമായിത്തന്ന് അവിടുന്നു നിന്നെ ആദരിക്കും; ദുഷ്ടരുടെ നാശം നീ കാണും.
(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) കർത്താവിന്റെ മുൻപിൽ സ്വസ്ഥനായിരിക്കുക; ക്ഷമാപൂർവ്വം അവിടുത്തെ കാത്തിരിക്കുക.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L: വി. ജെയിൻ ഫ്രാൻസെസ് ദെ ഷന്താളിനോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L: പരമകാരുണികനായ ദൈവത്തിന്റെ നിത്യസ്നേഹമേ, എന്നെ എന്നേക്കുമായി അങ്ങേ കരങ്ങളിൽ സമർപ്പിക്കുന്നു.
All: പരമകാരുണികനായ ദൈവത്തിന്റെ നിത്യസ്നേഹമേ, എന്നെ എന്നേക്കുമായി അങ്ങേ കരങ്ങളിൽ സമർപ്പിക്കുന്നു.

L: കർത്താവെ, പരുഷമായോ, സൗമ്യമായോ അങ്ങ് ആഗ്രഹിക്കുന്നിടത്തേക്ക് അങ്ങെന്നെ നയിച്ചാലും. ഞാൻ ചലിക്കുന്ന വഴികൾ ഞാൻ ശ്രദ്ധിക്കുന്നേയില്ല. എന്നാൽ അങ്ങയിൽ മാത്രം

ഞാനെന്റെ ദൃഷ്ടി അർപ്പിക്കുന്നു. ദൈവമേ അങ്ങെന്നെ നയിച്ചാലും.

All: പരമകാരുണികനായ ദൈവത്തിന്റെ നിത്യസ്നേഹമേ, എന്നെ എന്നേക്കുമായി അങ്ങേ കരങ്ങളിൽ സമർപ്പിക്കുന്നു.

L: എന്റെ നല്ല അമ്മേ, എന്റെ ശക്തിയും കോട്ടയുമേ, അവിടുത്തെ സ്വർഗ്ഗീയ പരിപാലനയുടെ കരങ്ങളും മാറിടവുമാണ് എന്റെ ആത്മാവിന് വിശ്രമമരുളുന്നത്.

All: പരമകാരുണികനായ ദൈവത്തിന്റെ നിത്യസ്നേഹമേ, എന്നെ എന്നേക്കുമായി അങ്ങേ കരങ്ങളിൽ സമർപ്പിക്കുന്നു.

L: ഓ, എന്റെ രക്ഷകാ, അങ്ങേ ദിവ്യസഹായത്തിൽ ആശ്രയിച്ച് അങ്ങേ ആഗ്രഹങ്ങളും കല്പനകളും പിൻചെല്ലുവാൻ എന്നെ അനുഗ്രഹിക്കണമേ. എന്റെ ആഗ്രഹങ്ങളെല്ലാം മാറ്റിവച്ച് എന്റെ ജീവിതത്തിൽ അവിടുത്തെ ചെയ്തികളുടെ ഔചിത്യം പരിശോധിക്കാതെ അവിടുത്തെ തിരുവിഷ്ടം ഞാൻ അന്ധമായി പിൻചെല്ലാമെന്ന് വാഗ്ദാനം ചെയ്യുന്നു.

All: പരമകാരുണികനായ ദൈവത്തിന്റെ നിത്യസ്നേഹമേ, എന്നെ എന്നേക്കുമായി അങ്ങേ കരങ്ങളിൽ സമർപ്പിക്കുന്നു.

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

All: പരമകാരുണ്യകനായ ദൈവത്തിന്റെ നിത്യസ്നേഹമേ, എന്നെ എന്നേക്കുമായി അങ്ങേ കരങ്ങളിൽ സമർപ്പിക്കുന്നു.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L:സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All : കർത്താവേ, അവിടുത്തെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L: നമുക്കു പ്രാർത്ഥിക്കാം. നിത്യപിതാവേ, അവിടുത്തേക്ക് ഞങ്ങളെക്കുറിച്ചുള്ള പദ്ധതി ഞങ്ങളുടെ ആഗ്രഹങ്ങളേക്കാളും പ്രതീക്ഷകളേക്കാളും എത്രയോ അധികമാകുന്നു. അവിടുത്തെ പുത്രനായ യേശുക്രിസ്തുവിലൂടെ അവിടുത്തെ വാഗ്ദാനത്തിന്റെ മഹത്വത്തിലേക്ക് അവിടുന്ന് ഞങ്ങളുടെ കണ്ണുകളെ തുറപ്പിച്ചു. ദൈവമേ, അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറച്ച് അവിടുത്തെ പുത്രനായ യേശുക്രിസ്തുവിന്റെ ജീവിക്കുന്ന സാക്ഷികളായിത്തീരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. അങ്ങേ പുത്രനായ ക്രിസ്തുവഴി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 6

**സങ്കീർത്തനം 9 വി. പാദ്രെ പിയോ**

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All: അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All: ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം
All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2 സങ്കീർത്തനം 9**

(1) പൂർണ്ണഹൃദയത്തോടെ ഞാൻ കർത്താവിനു നന്ദിപറയും; അവിടുത്തെ അദ്ഭുതപ്രവൃത്തികൾ ഞാൻ വിവരിക്കും.
(2) ഞാൻ അങ്ങയിൽ ആഹ്ലാദിച്ചുല്ലസിക്കും; അത്യുന്നതനായ വനേ, അങ്ങയുടെ നാമത്തിനു ഞാൻ സ്തോത്രമാലപിക്കും.

(1) എന്തെന്നാൽ, എന്റെ എതിരാളികൾ പിൻതിരിഞ്ഞോടിയ പ്പോൾ കാലിടറി വീഴുകയും അങ്ങയുടെ മുൻപിൽ നാശമട യുകയും ചെയ്തു.
(2) അങ്ങ് എനിക്കു നീതി നടത്തിത്തന്നിരിക്കുന്നു; അങ്ങു ന്യായാ സനത്തിലിരുന്നു നീതിപൂർവ്വകമായ വിധി പ്രസ്താവിച്ചു.

(1) അവിടുന്നു ജനതകളെ ശകാരിച്ചു; അവിടുന്നു ദുഷ്ടരെ നശി പ്പിച്ചു; അവരുടെ നാമം എന്നേക്കുമായി മായിച്ചുകളഞ്ഞു.

(2) ശത്രു നാശക്കൂമ്പാരത്തിൽ അപ്രത്യക്ഷമായിരിക്കുന്നു; അവരുടെ നഗരങ്ങളെ അങ്ങ് ഉന്മൂലനം ചെയ്തു; അവരുടെ സ്മരണപോലും മാഞ്ഞുപോയിരിക്കുന്നു.

(1) എന്നാൽ, കർത്താവ് എന്നേക്കുമായി സിംഹാസനസ്ഥനായിരിക്കുന്നു; ന്യായവിധിക്കാണ് അവിടുന്നു സിംഹാസനം സ്ഥാപിച്ചിരിക്കുന്നത്.

(2) അവിടുന്നു ലോകത്തെ നീതിയോടെ വിധിക്കുന്നു; അവിടുന്നു ജനതകളെ നിഷ്പക്ഷമായി വിധിക്കുന്നു.

(1) കർത്താവു മർദ്ദിതരുടെ ശക്തിദുർഗ്ഗമാണ്; കഷ്ടകാലത്ത് അവരുടെ അഭയസ്ഥാനവും.

(2) അങ്ങയുടെ നാമമറിയുന്നവർ അങ്ങിൽ വിശ്വാസമർപ്പിക്കുന്നു; കർത്താവേ, അങ്ങയെ അന്വേഷിച്ചവരെ അങ്ങ് ഉപേക്ഷിച്ചിട്ടില്ല.

(1) സീയോനിൽ വസിക്കുന്ന കർത്താവിനു സ്തോത്രം ആലപിക്കുവിൻ; അവിടുത്തെ പ്രവൃത്തികളെ ജനതകളുടെ ഇടയിൽ പ്രഘോഷിക്കുവിൻ.

(2) എന്തെന്നാൽ, രക്തത്തിനു പ്രതികാരം ചെയ്യുന്ന അവിടുന്ന് അവരെ ഓർമ്മിക്കും. പീഡിതരുടെ നിലവിളി അവിടുന്നു മറക്കുന്നില്ല.

(1) കർത്താവേ! എന്നോടു കരുണ കാണിക്കണമേ! മരണകവാടത്തിൽ നിന്ന് എന്നെ ഉദ്ധരിക്കുന്നവനേ, വൈരികൾമൂലം ഞാൻ സഹിക്കുന്നപീഡകൾ കാണണമേ!

(2) അങ്ങനെ ഞാൻ അവിടുത്തെ സ്തുതികൾ ആലപിക്കട്ടെ! അങ്ങു നൽകിയ വിമോചനമോർത്തു സീയോൻപുത്രിയുടെ കവാടങ്ങളിൽ ഞാൻ സന്തോഷിക്കട്ടെ!

(1) തങ്ങൾ കുഴിച്ച കുഴിയിൽത്തന്നെ ജനതകൾ വീണടിഞ്ഞു; തങ്ങൾ ഒരുക്കിയ കെണിയിൽ അവരുടെ തന്നെ പാദങ്ങൾ കുരുങ്ങി.

(2) കർത്താവു തന്നെത്തന്നെ വെളിപ്പെടുത്തി, അവിടുന്നു ന്യായവിധി നടത്തി, ദുഷ്ടർ സ്വന്തം കരവേലകളിൽ കുടുങ്ങി.

(1) ദുഷ്ടർ പാതാളത്തിൽ പതിക്കട്ടെ! ദൈവത്തെ മറക്കുന്ന സകല ജനതകളും തന്നെ.

(2) ദരിദ്രർ എന്നേക്കും വിസ്മരിക്കപ്പെടുകയില്ല; പാവങ്ങളുടെ പ്രത്യാശ എന്നേക്കുമായി അസ്തമിക്കുകയില്ല.

(1) കർത്താവേ, എഴുന്നേൽക്കണമേ! മനുഷ്യൻ അഹങ്കരിക്കാതിരിക്കട്ടെ! ജനതകൾ അങ്ങയുടെ സന്നിധിയിൽ വിധിക്കപ്പെടട്ടെ.

(2) കർത്താവേ, അവരെ ഭയാധീനരാക്കണമേ! തങ്ങൾ വെറും മർത്യരാണെന്നു ജനതകൾ മനസ്സിലാക്കട്ടെ!

(1) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(2) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) പൂർണ്ണഹൃദയത്തോടെ ഞാൻ കർത്താവിനു നന്ദിപറയും; അവിടുത്തെ അദ്ഭുതപ്രവൃത്തികൾ ഞാൻ വിവരിക്കും.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : വി. പാദ്രെ പിയോയോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L : നാഥാ എന്നോടൊത്തു വസിക്കണമേ. അങ്ങയുടെ അസാന്നിധ്യത്തിൽ ഞാനങ്ങയെ വിസ്മരിക്കും.

All : നാഥാ എന്നോടൊത്തു വസിക്കണമേ. അങ്ങയുടെ അസാന്നിധ്യത്തിൽ ഞാനങ്ങയെ വിസ്മരിക്കും.

L : അങ്ങയുടെ അസാന്നിധ്യത്തിൽ ഞാനങ്ങയെ വിസ്മരിക്കുമെന്നതിനാൽ നാഥാ, എന്നോടൊത്തു വസിക്കണമെ. ഞാൻ എത്ര വേഗത്തിൽ അങ്ങയെ പരിത്യജിക്കുമെന്ന് അങ്ങറിയുന്നുവല്ലോ.

All : നാഥാ എന്നോടൊത്തു വസിക്കണമേ. അങ്ങയുടെ അസാന്നിധ്യത്തിൽ ഞാനങ്ങയെ വിസ്മരിക്കും.

L : അങ്ങയുടെ ശക്തിയില്ലെങ്കിൽ ഞാൻ പരാജിതനാകയാൽ നാഥാ, എന്നോടൊത്തു വസിക്കണമേ. ഞാൻ എത്രയോ ബലഹീനനാണെന്നു അങ്ങറിയുന്നുവല്ലോ.

All : നാഥാ എന്നോടൊത്തു വസിക്കണമേ. അങ്ങയുടെ അസാന്നിധ്യത്തിൽ ഞാനങ്ങയെ വിസ്മരിക്കും.

L : അങ്ങില്ലെങ്കിൽ ഞാൻ നിരുത്സാഹിയാകുമെന്നതിനാൽ നാഥാ, എന്നോടൊത്തു വസിക്കണമേ, അങ്ങാണെന്റെ ജീവിതം.

All : നാഥാ എന്നോടൊത്തു വസിക്കണമേ. അങ്ങയുടെ അസാന്നിധ്യത്തിൽ ഞാനങ്ങയെ വിസ്മരിക്കും.

L : അങ്ങില്ലെങ്കിൽ ഞാൻ അന്ധകാരത്തിൽ ആണ്ടുപോകുമെന്ന തിനാൽ നാഥാ, എന്നോടൊത്തു വസിക്കണമേ, അങ്ങാണെന്റെ പ്രകാശം.

All : നാഥാ എന്നോടൊത്തു വസിക്കണമേ. അങ്ങയുടെ അസാന്നി ധ്യത്തിൽ ഞാനങ്ങയെ വിസ്മരിക്കും.

L : അങ്ങയുടെ ഹിതം അറിയുവാൻ, അങ്ങയുടെ സ്വരം ശ്രവി ക്കുവാൻ നാഥാ, എന്നോടൊത്തു വസിക്കണമേ.

All : നാഥാ എന്നോടൊത്തു വസിക്കണമേ. അങ്ങയുടെ അസാന്നി ധ്യത്തിൽ ഞാനങ്ങയെ വിസ്മരിക്കും.

L : ഞാനെന്നും അങ്ങയെ അനുഗമിക്കുവാൻ, അങ്ങയെ അധിക മായി സ്നേഹിക്കുവാൻ, നാഥാ എന്നോടൊത്തു വസിക്കണമേ.

All : നാഥാ എന്നോടൊത്തു വസിക്കണമേ. അങ്ങയുടെ അസാന്നി ധ്യത്തിൽ ഞാനങ്ങയെ വിസ്മരിക്കും.

L : ഞാൻ അങ്ങയോടൊത്തു വസിക്കുവാൻ, എന്നും അങ്ങ യോടു വിശ്വസ്തനായിരിക്കുവാൻ, നാഥാ എന്നോടൊത്തു വസിക്കണമെ.

All : നാഥാ എന്നോടൊത്തു വസിക്കണമേ. അങ്ങയുടെ അസാന്നി ധ്യത്തിൽ ഞാനങ്ങയെ വിസ്മരിക്കും.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: നാഥാ എന്നോടൊത്തു വസിക്കണമേ. അങ്ങയുടെ അസാന്നി ധ്യത്തിൽ ഞാനങ്ങയെ വിസ്മരിക്കും.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾ ക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All : കർത്താവെ ഞാനങ്ങയെ വിളിച്ചപേക്ഷിക്കുന്നു. എനിക്ക് ഉത്ത രമരുളണമേ.

സ്വയംപ്രേരിതപ്രാർത്ഥനകൾ

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L: നമുക്കു പ്രാർത്ഥിക്കാം. നിത്യസ്നേഹമായ ദൈവമേ, ഇതാ ഞങ്ങൾ അങ്ങയുടെ മുൻപിൽ നിൽക്കുന്നു, അവിടുത്തെ കരുണയും ക്ഷമയും ഞങ്ങളിലേക്ക് ചൊരിയണമേ. കർത്താവേ അവിടുത്തെ പുത്രനായ ക്രിസ്തുവിലൂടെ അങ്ങയുടെ മഹത്വ പൂർണ്ണമായ മുഖം ദർശിക്കുവാൻ ഞങ്ങളെ അനുവദിക്കണമേ. കർത്താവേ, അവിടുത്തെ പുത്രനോടും ആത്മാവോടും കൂടെ അവിടുന്നു ഞങ്ങളുമായി പങ്കുവച്ച നിത്യാനന്ദത്തിലേക്ക് പ്രത്യാശയോടെ മുന്നേറുവാൻ അങ്ങയുടെ പ്രസാദാത്മകമായ വെളിച്ചത്താൽ ഞങ്ങളെ രൂപാന്തരപ്പെടുത്തണമേ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ അങ്ങയോടു പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 7

സങ്കീർത്തനം 46 വി. ബെനഡിക്ട്

### 1. ആമുഖ പ്രാർത്ഥന

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

All : ആമ്മേൻ

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ

All: അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

### 2 സങ്കീർത്തനം 46

(1) സൈന്യങ്ങളുടെ കർത്താവു നമ്മോടുകൂടെയുണ്ട്; യാക്കോബിന്റെ ദൈവമാണു നമ്മുടെ അഭയം.

(2) വരുവിൻ, കർത്താവിന്റെ പ്രവൃത്തികൾ കാണുവിൻ; അവിടുന്നു ഭൂമിയെ എങ്ങനെ ശൂന്യമാക്കിയിരിക്കുന്നു എന്നു കാണുവിൻ.

(1) ദൈവമാണു നമ്മുടെ അഭയവും ശക്തിയും; കഷ്ടതകളിൽ അവിടുന്നു സുനിശ്ചിതമായ തുണയാണ്.

(2) ഭൂമി ഇളകിയാലും പർവ്വതങ്ങൾ സമുദ്രമധ്യത്തിൽ അടർന്നു പതിച്ചാലും നാം ഭയപ്പെടുകയില്ല.

(1) ജലം പതഞ്ഞുയർന്നിരമ്പിയാലും അതിന്റെ പ്രകമ്പനംകൊണ്ടു പർവ്വതങ്ങൾ വിറകൊണ്ടാലും നാം ഭയപ്പെടുകയില്ല.

(2) ദൈവത്തിന്റെ നഗരത്തെ, അത്യുന്നതന്റെ വിശുദ്ധനിവാസത്തെ സന്തുഷ്ടമാക്കിക്കൊണ്ട് ഒഴുകുന്ന ഒരു നദിയുണ്ട്.

(1) ആ നഗരത്തിൽ ദൈവം വസിക്കുന്നു; അതിന് ഇളക്കം തട്ടുകയില്ല; അതിരാവിലെ ദൈവം അതിനെ സഹായിക്കും.
(2) ജനതകൾ ക്രോധാവിഷ്ടരാകുന്നു; രാജ്യങ്ങൾ പ്രകമ്പനം കൊള്ളുന്നു; അവിടുന്നു ശബ്ദമുയർത്തുമ്പോൾ ഭൂമി ഉരുകിപ്പോകുന്നു.

(1) അവിടുന്നു ഭൂമിയുടെ അതിർത്തിയോളം യുദ്ധമില്ലാതാക്കുന്നു; അവിടുന്നു വില്ലൊടിക്കുകയും കുന്തം തകർക്കുകയും ചെയ്യുന്നു; രഥങ്ങളെ അഗ്നിക്കിരയാക്കുന്നു.
(2) ശാന്തമാകുക, ഞാൻ ദൈവമാണെന്നറിയുക; ഞാൻ ജനതകളുടെ ഇടയിൽ ഉന്നതനാണ്; ഞാൻ ഭൂമിയിൽ ഉന്നതനാണ്. സൈന്യങ്ങളുടെ കർത്താവു നമ്മോടു കൂടെയുണ്ട്; യാക്കോബിന്റെ ദൈവമാണു നമ്മുടെ അഭയം.

(1) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
(2) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) സൈന്യങ്ങളുടെ കർത്താവു നമ്മോടുകൂടെയുണ്ട്; യാക്കോബിന്റെ ദൈവമാണു നമ്മുടെ അഭയം.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : ദൈവത്തെ അന്വേഷിച്ച് അവിടുത്തോടൊപ്പം ആയിരിക്കുവാനുള്ള അനുഗ്രഹത്തിനായി വി. ബെനഡിക്ടിനോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L : ഓ! എന്റെ ദൈവമെ എന്റെ ആത്മാവ് അങ്ങേയ്ക്കായി ദാഹിക്കുന്നു.
All: ഓ! എന്റെ ദൈവമെ എന്റെ ആത്മാവ് അങ്ങേയ്ക്കായി ദാഹിക്കുന്നു.

L : പിതാവെ, അങ്ങയുടെ നന്മയാൽ, അങ്ങയെ ഗ്രഹിക്കുവാനുള്ള ബുദ്ധിയും, അങ്ങയെ വിവേചിച്ചറിയുവാനുള്ള ജ്ഞാനവും മഹത്വപ്പെടുത്തുവാനുള്ള വിവേകവും എനിക്കു നൽകണമേ.

All: ഓ! എന്റെ ദൈവമെ എന്റെ ആത്മാവ് അങ്ങേയ്ക്കായി ദാഹിക്കുന്നു.

L : ദൈവമേ അങ്ങേ സ്നേഹവായ്പിനാൽ അങ്ങയെ ധ്യാനിക്കുവാനുള്ള ഹൃദയവും അങ്ങയെ ശ്രവിക്കുവാനുള്ള കാതുകളും, അങ്ങയെ ദർശിക്കുവാനുള്ള കണ്ണുകളും, അങ്ങയെ പ്രഘോഷിക്കുവാനുള്ള അധരങ്ങളും നൽകി എന്നെ അനുഗ്രഹിക്കണമേ.

All: ഓ! എന്റെ ദൈവമെ എന്റെ ആത്മാവ് അങ്ങേയ്ക്കായി ദാഹിക്കുന്നു.

L : ദൈവമെ, അങ്ങയുടെ ദയാവായ്പിനാൽ, അങ്ങയെ തേടുവാനുള്ള ശുഷ്കാന്തിയും, അങ്ങയെ കണ്ടെത്തുവാനുള്ള ജ്ഞാനവും, അങ്ങയെ ഉൾക്കൊള്ളുവാനുള്ള ആത്മ-ചൈതന്യവും എനിക്കു തരണമേ.

All: ഓ! എന്റെ ദൈവമെ എന്റെ ആത്മാവ് അങ്ങേയ്ക്കായി ദാഹിക്കുന്നു.

L : ദൈവമെ, അങ്ങയുടെ കരുണയാൽ നിത്യവും അങ്ങയോടൊത്തുള്ള സംഭാഷണത്താൽ അങ്ങയെ പ്രീതിപ്പെടുത്തുവാനും, അങ്ങേയ്ക്കായി ക്ഷമാപൂർവ്വം കാത്തിരിക്കാനും സുസ്ഥിരതയോടെ അങ്ങയെ തേടുവാനും എനിക്കു കൃപയരുളണമേ.

All: ഓ! എന്റെ ദൈവമെ എന്റെ ആത്മാവ് അങ്ങേയ്ക്കായി ദാഹിക്കുന്നു.

L : ദൈവമേ അങ്ങയുടെ പരിശുദ്ധ സാന്നിദ്ധ്യത്തിൽ സൗഭാഗ്യപൂർണ്ണമായ അന്ത്യം എനിക്കു പ്രദാനം ചെയ്യണമേ.

All: ഓ! എന്റെ ദൈവമെ എന്റെ ആത്മാവ് അങ്ങേയ്ക്കായി ദാഹിക്കുന്നു.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

All: ഓ! എന്റെ ദൈവമെ എന്റെ ആത്മാവ് അങ്ങേയ്ക്കായി ദാഹിക്കുന്നു.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All: ദൈവമെ അങ്ങേ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയി ലുമാകണമേ.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L: നമുക്കു പ്രാർത്ഥിക്കാം. ഞങ്ങളുടെ രക്ഷകനായ ദൈവമേ, ജ്ഞാനസ്നാനത്തിന്റെ ചൈതന്യത്താൽ ഞങ്ങളെ പ്രകാശത്തിന്റെ മക്കളാക്കി മാറ്റി. കർത്താവേ എന്നും അവിടുത്തെ പ്രകാശത്തിന്റെ പാതയിൽ ചരിച്ച്, സത്യത്തിനുവേണ്ടി പ്രവൃത്തിച്ച്, അങ്ങനെ ഞങ്ങളുടെ ചുറ്റുമുള്ളവർക്ക് അവിടുത്തെ സാക്ഷികളായിരി ക്കുവാൻ ഞങ്ങളെ സഹായിക്കണമേ. കർത്താവായ ക്രിസ്തുവഴി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കു മാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 8

**സങ്കീർത്തനം 26 സിറിയായിലെ വി. എഫ്രേം**

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All: അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All: ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം
All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2 സങ്കീർത്തനം 26**

(1) കർത്താവേ, എന്നെ പരിശോധിക്കുകയും പരീക്ഷിക്കുകയും ചെയ്യുക, എന്റെ ഹൃദയവും മനസ്സും ഉരച്ചുനോക്കുക.
(2) കർത്താവേ, എനിക്കു ന്യായം സ്ഥാപിച്ചു തരണമേ! എന്തെന്നാൽ ഞാൻ നിഷ്ക്കളങ്കനായി ജീവിച്ചു; ചാഞ്ചല്യമില്ലാതെ ഞാൻ കർത്താവിൽ ആശ്രയിച്ചു.

(1) അങ്ങയുടെ കാരുണ്യം എന്റെ കൺമുൻപിലുണ്ട്; അങ്ങയുടെ സത്യത്തിൽ ഞാൻ വ്യാപരിച്ചു.
(2) കപടഹൃദയരോടു ഞാൻ സഹവസിച്ചിട്ടില്ല; വഞ്ചകരോടു ഞാൻ കൂട്ടുകൂടിയിട്ടില്ല.

(1) ദുഷ്കർമ്മികളുടെ സമ്പർക്കം ഞാൻ വെറുക്കുന്നു; നീചന്മാരോടുകൂടെ ഞാൻ ഇരിക്കുകയില്ല.

(2) കർത്താവേ, നിഷ്കളങ്കതയിൽ ഞാൻ എന്റെ കൈ കഴുകുന്നു; ഞാൻ അങ്ങയുടെ ബലിപീഠത്തിനു പ്രദക്ഷിണം വയ്ക്കുന്നു.

(1) ഞാൻ ഉച്ചത്തിൽ കൃതജ്ഞതാസ്തോത്രം ആലപിക്കുന്നു; അവിടുത്തെ അത്ഭുതകരമായ സകല പ്രവൃത്തികളെയും ഞാൻ പ്രഘോഷിക്കുന്നു.

(2) കർത്താവേ, അങ്ങു വസിക്കുന്ന ആലയവും അങ്ങയുടെ മഹത്വത്തിന്റെ ഇരിപ്പിടവും എനിക്കു പ്രിയങ്കരമാണ്.

(1) പാപികളോടുകൂടെ എന്റെ ജീവനെ തൂത്തെറിയരുതേ! രക്തദാഹികളോടുകൂടെ എന്റെ പ്രാണനെയും.

(2) അവരുടെ കൈകളിൽ കുതന്ത്രങ്ങളാണ്; അവരുടെ വലത്തുകൈ കോഴ കൊണ്ടു നിറഞ്ഞിരിക്കുന്നു.

(1) ഞാനോ നിഷ്കളങ്കതയിൽ വ്യാപരിക്കുന്നു; എന്നെ രക്ഷിക്കുകയും എന്നോടു കരുണകാണിക്കുകയും ചെയ്യണമേ!

(2) നിരപ്പായ ഭൂമിയിൽ ഞാൻ നിലയുറപ്പിച്ചിരിക്കുന്നു; മഹാസഭയിൽ ഞാൻ കർത്താവിനെ വാഴ്ത്തും.

(1) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(2) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) കർത്താവേ, എന്നെ പരിശോധിക്കുകയും പരീക്ഷിക്കുകയും ചെയ്യുക, എന്റെ ഹൃദയവും മനസ്സും ഉരച്ചുനോക്കുക.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : നമ്മുടെ ബലഹീനതയിൽ ശക്തിപ്രാപിക്കാൻ സിറിയായിലെ വി. എഫ്രേമിനോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L: കർത്താവേ, പാപിയായ എന്നിൽ കനിയണമേ.
All: കർത്താവേ, പാപിയായ എന്നിൽ കനിയണമേ.

L : കർത്താവായ യേശുക്രിസ്തുവേ, രാജാക്കൻമാരുടെ രാജാവേ, അങ്ങേയ്ക്കാണല്ലോ ജീവന്റെയും മരണത്തിന്റേയും മേൽ അധികാരം.

All: കർത്താവേ, പാപിയായ എന്നിൽ കനിയണമേ.

L : കർത്താവേ, അസ്ഥിരവും അവ്യക്തവുമായ കാര്യങ്ങൾ പോലും അങ്ങറിയുന്നുവല്ലോ. ഞങ്ങളുടെ ഭാവനകളും ചിന്ത കളും അങ്ങിൽ നിന്ന് മറയ്ക്കപ്പെടുകയില്ല.

All: കർത്താവേ, പാപിയായ എന്നിൽ കനിയണമേ.

L : ദൈവമേ എന്റെ രഹസ്യപാപങ്ങളെ നീ തുടച്ചു വെടിപ്പാക്ക ണമേ. എന്തുകൊണ്ടെന്നാൽ ഞാൻ അങ്ങയുടെ മുൻപിൽ തെറ്റു ചെയ്തു.

All: കർത്താവേ, പാപിയായ എന്നിൽ കനിയണമേ.

L : എന്റെ ആത്മാവിലും ശരീരത്തിലും ഞാൻ എത്രയോ ബല ഹീനനാണെന്ന് അങ്ങറിയുന്നുവല്ലോ.

All: കർത്താവേ, പാപിയായ എന്നിൽ കനിയണമേ.

L : ഓ! നാഥാ, എന്റെ ബലഹീനതയിൽ എന്നെ ശക്തിപ്പെടുത്ത ണമേ. എന്റെ സഹനവേളകളിൽ എന്നെ താങ്ങണമേ.

All: കർത്താവേ, പാപിയായ എന്നിൽ കനിയണമേ.

L : ദൈവമേ, വിവേകപൂർണ്ണമായ തീരുമാനമെടുക്കുവാൻ എനിക്ക് കൃപ നൽകണമേ. അങ്ങേ അനുഗ്രഹങ്ങൾ ഞാനൊരിക്കലും മറക്കാക്കാതിരിക്കട്ടെ.

All: കർത്താവേ, പാപിയായ എന്നിൽ കനിയണമേ.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

All: കർത്താവേ, പാപിയായ എന്നിൽ കനിയണമേ.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾ ക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All: കർത്താവേ, അങ്ങയുടെ സ്നേഹത്താൽ ഞങ്ങളെ നിറയ്ക്ക ണമേ.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L: നമുക്കു പ്രാർത്ഥിക്കാം. കർത്താവായ ദൈവമേ, അവിടുത്തെ അറിയാത്തവരിലേക്കും അങ്ങയുടെ വചനത്തിന്റെ പ്രകാശം അവിടുന്നു വ്യാപിപ്പിച്ചുവല്ലോ. ദൈവമേ അവിടുന്ന് ഞങ്ങൾക്കായി നൽകിയ വിശ്വാസം ഞങ്ങളുടെ ഹൃദയത്തിൽ ഉറപ്പിക്കണമേ . അങ്ങുവഴി അവിടുത്തെ ആത്മാവ്, ഞങ്ങളിൽ കൊളുത്തിയ അഗ്നിയെ കെടുത്തുന്ന യാതൊരുവിധ പരീക്ഷകളിലും ഞങ്ങൾ ഉൾപ്പെടാതിരിക്കട്ടെ. അങ്ങേപുത്രനായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കു മാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 9

**സങ്കീർത്തനം 51 വി. ഫ്രാൻസിസ് ദെ സെയിൽസ്**

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All: അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All: ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം
All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2 സങ്കീർത്തനം 51**

(1) ദൈവമേ, നിർമ്മലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ! അചഞ്ചലമായ ഒരു നവചൈതന്യം എന്നിൽ നിക്ഷേപിക്കണമേ!
(2) അങ്ങയുടെ സന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ! അങ്ങയുടെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുത്തുകളയരുതേ!

(1) ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്ത് എന്നോടു ദയ തോന്നണമേ! അങ്ങയുടെ കാരുണ്യാതിരേകത്തിനൊത്ത് എന്റെ അതിക്രമങ്ങൾ മായിച്ചുകളയണമേ!
(2) എന്റെ അകൃത്യം നിശ്ശേഷം കഴുകിക്കളയണമേ! എന്റെ പാപത്തിൽനിന്ന് എന്നെ ശുദ്ധീകരിക്കണമേ!

(1) എന്റെ അതിക്രമങ്ങൾ ഞാനറിയുന്നു, എന്റെ പാപം എപ്പോഴും എന്റെ കൺമുൻപിലുണ്ട്.

(2) അങ്ങേക്കെതിരായി, അങ്ങേക്കു മാത്രമെതിരായി, ഞാൻ പാപം ചെയ്തു; അങ്ങയുടെ മുൻപിൽ ഞാൻ തിന്മ പ്രവർത്തിച്ചു; അതുകൊണ്ട് അങ്ങയുടെ വിധിനിർണ്ണയത്തിൽ അങ്ങു നീതിയുക്തനാണ്; അങ്ങയുടെ വിധിവാചകം കുറ്റമറ്റതാണ്.

(1) പാപത്തോടെയാണു ഞാൻ പിറന്നത്; അമ്മയുടെ ഉദരത്തിൽ ഉരുവായപ്പോഴേ ഞാൻ പാപിയാണ്

(2) ഹൃദയപരമാർത്ഥതയാണ് അങ്ങ് ആഗ്രഹിക്കുന്നത്; ആകയാൽ എന്റെ അന്തഃരംഗത്തിൽ ജ്ഞാനം പകരണമേ!

(1) ഹിസോപ്പുകൊണ്ട് എന്നെ പവിത്രീകരിക്കണമേ! ഞാൻ നിർമ്മലനാകും: എന്നെ കഴുകണമേ! ഞാൻ മഞ്ഞിനെക്കാൾ വെൺമയുള്ളവനാകും.

(2) എന്നെ സന്തോഷഭരിതനാക്കണമേ! അവിടുന്നുതകർത്ത എന്റെ അസ്ഥികൾ ആനന്ദിക്കട്ടെ!

(1) എന്റെ പാപങ്ങളിൽ നിന്നു മുഖം മറയ്ക്കണമേ! എന്റെ അകൃത്യങ്ങൾ മായിച്ചുകളയണമേ!

(2) ദൈവമേ, നിർമലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ! അചഞ്ചലമായ ഒരു നവചൈതന്യം എന്നിൽ നിക്ഷേപിക്കണമേ!

(1) അങ്ങയുടെ സന്നിധിയിൽനിന്ന് എന്നെ തള്ളിക്കളയരുതേ! അങ്ങയുടെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുത്തുകളയരുതേ!

(2) അങ്ങയുടെ രക്ഷയുടെ സന്തോഷം എനിക്കു വീണ്ടും തരണമേ! ഒരുക്കമുള്ള ഹൃദയം നൽകി എന്നെ താങ്ങണമേ!

(1) അപ്പോൾ അതിക്രമികളെ ഞാൻ അങ്ങയുടെ വഴി പഠിപ്പിക്കും; പാപികൾ അങ്ങയിലേക്കു തിരിച്ചുവരും.

(2) ദൈവമേ, എന്റെ രക്ഷയുടെ ദൈവമേ, രക്തപാതകത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ! ഞാൻ അങ്ങയുടെ രക്ഷയെ ഉച്ചത്തിൽ പ്രകീർത്തിക്കും.

(1) കർത്താവേ, എന്റെ അധരങ്ങളെ തുറക്കണമേ! എന്റെ നാവ് അങ്ങയുടെ സ്തുതികൾ ആലപിക്കും.

(2) ബലികളിൽ അങ്ങു പ്രസാദിക്കുന്നില്ല; ഞാൻ ദഹനബലി അർപ്പിച്ചാൽ അങ്ങു സന്തുഷ്ടനാവുകയുമില്ല.

(1) ഉരുകിയ മനസ്സാണു ദൈവത്തിനു സ്വീകാര്യമായ ബലി; ദൈവമേ, നുറുങ്ങിയ ഹൃദയത്തെ അങ്ങു നിരസിക്കുകയില്ല.
(2) അങ്ങു പ്രസാദിച്ചു സീയോനു നന്മ ചെയ്യണമേ! ജറുസലെമിന്റെ കോട്ടകൾ പുതുക്കിപ്പണിയണമേ!

(1) അപ്പോൾ അവിടുന്നു നിർദ്ദിഷ്ട ബലികളിലും ദഹനബലികളിലും സമ്പൂർണ ദഹനബലികളിലും പ്രസാദിക്കും; അപ്പോൾ അങ്ങയുടെ ബലിപീഠത്തിൽ കാളകൾ അർപ്പിക്കപ്പെടും.
(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) ദൈവമേ, നിർമ്മലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ! അചഞ്ചലമായ ഒരു നവചൈതന്യം എന്നിൽ നിക്ഷേപിക്കണമേ!

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L: വി. ഫ്രാൻസിസ് ദെ സെയിൽസിനോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L: കർത്താവേ, എന്റെ ആത്മാവ് അങ്ങയുടേതാകുന്നു. ഞാൻ അങ്ങയാൽ മാത്രം ജീവിക്കും.
All: കർത്താവേ, എന്റെ ആത്മാവ് അങ്ങയുടേതാകുന്നു. ഞാൻ അങ്ങയാൽ മാത്രം ജീവിക്കും.

L: നാഥാ, ഞാൻ അങ്ങയുടേതാകുന്നു. ഞാൻ മറ്റാരുടേതുമല്ല. ഞാൻ അങ്ങേയ്ക്കു മാത്രം സ്വന്തമായിരിക്കും.
All: കർത്താവേ, എന്റെ ആത്മാവ് അങ്ങയുടേതാകുന്നു. ഞാൻ അങ്ങയാൽ മാത്രം ജീവിക്കും.

L: ദൈവമേ, ഞാൻ അങ്ങേയ്ക്കുവേണ്ടി മാത്രം സ്നേഹിക്കും, എന്റെ എല്ലാ ആഗ്രഹങ്ങളും അങ്ങയുടേതാകുന്നു.
All: കർത്താവേ, എന്റെ ആത്മാവ് അങ്ങയുടേതാകുന്നു. ഞാൻ അങ്ങയാൽ മാത്രം ജീവിക്കും.

L: ദൈവമേ, ഞാൻ അങ്ങിൽ നിന്നാകയാൽ എന്റെ ആദികാരണമായി ഞാൻ അങ്ങയെ സ്നേഹിക്കും.
All: കർത്താവേ, എന്റെ ആത്മാവ് അങ്ങയുടേതാകുന്നു. ഞാൻ അങ്ങയാൽ മാത്രം ജീവിക്കും.

L: ദൈവമേ ഞാൻ അങ്ങേയ്ക്കുവേണ്ടി മാത്രമാകയാൽ എന്റെ അവസാനവും നിത്യവിശ്രമവുമായി ഞാൻ അങ്ങയെ സ്നേഹിക്കും.
All: കർത്താവേ, എന്റെ ആത്മാവ് അങ്ങയുടേതാകുന്നു. ഞാൻ അങ്ങയാൽ മാത്രം ജീവിക്കും.

L: എന്റെ അസ്തിത്വത്തിന്റെ നിലനിൽപ് അങ്ങയിൽ ആകയാൽ ഞാൻ എന്നെക്കാൾ ഉപരിയായി അങ്ങയെ സ്നേഹിക്കും.
All: കർത്താവേ, എന്റെ ആത്മാവ് അങ്ങയുടേതാകുന്നു. ഞാൻ അങ്ങയാൽ മാത്രം ജീവിക്കും.

L: ഞാൻ പൂർണ്ണമായും അങ്ങയുടേതും അങ്ങിലും ആകയാൽ ഞാൻ എന്നെക്കാളധികമായി അങ്ങയെ സ്നേഹിക്കും.
All: കർത്താവേ, എന്റെ ആത്മാവ് അങ്ങയുടേതാകുന്നു. ഞാൻ അങ്ങയാൽ മാത്രം ജീവിക്കും.

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
All: കർത്താവേ, എന്റെ ആത്മാവ് അങ്ങയുടേതാകുന്നു. ഞാൻ അങ്ങയാൽ മാത്രം ജീവിക്കും.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:
All: പിതാവേ, ഞങ്ങളുടെ സമാധാനം അങ്ങയിൽ ആയിരിക്കട്ടെ.

സ്വയംപ്രേരിതപ്രാർത്ഥനകൾ

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം.
All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ...

L: നമുക്ക് പ്രാർത്ഥിക്കാം. സർവ്വശക്തനായ ദൈവമേ ഈ പ്രാർത്ഥനയിൽ ഞങ്ങളുടെ എല്ലാ സ്തുതികളും അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു. സകല വിശുദ്ധരോടും കൂടെ അവിടുത്തെ രാജ്യം ഞങ്ങൾക്ക് അനുവദിക്കണമേ. ഏറ്റവും ആനന്ദത്തോടുകൂടി അങ്ങേ സ്തുതിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. അങ്ങേ പുത്രനായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 10

**സങ്കീർത്തനം 118 വി. ഫ്രാൻസിസ് അസീസി**

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All: ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All: അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All: ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം
All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2 സങ്കീർത്തനം 118**

(1) കർത്താവിനു കൃതജ്ഞത അർപ്പിക്കുവിൻ; അവിടുന്നു നല്ലവ നാണ്; അവിടുത്തെ കാരുണ്യം എന്നേക്കും നിലനിൽക്കുന്നു.
(2) അവിടുത്തെ കാരുണ്യം ശാശ്വതമാണെന്ന് ഇസ്രായേൽ പറയട്ടെ!

(1) അവിടുത്തെ കാരുണ്യം ശാശ്വതമാണെന്ന് അഹറോന്റെ ഭവനം പറയട്ടെ!
(2) അവിടുത്തെ കാരുണ്യം ശാശ്വതമാണെന്ന് കർത്താവിന്റെ ഭക്തന്മാർ പറയട്ടെ!

(1) ദുരിതങ്ങളിൽ അകപ്പെട്ടപ്പോൾ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചു; എന്റെ പ്രാർത്ഥന കേട്ട് അവിടുന്ന് എന്നെ മോചിപ്പിച്ചു.
(2) കർത്താവ് എന്റെ പക്ഷത്തുണ്ട്, ഞാൻ ഭയപ്പെടുകയില്ല; മനുഷ്യന് എന്നോട് എന്തുചെയ്യാൻ കഴിയും?

(1) എന്നെ സഹായിക്കാൻ കർത്താവ് എന്റെ പക്ഷത്തുണ്ട്; ഞാൻ എന്റെ ശത്രുക്കളുടെ പതനം കാണും.
(2) മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ കർത്താവിൽ അഭയം തേടുന്നതു നല്ലത്.

(1) ജനതകൾ എന്നെ വലയം ചെയ്തു; കർത്താവിന്റെ നാമത്തിൽ ഞാനവരെ നശിപ്പിച്ചു.
(2) അവരെന്നെ വലയംചെയ്തു; എല്ലാവശത്തും നിന്ന് അവരെന്നെ വളഞ്ഞു; കർത്താവിന്റെ നാമത്തിൽ ഞാനവരെ വിച്ഛേദിച്ചു.
(1) തേനീച്ചപോലെ അവരെന്നെ പൊതിഞ്ഞു; മുൾപ്പടർപ്പിനു പിടിച്ച തീപോലെ അവർ ആളിക്കത്തി; കർത്താവിന്റെ നാമത്തിൽ ഞാനവരെ വിച്ഛേദിച്ചു.

(2) അവർ തള്ളിക്കയറി; ഞാൻ വീഴുമായിരുന്നു; എന്നാൽ, കർത്താവ് എന്റെ സഹായത്തിനെത്തി.
(1) കർത്താവ് എന്റെ ബലവും എന്റെ ഗാനവുമാണ്; അവിടുന്ന് എനിക്കു രക്ഷ നൽകി.

(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ.

(1) & (2) കർത്താവിനു കൃതജ്ഞത അർപ്പിക്കുവിൻ; അവിടുന്നു നല്ലവനാണ്; അവിടുത്തെ കാരുണ്യം എന്നേക്കും നിലനിൽക്കുന്നു.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : വി. ഫ്രാൻസിസ് അസീസിയുടെ വാക്കുകളിൽ, സർവ്വചരാചരങ്ങളോടൊന്നു ചേർന്ന് നമുക്കു ദൈവത്തെ സ്തുതിക്കാം.
L : എന്റെ ദൈവമേ, സർവ്വചരാചരങ്ങളോടൊന്നു ചേർന്ന്, ഞങ്ങളങ്ങയെ സ്തുതിക്കുന്നു.

All: എന്റെ ദൈവമേ, സർവ്വചരാചരങ്ങളോടൊന്നു ചേർന്ന്, ഞങ്ങള ങ്ങയെ സ്തുതിക്കുന്നു.

L : എന്റെ ദൈവമേ, അതിമോഹന ശോഭ പരത്തി, പകലും വെളിച്ചവും ഞങ്ങളിലേക്ക് എത്തിക്കുന്ന സൂര്യസഹോദരനോടും സർവ്വചരാചരങ്ങളോടും ഒന്നുചേർന്ന് ഞങ്ങളങ്ങയെ സ്തുതിക്കുന്നു.

All: എന്റെ ദൈവമേ, സർവ്വചരാചരങ്ങളോടൊന്നു ചേർന്ന്, ഞങ്ങ ളങ്ങയെ സ്തുതിക്കുന്നു.

L : ആകാശവിതാനത്ത് നിർമ്മല സൗന്ദര്യത്തോടെ പ്രശോഭിക്കുന്ന ചന്ദ്രസഹോദരിയോടും, നക്ഷത്രങ്ങളോടും ചേർന്ന് ഞങ്ങളങ്ങയെ സ്തുതിക്കുന്നു.

All: എന്റെ ദൈവമേ, സർവ്വചരാചരങ്ങളോടൊന്നു ചേർന്ന്, ഞങ്ങള ങ്ങയെ സ്തുതിക്കുന്നു.

L : എന്റെ സഹോദരനായ കാറ്റിനോടും, വായു, മേഘം, തുടങ്ങിയ പ്രകൃതിശക്തികളോടും ചേർന്ന്.

All: എന്റെ ദൈവമേ, സർവ്വചരാചരങ്ങളോടൊന്നു ചേർന്ന്, ഞങ്ങ ളങ്ങയെ സ്തുതിക്കുന്നു.

L : ഏറെ ഉപയോഗപ്രദവും, ശുദ്ധവും, അമൂല്യവും, ലാളിത്യവുമാർന്ന സഹോദരി ജലത്തോടും ചേർന്ന്, ദൈവമേ ഞങ്ങള ങ്ങയെ സ്തുതിക്കുന്നു.

All: എന്റെ ദൈവമേ, സർവ്വചരാചരങ്ങളോടൊന്നു ചേർന്ന്, ഞങ്ങള ങ്ങയെ സ്തുതിക്കുന്നു.

L : അന്ധകാരത്തിൽ പ്രകാശം പരത്തുന്ന, ശക്തനും പ്രസന്നനും ശോഭയാർന്നവനുമായ അഗ്നി സഹോദരനോട് ചേർന്ന് ദൈവമേ ഞങ്ങളങ്ങയെ സ്തുതിക്കുന്നു.

All: എന്റെ ദൈവമേ, സർവ്വചരാചരങ്ങളോടൊന്നു ചേർന്ന്, ഞങ്ങള ങ്ങയെ സ്തുതിക്കുന്നു.

L : മാതൃലാളനയോടെ ഞങ്ങളെ നിലനിർത്തുകയും കാത്തു പരിപാലിക്കുകയും വർണ്ണവൈവിദ്ധ്യമാർന്ന ഫലപുഷ്പലതാദികൾ ഞങ്ങൾക്കായി ഒരുക്കുകയും ചെയ്യുന്ന ഭൂമി സഹോദരിയോടു ചേർന്ന്, ദൈവമേ ഞങ്ങളങ്ങയെ സ്തുതിക്കുന്നു.

All: എന്റെ ദൈവമേ, സർവ്വചരാചരങ്ങളോടൊന്നു ചേർന്ന്, ഞങ്ങള ങ്ങയെ സ്തുതിക്കുന്നു.

L : എല്ലാ സ്തുതിക്കും പുകഴ്ചയ്ക്കും ശുശ്രൂഷകൾക്കും യോഗ്യനായ എന്റെ ദൈവമേ, ഏറ്റവും എളിമയോടുകൂടെ ഞാനങ്ങേക്ക് നന്ദി പറയുന്നു.

All: എന്റെ ദൈവമേ, സർവ്വചരാചരങ്ങളോടൊന്നു ചേർന്ന്, ഞങ്ങളങ്ങയെ സ്തുതിക്കുന്നു.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

All: എന്റെ ദൈവമേ, സർവ്വചരാചരങ്ങളോടൊന്നു ചേർന്ന്, ഞങ്ങളങ്ങയെ സ്തുതിക്കുന്നു.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി

All : കർത്താവേ, അവിടുത്തെ സ്നേഹത്താൽ ഞങ്ങളെ നിറയ്ക്കണമേ.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

L: നമുക്കു പ്രാർത്ഥിക്കാം. കർത്താവായ ദൈവമേ, അവിടുത്തെ അറിയാത്തവരിലേക്കും അങ്ങയുടെ വചനത്തിന്റെ പ്രകാശം അവിടുന്നു വ്യാപിപ്പിച്ചുവല്ലോ. ദൈവമേ അവിടുന്ന് ഞങ്ങൾക്കായി നൽകിയ വിശ്വാസം ഞങ്ങളുടെ ഹൃദയത്തിൽ ഉറപ്പിക്കണമേ. അങ്ങുവഴി അവിടുത്തെ ആത്മാവ് ഞങ്ങളിൽ കൊളുത്തിയ അഗ്നിയെ കെടുത്തുന്ന യാതൊരുവിധ പരീക്ഷകളിലും ഞങ്ങൾ ഉൾപ്പെടാതിരിക്കട്ടെ. അങ്ങേപുത്രനായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപന ഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 11

സങ്കീർത്തനം 19    വി. ജോൺ മരിയ വിയാനി

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2. സങ്കീർത്തനം 19**

(1) ആകാശം ദൈവത്തിന്റെ മഹത്വംപ്രഘോഷിക്കുന്നു; വാന വിതാനം അവിടുത്തെ കരവേലയെവിളംബരം ചെയ്യുന്നു.

(2) പകൽ പകലിനോട് അവിരാമം സംസാരിക്കുന്നു; രാത്രി, രാത്രിക്കു വിജ്ഞാനം പകരുന്നു. ഭാഷണമില്ല, വാക്കുകളില്ല, ശബ്ദംപോലും കേൾക്കാനില്ല.

(1) എന്നിട്ടും അവയുടെ സ്വരം ഭൂമിയിലെങ്ങും വ്യാപിക്കുന്നു; അവയുടെ വാക്കുകൾ ലോകത്തിന്റെ അതിർത്തിയോളം എത്തുന്നു; അവിടെ സൂര്യന് ഒരു കൂടാരം അവിടുന്ന് നിർമ്മിച്ചിരിക്കുന്നു.

(2) മണവറയിൽനിന്നു മണവാളനെന്നപോലെ സൂര്യൻ അതിൽ നിന്നു പുറത്തുവരുന്നു; മല്ലനെപ്പോലെ പ്രസന്നതയോടെ അവൻ ഓട്ടം ആരംഭിക്കുന്നു.

(1) ആകാശത്തിൻെറ ഒരറ്റത്ത് അവൻ ഉദിക്കുന്നു; മറ്റേയറ്റത്ത് അവൻെറ അയനം പൂർത്തിയാകുന്നു; അവൻെറ ചൂടിൽനിന്ന് ഒളിക്കാൻ ഒന്നിനും കഴിയുകയില്ല.

(2) കർത്താവിൻെറ നിയമം അവികലമാണ്; അത് ആത്മാവിനു പുതുജീവൻ പകരുന്നു. കർത്താവിൻെറ സാക്ഷ്യം വിശ്വാസ്യമാണ്; അതു വിനീതരെ വിജ്ഞാനികളാക്കുന്നു:

(1) കർത്താവിൻെറ കൽപനകൾ നീതിയുക്തമാണ്; അവ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു; കർത്താവിൻെറ പ്രമാണം വിശുദ്ധമാണ്; അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു.

(2) ദൈവഭക്തി നിർമലമാണ്; അത് എന്നേക്കും നിലനിൽക്കുന്നു; കർത്താവിൻെറ വിധികൾ സത്യമാണ്; അവ തികച്ചും നീതിപൂർണമാണ്.

(1) അവ പൊന്നിനെയും തങ്കത്തെയുംകാൾ അഭികാമ്യമാണ്; അവ തേനിനെയും തേൻകട്ടയെയുംകാൾ മധുരമാണ്.

(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) ആകാശം ദൈവത്തിൻെറ മഹത്വംപ്രഘോഷിക്കുന്നു; വാനവിതാനം അവിടുത്തെ കരവേലയെവിളംബരം ചെയ്യുന്നു.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : ദൈവത്തെ നിത്യമായി സ്നേഹിക്കാൻ വി. ജോൺ മരിയ വിയാനിയോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L : ദൈവമേ ഞാനങ്ങയെ സ്നേഹിക്കുന്നു. നിത്യമായി അങ്ങയെ സ്നേഹിക്കുവാനുള്ള കൃപ എനിക്കു നൽകണമേ.

All : ദൈവമേ ഞാനങ്ങയെ സ്നേഹിക്കുന്നു. നിത്യമായി അങ്ങയെ സ്നേഹിക്കുവാനുള്ള കൃപ എനിക്കു നൽകണമേ.

L : ദൈവമേ, എന്റെ സ്നേഹമേ, എന്റെ ജീവിതത്തിന്റെ ഏക ലക്ഷ്യം ഇതു മാത്രമാകുന്നു. എന്റെ അവസാനശ്വാസം വരെയും അങ്ങയെ സ്നേഹിക്കുക.

All : ദൈവമേ ഞാനങ്ങയെ സ്നേഹിക്കുന്നു. നിത്യമായി അങ്ങയെ സ്നേഹിക്കുവാനുള്ള കൃപ എനിക്കു നൽകണമേ.

L : അനന്തസ്നേഹത്തിനു യോഗ്യനായ എന്റെ ദൈവമേ, ഞാന ങ്ങയെ സ്നേഹിക്കുന്നു. അങ്ങയെ സ്നേഹിക്കാതെ ജീവി ക്കുന്നതിനേക്കാൾ അങ്ങയുടെ സ്നേഹത്തിൽ മരിക്കുവാനാണ് എന്റെ ആഗ്രഹം.

All: ദൈവമേ ഞാനങ്ങയെ സ്നേഹിക്കുന്നു. നിത്യമായി അങ്ങയെ സ്നേഹിക്കുവാനുള്ള കൃപ എനിക്കു നൽകണമേ.

L : എന്റെ ദൈവമേ ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു പറ യുവാൻ എന്റെ നാവ് അശക്തമാകുമ്പോൾ, ഓരോ നിശ്വാസ ത്തിലും എന്റെ ഹൃദയം അതു മന്ത്രിക്കട്ടെ.

All: ദൈവമേ ഞാനങ്ങയെ സ്നേഹിക്കുന്നു. നിത്യമായി അങ്ങയെ സ്നേഹിക്കുവാനുള്ള കൃപ എനിക്കു നൽകണമേ.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: ദൈവമേ ഞാനങ്ങയെ സ്നേഹിക്കുന്നു. നിത്യമായി അങ്ങയെ സ്നേഹിക്കുവാനുള്ള കൃപ എനിക്കു നൽകണമേ.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾ ക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All: കർത്താവേ, അങ്ങയുടെ സ്നേഹത്താൽ ഞങ്ങളെ നിറയ്ക്ക ണമേ.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L: നമുക്ക് പ്രാർത്ഥിക്കാം സർവ്വശക്തനായ ദൈവമേ ഞങ്ങളുടെ പിതാവേ, ഇതാ ഒരു ദിവസവും കൂടി കാണുവാൻ അവിടുന്ന്

ഞങ്ങളെ അനുവദിച്ചു. കർത്താവേ, ഈ ദിവസം മുഴുവനും അവിടുത്തെ ശക്തിയാൽ ഞങ്ങളെ സംരക്ഷിക്കണമേ. യാതൊരുവിധ പാപത്തിലേക്കും തിരിയുവാൻ ഞങ്ങളെ അനുവദിക്കരുതേ. കർത്താവേ അങ്ങയുടെ ദൃഷ്ടിയിൽ അങ്ങയെ പ്രസാദിപ്പിക്കുന്നവ മാത്രം ലക്ഷ്യം വച്ചുകൊണ്ട് ഞങ്ങളുടെ എല്ലാ ചിന്തകളും വാക്കുകളും പ്രവൃത്തികളും മാറുവാൻ ഇടയാക്കണമേ. അങ്ങേ പുത്രനായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കു മാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 12

**സങ്കീർത്തനം 144 വി. ചാൾസ് ബൊറോമിയ**

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2. സങ്കീർത്തനം 144**

(1) ദൈവമേ, ഞാൻ അങ്ങേയ്ക്കു പുതിയ കീർത്തനം പാടും. ദശതന്ത്രീനാദത്തോടെ ഞാൻ അങ്ങയെ പുകഴ്ത്തും.
(2) അങ്ങാണു രാജാക്കൻമാർക്കു വിജയം നൽകുകയും അങ്ങയുടെ ദാസനായ ദാവീദിനെ രക്ഷിക്കുകയും ചെയ്യുന്നത്.

(1) എന്റെ അഭയശിലയായ കർത്താവു വാഴ്ത്തപ്പെടട്ടെ! യുദ്ധം ചെയ്യാൻ എന്റെ കൈകളെയും പടപൊരുതാൻ എന്റെ വിരലുകളെയും അവിടുന്നു പരിശീലിപ്പിക്കുന്നു.
(2) അവിടുന്നാണ് എന്റെ അഭയശിലയും, ദുർഗവും, ശക്തികേന്ദ്രവും; എന്റെ വിമോചകനും പരിചയും ആയ അങ്ങയിൽ ഞാൻ ആശ്രയിക്കുന്നു; അവിടുന്നു ജനതകളെ കീഴടക്കുന്നു.

(1) കർത്താവേ, അവിടുത്തെ ചിന്തയിൽവരാൻ മർത്യന് എന്തു മേന്മയുണ്ട്? അവിടുത്തെ പരിഗണന ലഭിക്കാൻ മനുഷ്യ പുത്രന് എന്ത് അർഹതയുണ്ട്?
(2) മനുഷ്യൻ ഒരു ശ്വാസത്തിനു തുല്യനാണ്; അവൻെറ ദിനങ്ങൾ മാഞ്ഞുപോകുന്ന നിഴൽപോലെയാകുന്നു.

(1) കർത്താവേ, അങ്ങ് ആകാശം ചായിച്ച് ഇറങ്ങിവരണമേ! പർവ്വതങ്ങളെ സ്പർശിക്കണമേ! അവ പുകയട്ടെ!
(2) ഇടിമിന്നലയച്ച് അവരെ ചിതറിക്കണമേ! അസ്ത്രങ്ങളയച്ച് അവരെ തുരത്തണമേ!

(1) ഉന്നതത്തിൽനിന്നു കൈനീട്ടി എന്നെ രക്ഷിക്കണമേ! പെരുവെള്ളത്തിൽനിന്ന്, ജനതകളുടെ കൈയിൽനിന്ന്, എന്നെ രക്ഷിക്കണമേ!
(2) അവരുടെ നാവു വ്യാജം പറയുന്നു; അവർ വലത്തു കൈയുയർത്തി കള്ളസത്യം ചെയ്യുന്നു.

(1) ക്രൂരമായ വാളിൽനിന്ന് എന്നെ രക്ഷിക്കണമേ! ജനതകളുടെ കൈയിൽനിന്ന് എന്നെ മോചിപ്പിക്കണമേ! അവരുടെ നാവു വ്യാജം പറയുന്നു; അവർ വലത്തുകൈയുയർത്തി കള്ളസത്യം ചെയ്യുന്നു.
(2) ഞങ്ങളുടെ പുത്രൻമാർ മുളയിലെ തഴച്ചുവളരുന്ന സസ്യം പോലെയും ഞങ്ങളുടെ പുത്രിമാർ കൊട്ടാരത്തിനുവേണ്ടി കൊത്തിയെടുത്ത സ്തംഭംപോലെയും ആയിരിക്കട്ടെ!

(1) ഞങ്ങളുടെ അറപ്പുരകൾ എല്ലാത്തരം ധാന്യങ്ങളുംകൊണ്ടു നിറഞ്ഞിരിക്കട്ടെ! ഞങ്ങളുടെ ആടുകൾ ഞങ്ങളുടെ വയലുകളിൽ ആയിരങ്ങളും പതിനായിരങ്ങളുമായി പെരുകട്ടെ!
(2) ഞങ്ങളുടെ കന്നുകാലികൾ വന്ധ്യതയോ അകാലപ്രസവമോ ഇല്ലാതെ വർധിക്കട്ടെ! ഞങ്ങളുടെ തെരുവീഥികളിൽ ദീനരോദനം കേൾക്കാതിരിക്കട്ടെ!

(1) ഇപ്രകാരം അനുഗ്രഹം ലഭിച്ച ജനത ഭാഗ്യമുള്ളത്, കർത്താവു ദൈവമായുള്ള ജനത ഭാഗ്യമുള്ളത്.
(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) ദൈവമേ, ഞാൻ അങ്ങേയ്ക്കു പുതിയ കീർത്തനം പാടും. ദശതന്ത്രീനാദത്തോടെ ഞാൻ അങ്ങയെ പുകഴ്ത്തും.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : വി. ചാൾസ് ബൊറോമിയയോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L : ദൈവമേ, അങ്ങയുടെ ജീവിത രഹസ്യങ്ങളെ സ്നേഹിക്കുവാനും അങ്ങയുടെ ഹിതമനുസരിച്ചു ജീവിക്കുവാനുമായി എന്റെ ഹൃദയത്തെ രൂപപ്പെടുത്തണമേ.

All: ദൈവമേ, അങ്ങയുടെ ജീവിത രഹസ്യങ്ങളെ സ്നേഹിക്കുവാനും അങ്ങയുടെ ഹിതമനുസരിച്ചു ജീവിക്കുവാനുമായി എന്റെ ഹൃദയത്തെ രൂപപ്പെടുത്തണമേ.

L : സർവ്വശക്തനായ ദൈവമേ, അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിലൂടെ പരിശുദ്ധാത്മാവിൽ അങ്ങയുടെ ജീവിതരഹസ്യങ്ങൾ മാനവകുലത്തിന് വെളിപ്പെടുത്തുവാൻ അവിടുന്ന് തിരുമനസ്സായല്ലോ.

All: ദൈവമേ, അങ്ങയുടെ ജീവിത രഹസ്യങ്ങളെ സ്നേഹിക്കുവാനും അങ്ങയുടെ ഹിതമനുസരിച്ചു ജീവിക്കുവാനുമായി എന്റെ ഹൃദയത്തെ രൂപപ്പെടുത്തണമേ.

L : ദൈവമേ, അങ്ങേ തിരുസഭ പരിപാവനമായി സൂക്ഷിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ഈ ദിവ്യരഹസ്യങ്ങൾ ഗ്രഹിക്കുവാൻ എന്റെ മനസ്സിനു പ്രകാശം നൽകണമേ.

All: ദൈവമേ, അങ്ങയുടെ ജീവിത രഹസ്യങ്ങളെ സ്നേഹിക്കുവാനും അങ്ങയുടെ ഹിതമനുസരിച്ചു ജീവിക്കുവാനുമായി എന്റെ ഹൃദയത്തെ രൂപപ്പെടുത്തണമേ.

L : ദൈവമേ ഏറ്റവും എളിമയോടും ലാളിത്യത്തോടും നിസ്വാർത്ഥമായും ഈ വിശ്വാസത്തെ മറ്റുള്ളവരിലേക്ക് പകർന്നുകൊടുക്കുവാനുള്ള കഴിവു നൽകി എന്നെ അനുഗ്രഹിക്കണമേ.

All: ദൈവമേ, അങ്ങയുടെ ജീവിത രഹസ്യങ്ങളെ സ്നേഹിക്കുവാനും അങ്ങയുടെ ഹിതമനുസരിച്ചു ജീവിക്കുവാനുമായി എന്റെ ഹൃദയത്തെ രൂപപ്പെടുത്തണമേ.

L : കർത്താവേ, എല്ലാ സൃഷ്ടികൾക്കും വേണ്ടി അങ്ങുചെയ്ത വിസ്മയനീയമായ കാര്യങ്ങളുടെ അറിവിലേക്ക് മറ്റുള്ളവരെ കൊണ്ടുവരുവാനുള്ള അങ്ങയുടെ ഒരു ഉപകരണം മാത്രമാണ് ഞാനെന്ന തിരിച്ചറിവിലേക്ക് അവിടുന്നെന്നെ നയിക്കണമേ.

All: ദൈവമേ, അങ്ങയുടെ ജീവിത രഹസ്യങ്ങളെ സ്നേഹിക്കുവാനും അങ്ങയുടെ ഹിതമനുസരിച്ചു ജീവിക്കുവാനുമായി എന്റെ ഹൃദയത്തെ രൂപപ്പെടുത്തണമേ.

L : ദൈവമേ, അവിടുന്നെന്നെ ഭരമേൽപിച്ച ഉത്തരവാദിത്വങ്ങളോടു വിശ്വസ്തത പുലർത്താൻ അവിടുന്നെന്നെ സഹായിക്കണമേ.

All: ദൈവമേ, അങ്ങയുടെ ജീവിതരഹസ്യങ്ങളെ സ്നേഹിക്കുവാനും അങ്ങയുടെ ഹിതമനുസരിച്ചു ജീവിക്കുവാനുമായി എന്റെ ഹൃദയത്തെ രൂപപ്പെടുത്തണമേ.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: ദൈവമേ, അങ്ങയുടെ ജീവിത രഹസ്യങ്ങളെ സ്നേഹിക്കുവാനും അങ്ങയുടെ ഹിതമനുസരിച്ചു ജീവിക്കുവാനുമായി എന്റെ ഹൃദയത്തെ രൂപപ്പെടുത്തണമേ.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All: കർത്താവേ ഞാനങ്ങയെ വിളിച്ചപേക്ഷിക്കുന്നു. എനിക്കുത്തരമരുളണമേ.

(സ്വയംപ്രേരിത പ്രാർത്ഥനകൾ)

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

L: നമുക്ക് പ്രാർത്ഥിക്കാം. കർത്താവായ യേശുക്രിസ്തുവേ, ലോകത്തിന്റെ യഥാർത്ഥ വെളിച്ചമേ സകലമനുഷ്യരേയും അവരുടെ രക്ഷയെക്കുറിച്ച് അവിടുന്ന് ഉദ്ബോധിപ്പിച്ചു. കർത്താവേ നീതിയുടെയും സ്നേഹത്തിന്റെയും പാതയിലൂടെ, അവിടുത്തെ വരവിന്റെ മുന്നോടിയായി ഒരുങ്ങുവാനുള്ള കൃപയ്ക്കായി ഞങ്ങൾ

അങ്ങയോടു പ്രാർത്ഥിക്കുന്നു. ഈശോയെ പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഇപ്പോഴും എപ്പോഴും അവിടുന്ന് ജീവിക്കുകയും പാലിക്കുകയും ചെയ്യട്ടെ.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 13

**സങ്കീർത്തനം 97 വി. ഇഗ്നേഷ്യസ് ലെയോള**

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2 സങ്കീർത്തനം 97**

(1) കർത്താവു വാഴുന്നു; ഭൂമിസന്തോഷിക്കട്ടെ! ദ്വീപസമൂഹങ്ങൾ ആനന്ദിക്കട്ടെ!
(2) മേഘങ്ങളും കൂരിരുട്ടും അവിടുത്തെ ചുറ്റും ഉണ്ട്; നീതിയും ന്യായവും അവിടുത്തെ സിംഹാസനത്തിൻെറ അടിസ്ഥാനമാണ്.

(1) അഗ്നി അവിടുത്തെ മുൻപേ നീങ്ങുന്നു; അത് അവിടുത്തെ വൈരികളെ ദഹിപ്പിക്കുന്നു.

(2) അവിടുത്തെ മിന്നൽപ്പിണരുകൾ ലോകത്തെ പ്രകാശിപ്പിക്കുന്നു; ഭൂമി അതുകണ്ടു വിറകൊള്ളുന്നു.

(1) കർത്താവിന്റെ മുൻപിൽ, ഭൂമി മുഴുവന്റെയും അധിപനായ കർത്താവിന്റെ മുൻപിൽ, പർവതങ്ങൾ മെഴുകുപോലെ ഉരുകുന്നു.
(2) ആകാശം അവിടുത്തെ നീതിയെ പ്രഘോഷിക്കുന്നു; എല്ലാ ജനതകളും അവിടുത്തെ മഹത്വം ദർശിക്കുന്നു.

(1) വ്യർഥബിംബങ്ങളിൽ അഭിമാനം കൊള്ളുന്ന വിഗ്രഹാരാധകർ ലജ്ജിതരായിത്തീരുന്നു; എല്ലാ ദേവൻമാരും അവിടുത്തെ മുൻപിൽ കുമ്പിടുന്നു.
(2) സീയോൻ ഇതുകേട്ടു സന്തോഷിക്കുന്നു; യൂദായുടെ പുത്രിമാർ ആഹ്ളാദിക്കുന്നു; ദൈവമേ, അവിടുത്തെ ന്യായവിധിയിൽ അവർ ആനന്ദിക്കുന്നു.

(1) കർത്താവേ, അങ്ങ് ഭൂമി മുഴുവന്റെയും അധിപനാണ്; എല്ലാ ദേവൻമാരെയുംകാൾ ഉന്നതനാണ്.
(2) തിൻമയെ ദ്വേഷിക്കുന്നവനെ കർത്താവു സ്നേഹിക്കുന്നു; അവിടുന്നു തന്റെ ഭക്തരുടെ ജീവനെ പരിപാലിക്കുന്നു; ദുഷ്ടരുടെ കൈയിൽനിന്ന് അവരെ മോചിക്കുന്നു.

(1) നീതിമാൻമാരുടെമേൽ പ്രകാശം ഉദിച്ചിരിക്കുന്നു; പരമാർഥ ഹൃദയർക്കു സന്തോഷമുദിച്ചിരിക്കുന്നു.
(2) നീതിമാൻമാരേ, കർത്താവിൽ ആനന്ദിക്കുവിൻ, അവിടുത്തെ വിശുദ്ധനാമത്തിന് കൃതജ്ഞതയർപ്പിക്കുവിൻ.

(1) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
(2) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) കർത്താവു വാഴുന്നു; ഭൂമിസന്തോഷിക്കട്ടെ! ദ്വീപസമൂഹങ്ങൾ ആനന്ദിക്കട്ടെ!

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : ദൈവത്തിന്റെ ശ്രേയസ്സാർന്ന ആത്മാവിനായി വി. ഇഗ്നേഷ്യസ് ലയോളയോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L : കർത്താവായ യേശുവേ, ഔദാര്യത്തിന്റെ മഹനീയത എന്നെ പഠിപ്പിക്കണമേ.

All : കർത്താവായ യേശുവേ, ഔദാര്യത്തിന്റെ മഹനീയത എന്നെ പഠിപ്പിക്കണമേ.

L : ദൈവമേ, അങ്ങേയ്ക്കർഹമായ രീതിയിൽ അങ്ങയെ സേവിക്കാൻ.

All : കർത്താവായ യേശുവേ, ഔദാര്യത്തിന്റെ മഹനീയത എന്നെ പഠിപ്പിക്കണമേ.

L : പ്രതിഫലം ഇച്ഛിക്കാതെ നൽകുവാൻ.

All : കർത്താവായ യേശുവേ, ഔദാര്യത്തിന്റെ മഹനീയത എന്നെ പഠിപ്പിക്കണമേ.

L : മുറിവുകൾക്ക് അതീതമായി യുദ്ധം ചെയ്യുവാൻ.

All : കർത്താവായ യേശുവേ, ഔദാര്യത്തിന്റെ മഹനീയത എന്നെ പഠിപ്പിക്കണമേ.

L : വിശ്രമം തേടാതെ പ്രയത്നിക്കുവാൻ.

All : കർത്താവായ യേശുവേ, ഔദാര്യത്തിന്റെ മഹനീയത എന്നെ പഠിപ്പിക്കണമേ.

L : ദൈവമേ അവിടുത്തെ ഹിതം ഞാൻ നിറവേറ്റുന്നു എന്ന അറിവുമാത്രമാണ് ഞാൻ ആഗ്രഹിക്കുന്ന പ്രതിഫലം, ആയതിനാൽ പ്രതിഫലം കൂടാതെ അദ്ധ്വാനിക്കുവാൻ.

All : കർത്താവായ യേശുവേ, ഔദാര്യത്തിന്റെ മഹനീയത എന്നെ പഠിപ്പിക്കണമേ.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

All : കർത്താവായ യേശുവേ, ഔദാര്യത്തിന്റെ മഹനീയത എന്നെ പഠിപ്പിക്കണമേ.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All : കർത്താവേ, അവിടുത്തെ സ്നേഹത്താൽ ഞങ്ങളെ നിറയ്ക്കണമേ.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം.
All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L: നമുക്ക് പ്രാർത്ഥിക്കാം. ദൈവമേ അവിടുത്തെ തേജോമയമാർന്ന പ്രകാശം ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് വീശണമേ. അതുവഴി അവിടുത്തെ കല്പനകളുടെ വഴിയിൽ നിരന്തരം ചലിക്കുവാനും ലോകവഴികളിൽപ്പെട്ട് ഒരിക്കലും വഞ്ചിതരാകാതിരിക്കുവാനും ഞങ്ങൾക്കിടയാകട്ടെ. അങ്ങേ പുത്രനായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 14

**സങ്കീർത്തനം 81 ലിസ്യുവിലെ വി. ത്രേസ്യാ**

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2. സങ്കീർത്തനം 81**

(1) നമ്മുടെ ശക്തികേന്ദ്രമായ ദൈവത്തെ ഉച്ചത്തിൽ പാടിപ്പുകഴ്ത്തുവിൻ; യാക്കോബിൻെറ ദൈവത്തിന് ആനന്ദത്തോടെ ആർപ്പുവിളിക്കുവിൻ.
(2) തപ്പുകൊട്ടിയും കിന്നരവും വീണയും ഇമ്പമായി മീട്ടിയും ഗാനമുതിർക്കുവിൻ.

(1) അമാവാസിയിലും നമ്മുടെ ഉത്സവദിനമായ പൗർണമിയിലും കാഹളമൂതുവിൻ.
(2) എന്തെന്നാൽ, അത് ഇസ്രായേലിലെ ചട്ടവും യാക്കോബിൻെറ ദൈവം നൽകിയ പ്രമാണവുമാണ്.

(1) ഈജിപ്തിലേക്കു തിരിച്ചപ്പോൾ ജോസഫിനും അവിടുന്ന് ഈ നിയമം നൽകി; അപരിചിതമായ ഒരു ശബ്ദം ഞാൻ കേൾക്കുന്നു:
(2) ഞാൻ നിന്റെ തോളിൽ നിന്നു ഭാരം ഇറക്കിവച്ചു; നിന്റെ കൈകളെ കുട്ടയിൽ നിന്നു വിടുവിച്ചു.

(1) കഷ്ടകാലത്തു നീ വിളിച്ചപേക്ഷിച്ചു; ഞാൻ നിന്നെ മോചിപ്പിച്ചു; അദൃശ്യനായി ഇടിമുഴക്കത്തിലൂടെ നിനക്ക് ഉത്തരമരുളി; മെരീബാ ജലാശയത്തിനരികെവച്ചു ഞാൻ നിന്നെ പരീക്ഷിച്ചു.
(2) എന്റെ ജനമേ, ഞാൻ മുന്നറിയിപ്പുനൽകുമ്പോൾ ശ്രദ്ധിച്ചു കേൾക്കുക; ഇസ്രായേലേ, നീ എന്റെ വാക്കുകേട്ടിരുന്നെങ്കിൽ!

(1) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
(2) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) നമ്മുടെ ശക്തികേന്ദ്രമായ ദൈവത്തെ ഉച്ചത്തിൽ പാടിപ്പുകഴ്ത്തുവിൻ; യാക്കോബിന്റെ ദൈവത്തിന് ആനന്ദത്തോടെ ആർപ്പുവിളിക്കുവിൻ.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : ലിസ്യുവിലെ വി. ത്രേസ്യായോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L: ഓ! ദൈവമേ, ഞാൻ എന്നും അങ്ങയിൽ വസിക്കുമാറാകട്ടെ.
All: ഓ! ദൈവമേ, ഞാൻ എന്നും അങ്ങയിൽ വസിക്കുമാറാകട്ടെ.
L : ഓ! കർത്താവെ, അങ്ങയുടെ ജ്ഞാനം എപ്പോഴും എന്നെ ഭരിക്കട്ടെ.
All: ഓ! ദൈവമേ, ഞാൻ എന്നും അങ്ങയിൽ വസിക്കുമാറാകട്ടെ.

L: ദൈവമേ, എന്റെ ഇഷ്ടങ്ങളെക്കാളുപരി അങ്ങയുടെ ഹിതമറിഞ്ഞ് അങ്ങയെ സേവിക്കാൻ എന്റെ ആത്മാവ് എപ്പോഴും സന്നദ്ധമായിരിക്കുന്നു.
All: ഓ! ദൈവമേ, ഞാൻ എന്നും അങ്ങയിൽ വസിക്കുമാറാകട്ടെ.

L : ദൈവമേ, നിത്യമായെന്നിൽ വസിക്കേണ്ട അങ്ങേ ദിവ്യസ്നേഹത്തിന് നിരക്കാത്തവ എന്റെ ആഗ്രഹത്താലും യാചനയാലും സ്വീകരിക്കുക വഴി ശിക്ഷ അനുഭവിക്കുവാൻ അങ്ങെനിക്ക് ഇടയാക്കരുതേ.

All: ഓ! ദൈവമേ, ഞാൻ എന്നും അങ്ങയിൽ വസിക്കുമാറാകട്ടെ.

L : എന്നിലെ ഞാനെന്ന ഭാവത്തെ നിഗ്രഹിക്കുവാൻ അങ്ങെന്നെ അനുഗ്രഹിക്കണമേ, അതുവഴി ഞാനങ്ങയെ സ്നേഹിക്കുമാറാകട്ടെ.

All: ഓ! ദൈവമേ, ഞാൻ എന്നും അങ്ങയിൽ വസിക്കുമാറാകട്ടെ.

L : ദൈവമേ ഞാനങ്ങിൽ വസിക്കട്ടെ. യഥാർത്ഥ ജീവൻ അങ്ങിൽ മാത്രമാകുന്നു.

All: ഓ! ദൈവമേ, ഞാൻ എന്നും അങ്ങയിൽ വസിക്കുമാറാകട്ടെ.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

All: ഓ! ദൈവമേ, ഞാൻ എന്നും അങ്ങയിൽ വസിക്കുമാറാകട്ടെ.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:
All: കർത്താവേ, അങ്ങയുടെ സ്നേഹത്താൽ ഞങ്ങളെ നിറയ്ക്കണമേ.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.
All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.....

L: നമുക്ക് പ്രാർത്ഥിക്കാം. കർത്താവായ ദൈവമേ സത്യപ്രകാശവും പ്രകാശത്തിന്റെ സ്രഷ്ടാവുമായവനേ പരിശുദ്ധമായവയെല്ലാം വിശ്വസ്തതാപൂർവ്വം ധ്യാനിച്ചുകൊണ്ട് അവിടുത്തെ തേജസ്സാർന്ന സാന്നിദ്ധ്യത്തിൽ എന്നും ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേ പുത്രനായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 15

**സങ്കീർത്തനം 33 വി. അഗസ്റ്റിൻ**

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2 സങ്കീർത്തനം 33**

(1) നീതിമാൻമാരേ, കർത്താവിൽ ആനന്ദിക്കുവിൻ, സ്തോത്രം ആലപിക്കുന്നതു നീതിമാൻമാർക്കു യുക്തമാണല്ലോ.
(2) കിന്നരംകൊണ്ടു കർത്താവിനെ സ്തുതിക്കുവാൻ, പത്തുകമ്പി യുള്ള വീണമീട്ടി അവിടുത്തേക്കു കീർത്തനമാലപിക്കുവിൻ.

(1) കർത്താവിന് ഒരു പുതിയ കീർത്തനമാലപിക്കുവിൻ, ഉച്ച ത്തിൽ ആർപ്പുവിളികളോടെ വിദഗ്ധമായി തന്ത്രിമീട്ടുവിൻ.
(2) കർത്താവിന്റെ വചനം സത്യമാണ്, അവിടുത്തെ പ്രവൃത്തി വിശ്വസനീയമാണ്.

(1) അവിടുന്നു നീതിയും ന്യായവും ഇഷ്ടപ്പെടുന്നു. കർത്താവിന്റെ കാരുണ്യംകൊണ്ടു ഭൂമി നിറഞ്ഞിരിക്കുന്നു.
(2) കർത്താവിന്റെ വചനത്താൽ ആകാശം നിർമ്മിക്കപ്പെട്ടു, അവിടുത്തെ കൽപനയാൽ ആകാശഗോളങ്ങളും.

(1) അവിടുന്നു സമുദ്രജലത്തെ ഒരുമിച്ചുകൂട്ടി, ആഴങ്ങളെ അവിടുന്നു കലവറകളിൽ സംഭരിച്ചു.
(2) ഭൂമി മുഴുവൻ കർത്താവിനെ ഭയപ്പെടട്ടെ! ഭൂവാസികൾ അവിടുത്തെ മുൻപിൽ ഭയത്തോടെ നിൽക്കട്ടെ.

(1) അവിടുന്ന് അരുളിച്ചെയ്തു, ലോകം ഉണ്ടായി, അവിടുന്നു കൽപിച്ചു. അതു സുസ്ഥാപിതമായി.
(2) കർത്താവു ജനതകളുടെ ആലോചനകളെ വ്യർത്ഥമാക്കുന്നു. അവരുടെ പദ്ധതികളെ അവിടുന്നു തകർക്കുന്നു.

(1) കർത്താവിന്റെ പദ്ധതികൾ ശാശ്വതമാണ്, അവിടുത്തെ ചിന്തകൾ തലമുറകളോളം നിലനിൽക്കുന്നു.
(2) കർത്താവു ദൈവമായുള്ള ജനവും അവിടുന്നു തനിക്കുവേണ്ടി തിരഞ്ഞെടുത്ത ജനതയും ഭാഗ്യമുള്ളവരാണ്.

(1) കർത്താവു സ്വർഗ്ഗത്തിൽ നിന്നു താഴേക്കു നോക്കുന്നു, അവിടുന്ന് എല്ലാ മനുഷ്യരെയും കാണുന്നു.
(2) തന്റെ സിംഹാസനത്തിൽ നിന്ന് അവിടുന്നു ഭൂവാസികളെ വീക്ഷിക്കുന്നു.

(1) അവരുടെ ഹൃദയങ്ങളെ രൂപപ്പെടുത്തുന്നവൻ അവരുടെ പ്രവൃത്തികളെ നിരീക്ഷിക്കുന്നു.
(2) സൈന്യബാഹുല്യംകൊണ്ടു മാത്രം രാജാവു രക്ഷനേടുന്നില്ല, കരുത്തുകൊണ്ടു മാത്രം യോദ്ധാവു മോചിതനാകുന്നില്ല.

(1) പടക്കുതിരയെക്കൊണ്ടു ജയിക്കാമെന്ന ആശ വ്യർത്ഥമാണ്, അതിന്റെ വലിയ ശക്തികൊണ്ട് അതിനു രക്ഷിക്കാൻ കഴിയുകയില്ല.
(2) ഇതാ! തന്നെ ഭയപ്പെടുന്നവരെയും തന്റെ കാരുണ്യത്തിൽ പ്രത്യാശവയ്ക്കുന്നവരെയും കർത്താവു കടാക്ഷിക്കുന്നു.

(1) അവിടുന്ന് അവരുടെ പ്രാണനെ മരണത്തിൽനിന്നു രക്ഷിക്കുന്നു. ക്ഷാമത്തിൽ അവരുടെ ജീവൻ നിലനിർത്തുന്നു.
(2) നാം കർത്താവിനുവേണ്ടി കാത്തിരിക്കുന്നു, അവിടുന്നാണു നമ്മുടെ സഹായവും പരിചയും.

(1) നമ്മുടെ ഹൃദയം കർത്താവിൽ സന്തോഷിക്കുന്നു. എന്തെന്നാൽ, നമ്മൾ അവിടുത്തെ വിശുദ്ധ നാമത്തിൽ ആശ്രയിക്കുന്നു.

(2) കർത്താവെ അങ്ങയുടെ കാരുണ്യം ഞങ്ങളുടെമേൽ ചൊരിയണമേ! ഞങ്ങൾ അങ്ങയിൽ പ്രത്യാശ അർപ്പിച്ചിരിക്കുന്നു.

(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) നീതിമാൻമാരേ, കർത്താവിൻ ആനന്ദിക്കുവിൻ, സ്തോത്രം ആലപിക്കുന്നതു നീതിമാൻമാർക്കു യുക്തമാണല്ലോ.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L: വി. അഗസ്റ്റിനോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L: ഓ! ദൈവമേ അങ്ങെന്നോടു സംസാരിച്ചാലും, എന്റെ ഹൃദയം അങ്ങയെ ശ്രവിക്കുവാൻ കാത്തിരിക്കുന്നു.

All: ഓ! ദൈവമേ അങ്ങെന്നോടു സംസാരിച്ചാലും, എന്റെ ഹൃദയം അങ്ങയെ ശ്രവിക്കുവാൻ കാത്തിരിക്കുന്നു.

L: എന്റെ കർത്താവേ, എന്റെ ദൈവമേ, അങ്ങെനിക്ക് ആരാണെന്ന് അങ്ങയുടെ കരുണയെ പ്രതി എന്നോടു പറഞ്ഞാലും.

All: ഓ! ദൈവമേ അങ്ങെന്നോടു സംസാരിച്ചാലും, എന്റെ ഹൃദയം അങ്ങയെ ശ്രവിക്കുവാൻ കാത്തിരിക്കുന്നു.

L: എന്റെ ആത്മാവിനോട് അങ്ങ് അരുൾചെയ്താലും “ഞാനാണ് നിന്റെ രക്ഷ” കർത്താവേ സംസാരിച്ചാലും ഞാനങ്ങയെ ശ്രവിക്കട്ടെ. എന്റെ ഹൃദയം അങ്ങേയ്ക്കായി കാത്തിരിക്കുന്നു.

All: ഓ! ദൈവമേ അങ്ങെന്നോടു സംസാരിച്ചാലും, എന്റെ ഹൃദയം അങ്ങയെ ശ്രവിക്കുവാൻ കാത്തിരിക്കുന്നു.

L: ദൈവമേ, എന്റെ ഹൃദയം തുറക്കണമേ. ഞാൻ അങ്ങയെ കേൾക്കട്ടെ. അങ്ങാണ് എന്റെ രക്ഷയെന്ന് എന്റെ ആത്മാവ് കേൾക്കുമ്പോൾ ഞാൻ അങ്ങിൽ വിലയം പ്രാപിക്കട്ടെ.

All: ഓ! ദൈവമേ അങ്ങെന്നോടു സംസാരിച്ചാലും, എന്റെ ഹൃദയം അങ്ങയെ ശ്രവിക്കുവാൻ കാത്തിരിക്കുന്നു.

L : ദൈവമേ അങ്ങയുടെ മുഖം എന്നിൽ നിന്നും മറയ്ക്കരുതേ. അങ്ങയെ ദർശിക്കുവാനുള്ള തീവ്രമായ ആഗ്രഹത്താൽ ഞാൻ മരിക്കാതിരിക്കട്ടെ. കർത്താവേ അവിടുത്തെ തിരുമുഖ ദർശനം എനിക്കു നൽകി അനുഗ്രഹിക്കണമേ.

All: ഓ! ദൈവമേ അങ്ങെന്നോടു സംസാരിച്ചാലും, എന്റെ ഹൃദയം അങ്ങയെ ശ്രവിക്കുവാൻ കാത്തിരിക്കുന്നു.

L : ദൈവമേ എന്റെ ആത്മാവാകുന്ന ചെറുഭവനം അങ്ങയെ സ്വീകരിക്കുവാൻ പ്രാപ്തമല്ല. അങ്ങ് അതിനെ വിശാലമാക്കണമേ. അധ:പതിച്ച എന്റെ ആത്മാവിനെ അങ്ങ് പുനരുദ്ധരിക്കണമേ.

All: ഓ! ദൈവമേ അങ്ങെന്നോടു സംസാരിച്ചാലും, എന്റെ ഹൃദയം അങ്ങയെ ശ്രവിക്കുവാൻ കാത്തിരിക്കുന്നു.

L : ഓ! ദൈവമേ എന്റെ രഹസ്യപാപങ്ങളിൽ നിന്ന് എന്നെ ശുദ്ധീകരിക്കണമേ. അന്യരുടെ പാപഫലത്തിൽ നിന്ന് ഈ ദാസനെ ഒഴിവാക്കണമേ.

All ഓ! ദൈവമേ അങ്ങെന്നോടു സംസാരിച്ചാലും, എന്റെ ഹൃദയം അങ്ങയെ ശ്രവിക്കുവാൻ കാത്തിരിക്കുന്നു.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

All: ഓ! ദൈവമേ അങ്ങെന്നോടു സംസാരിച്ചാലും, എന്റെ ഹൃദയം അങ്ങയെ ശ്രവിക്കുവാൻ കാത്തിരിക്കുന്നു.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All : കർത്താവേ, അങ്ങയുടെ പാതയിൽ ഞങ്ങളെ നയിക്കണമേ.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L: നമുക്ക് പ്രാർത്ഥിക്കാം. ഞങ്ങളുടെ പിതാവായ ദൈവമേ അവിടുത്തേ പ്രിയപുത്രനെ ശ്രവിക്കുവാൻ അവിടുന്ന് ഞങ്ങളെ ക്ഷണിച്ചുവല്ലോ. ഞങ്ങളുടെ ഹൃദയങ്ങളെ അവിടുത്തെ വചനത്താൽ പരിപോഷിപ്പിക്കണമേ. കർത്താവേ ഞങ്ങളുടെ മനസ്സിന്റെ നേത്രങ്ങളെ അവിടുന്ന് ശുദ്ധീകരിക്കുകയും അവിടുത്തെ മഹത്വപൂർണ്ണ ദർശനവേളയിൽ അവിടുത്തെ സന്തോഷത്താൽ ഞങ്ങളെ നിറയ്ക്കുയും ചെയ്യണമേ. അങ്ങേപുത്രനായ ക്രിസ്തു വഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 16

**സങ്കീർത്തനം 34 വി. അംബ്രോസ്**

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2 സങ്കീർത്തനം 34**

(1) കർത്താവ് എത്ര നല്ലവനെന്നു രുചിച്ചറിയുവിൻ, അവിടുത്തെ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ.
(2) കർത്താവിനെ ഞാൻ എന്നും പുകഴ്ത്തും, അവിടുത്തെ സ്തുതികൾ എപ്പോഴും എന്റെ അധരങ്ങളിലുണ്ടായിരിക്കും.

(1) കർത്താവിൽ ഞാൻ അഭിമാനം കൊള്ളുന്നു. പീഡിതർ കേട്ട് ആനന്ദിക്കട്ടെ.

(2) എന്നോടൊത്തു കർത്താവിനെ മഹത്വപ്പെടുത്തുവിൻ, നമുക്കൊരുമിച്ച് അവിടുത്തെനാമത്തെ സ്തുതിക്കാം.

(1) ഞാൻ കർത്താവിനെ തേടി, അവിടുന്ന് എനിക്കുത്തരമരുളി, സർവ്വഭയങ്ങളിലും നിന്ന് അവിടുന്ന് എന്നെ മോചിപ്പിച്ചു.
(2) അവിടുത്തെ നോക്കിയവർ പ്രകാശിതരായി, അവർ ലജ്ജിതരാവുകയില്ല.

(1) ഈ എളിയവൻ നിലവിളിച്ചു. കർത്താവു കേട്ടു, എല്ലാ കഷ്ടതകളിലും നിന്ന് അവനെ രക്ഷിക്കുകയും ചെയ്തു.
(2) കർത്താവിന്റെ ദൂതൻ ദൈവഭക്തരുടെ ചുറ്റും പാളയമടിച്ച് അവരെ രക്ഷിക്കുന്നു.

(1) കർത്താവ് എത്രനല്ലവനെന്നു രുചിച്ചറിയുവിൻ, അവിടുത്തെ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ.
(2) കർത്താവിന്റെ വിശുദ്ധരേ, അവിടുത്തെ ഭയപ്പെടുവിൻ, അവിടുത്തെ ഭയപ്പെടുന്നവർക്ക് ഒന്നിനും കുറവുണ്ടാവുകയില്ല.

(1) സിംഹകുട്ടികൾ ഇരകിട്ടാതെ വിശന്നുവലഞ്ഞേക്കാം, കർത്താവിനെ അന്വേഷിക്കുന്നവർക്ക് ഒന്നിനും കുറവുണ്ടാവുകയില്ല,
(2) മക്കളേ, ഞാൻ പറയുന്നതു കേൾക്കുവിൻ, ദൈവഭക്തി ഞാൻ നിങ്ങളെ പരിശീലിപ്പക്കാം.

(1) ജീവിതം ആഗ്രഹിക്കുകയും സന്തുഷ്ടമായ ദീർഘായുസ് അഭിലഷിക്കുകയും ചെയ്യുന്നുവോ?
(2) തിൻമയിൽനിന്നകന്നു നൻമ ചെയ്യുവിൻ, സമാധാനമന്വേഷിച്ച് അതിനെ പിൻതുടരുവിൻ.

(1) കർത്താവു നീതിമാൻമാരെ കടാക്ഷിക്കുന്നു. അവിടുന്ന് അവരുടെ വിലാപം ശ്രവിക്കുന്നു.
(2) ദുഷ്കർമികളുടെ ഓർമ്മ ഭൂമിയിൽ നിന്നു വിച്ഛേദിക്കാൻ കർത്താവ് അവർക്കെതിരേ മുഖം തിരിക്കുന്നു.

(1) നീതിമാൻമാർ സഹായത്തിനു നിലവിളിക്കുമ്പോൾ കർത്താവു കേൾക്കുന്നു. അവരെ സകലവിധ കഷ്ടതകളിലും നിന്ന് രക്ഷിക്കുന്നു.
(2) ഹൃദയം നുറുങ്ങിയവർക്കു കർത്താവ് സമീപസ്ഥനാണ്, മനമുരുകിയവരെ അവിടുന്നു രക്ഷിക്കുന്നു.

(1) നീതിമാന്റെ ക്ലേശങ്ങൾ അസംഖ്യമാണ്. അവയിൽനിന്നെല്ലാം കർത്താവ് അവനെ മോചിപ്പിക്കുന്നു.
(2) കർത്താവു തന്റെ ദാസരുടെ ജീവനെ രക്ഷിക്കുന്നു. അവിടുത്ത ശരണം പ്രാപിക്കുന്നവർ ശിക്ഷയ്ക്കു വിധിക്കപ്പെടുകയില്ല.

(1) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
(2 ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) കർത്താവ് എത്ര നല്ലവനെന്നു രുചിച്ചറിയുവിൻ, അവിടുത്തെ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L: വി. അംബ്രോസിനോടൊപ്പം നമുക്കു ദൈവത്തെ മഹത്വപ്പെടുത്താം.

L: ഓ! ഈശോയെ, അങ്ങാണല്ലോ, മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾക്ക് പ്രകാശം ചൊരിയുന്നവൻ
All: ഓ! ഈശോയെ, അങ്ങാണല്ലോ, മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾക്ക് പ്രകാശം ചൊരിയുന്നവൻ

L: ദൈവമേ, ശാന്തിയും പ്രകാശവും സത്യവും ജീവനുമായവനേ, അവിടുന്ന് ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ടരുളണമേ.
All: ഓ! ഈശോയെ, അങ്ങാണല്ലോ, മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾക്ക് പ്രകാശം ചൊരിയുന്നവൻ

L: ജോർദ്ദാൻ നദിയിലെ ജലത്തെ വിശുദ്ധീകരിച്ച അവിടുത്തെ ജ്ഞാനസ്നാനത്തിന്റെ ആത്മീയ ചൈതന്യത്താൽ ഈ ദിനത്തെ അവിടുന്ന് വിശുദ്ധീകരിക്കുന്നുവല്ലോ.
All: ഓ! ഈശോയെ, അങ്ങാണല്ലോ, മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾക്ക് പ്രകാശം ചൊരിയുന്നവൻ

L: ദൈവമേ, കന്യകാമാതാവിൽ നിന്നുള്ള തിരുപ്പിറവി വെളിവാക്കിയ വിശുദ്ധ നക്ഷത്രം അതേ ദിനത്തിൽ തന്നെ

അങ്ങയെ വണങ്ങുന്നതിനായി ജ്ഞാനികളെ പുൽക്കൂട്ടിലേക്ക് നയിച്ചു. ആകാശത്തിൽ തിളങ്ങിക്കൊണ്ടിരിക്കുന്ന ആ നക്ഷത്രം ഈ ദിനത്തെയും പരിപാവനമാക്കുന്നുവല്ലോ.

All: ഓ! ഈശോയെ, അങ്ങാണല്ലോ, മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾക്ക് പ്രകാശം ചൊരിയുന്നവൻ

L: കർത്താവേ, കൽഭരണിയിലെ വെള്ളം വീഞ്ഞാക്കി മാറ്റിയ അവിടുത്തെ പ്രവൃത്തി ഈ ദിവസത്തെയും പവിത്രീകരിക്കുന്നു. അവ നിറച്ചത് താനല്ല എന്നറിഞ്ഞുകൊണ്ടു തന്നെ പരിചാരകൻ വിരുന്നിനു ക്ഷണിക്കപ്പെട്ട അതിഥികൾക്കായി അവ പകർന്നു നല്കുകയും ചെയ്തുവല്ലോ.

All: ഓ! ഈശോയെ, അങ്ങാണല്ലോ, മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾക്ക് പ്രകാശം ചൊരിയുന്നവൻ

L: പിതാവിനും ഈ സുദിനത്തിൽ പ്രത്യക്ഷീകൃതനാകുന്ന യേശുക്രിസ്തുവിനും പരിശുദ്ധാത്മാവിനും എന്നേയ്ക്കും സ്തുതിയുണ്ടായിരിക്കട്ടെ.

All: ഓ! ഈശോയെ, അങ്ങാണല്ലോ, മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾക്ക് പ്രകാശം ചൊരിയുന്നവൻ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: ഓ! ഈശോയെ, അങ്ങാണല്ലോ, മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾക്ക് പ്രകാശം ചൊരിയുന്നവൻ

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All : കർത്താവേ, അവിടുത്തെ പാതയിൽ ഞങ്ങളെ നയിക്കണമേ

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.

All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L: നമുക്കു പ്രാർത്ഥിക്കാം. കർത്താവായ ദൈവമേ, ഞങ്ങളുടെ അന്ധകാരത്തിൽ അവിടുത്തെ സാന്നിദ്ധ്യം ഞങ്ങളിലെ

സ്നേഹാഗ്നിയെ ജ്വലിപ്പിച്ചു. ഞങ്ങളുടെ ഹൃദയത്തിന്റെ രൂപാന്തരീകണത്തിനായി അവിടുന്നു ഞങ്ങളിലേക്ക് കടന്നുവന്നു. ഓ ഈശോയേ, എവിടെ ആയിരുന്നാലും അങ്ങേയ്ക്ക് സാക്ഷികളായിരിക്കുവാൻ അവിടുന്ന് ഞങ്ങളിൽ വസിച്ച് ഞങ്ങളെ നയിക്കണമേ. അങ്ങേ പുത്രനായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

All : ആമ്മേൻ

All : കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 17

സങ്കീർത്തനം 66, 67
ക്ലെയർവോയിലെ വി. ബെർണ്ണാദ്

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം.
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2 സങ്കീർത്തനം 66, 67**

(1) ഭൂവാസികളേ, ആഹ്ളാദത്തോടെ ദൈവത്തിന് ആർപ്പുവിളിക്കുവിൻ.
(2) അവിടുത്തെ നാമത്തിന്റെ മഹത്വം പ്രകീർത്തിക്കുവിൻ; സ്തുതികളാൽ അവിടുത്തെ മഹത്വപ്പെടുത്തുവിൻ.

(1) ദൈവം നമ്മോടു കൃപ കാണിക്കുകയും നമ്മെ അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ! അവിടുന്നു തന്റെ പ്രീതി നമ്മുടെമേൽ ചൊരിയുമാറാകട്ടെ!

(2) അങ്ങയുടെ വഴി ഭൂമിയിലും അങ്ങയുടെ രക്ഷാകര ശക്തി സകല ജനതകളുടെയിടയിലും അറിയപ്പെടേണ്ടതിനുതന്നെ.

(1) ദൈവമേ, ജനതകൾ അങ്ങയെ പ്രകീർത്തിക്കട്ടെ! എല്ലാ ജനതകളും അങ്ങയെ സ്തുതിക്കട്ടെ!

(2) ജനതകളെല്ലാം ആഹ്ളാദിക്കുകയും ആനന്ദഗാനം ആലപിക്കുകയും ചെയ്യട്ടെ! അങ്ങു ജനതകളെ നീതിപൂർവം വിധിക്കുകയും ജനപദങ്ങളെ നയിക്കുകയും ചെയ്യുന്നു.

(1) ദൈവമേ, ജനതകൾ അങ്ങയെ പ്രകീർത്തിക്കട്ടെ! എല്ലാ ജനതകളും അങ്ങയെ സ്തുതിക്കട്ടെ!

(2) ഭൂമി അതിന്റെ വിളവു നൽകി, ദൈവം, നമ്മുടെ ദൈവം, നമ്മെ അനുഗ്രഹിച്ചു.

(1) അവിടുന്നു നമ്മെ അനുഗ്രഹിച്ചു. ഭൂമി മുഴുവൻ അവിടുത്തെ ഭയപ്പെടട്ടെ!

(2) അവിടുത്തെ പ്രവൃത്തികൾ എത്ര ഭീതിജനകം! അങ്ങയുടെ ശക്തിപ്രഭാവത്താൽ ശത്രുക്കൾ അങ്ങേക്കു കീഴടങ്ങും.

(1) ഭൂവാസികൾ മുഴുവൻ അവിടുത്തെ ആരാധിക്കുന്നു. അവർ അങ്ങയെ പാടിപ്പുകഴ്ത്തുന്നു. അങ്ങയുടെ നാമത്തിനു സ്തോത്രമാലപിക്കുന്നു.

(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ.

(1) & (2) ഭൂവാസികളേ, ആഹ്ളാദത്തോടെ ദൈവത്തിന് ആർപ്പുവിളിക്കുവിൻ.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L: ക്ലെയർവോയിലെ വി. ബെർണ്ണാദിനോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L: ദൈവമേ, അവിടുത്തെ കരുണയുടെ മുഖദർശനം ഞങ്ങൾക്ക് അരുളണമേ.

All: ദൈവമേ, അവിടുത്തെ കരുണയുടെ മുഖദർശനം ഞങ്ങൾക്ക് അരുളണമേ.

L : കർത്താവേ, അവിടുത്തെ കരുണയുടെ മുഖദർശനം ഞങ്ങൾക്ക് നൽകണമേ അതുവഴി ഞങ്ങൾ അങ്ങേയ്ക്കു അനുരൂപരായിത്തീരട്ടെ.

All: ദൈവമേ, അവിടുത്തെ കരുണയുടെ മുഖദർശനം ഞങ്ങൾക്ക് അരുളണമേ.

L : ദൈവമേ, അവിടുത്തെ മഹത്വവും അധികാരവും അത്ഭുതങ്ങളും ഞങ്ങളുടെ പരിശ്രമത്താലും ശക്തിയാലും അനുകരിക്കാനാവാത്ത വിധം അപ്രാപ്യമാണല്ലോ.

All: ദൈവമേ, അവിടുത്തെ കരുണയുടെ മുഖദർശനം ഞങ്ങൾക്ക് അരുളണമേ.

L: എങ്കിലും അവിടുത്തെ കാരുണ്യം സ്വർഗ്ഗത്തിൽ നിന്നും മേഘപാളികൾക്കിടയിലൂടെ ഭൂമിയിലേക്ക് പതിക്കുമാറാകണമേ.

All: ദൈവമേ, അവിടുത്തെ കരുണയുടെ മുഖദർശനം ഞങ്ങൾക്ക് അരുളണമേ.

L : ദൈവമേ ഏറ്റവും എളിയവനായി അവിടുന്ന് ഞങ്ങളിലേക്ക് കടന്നുവന്നു. എല്ലാ ദാനങ്ങൾക്കും ഉപരിയായ നിത്യ സ്നേഹത്തിലേക്ക് അവിടുന്ന് ഞങ്ങളെ നയിച്ചു.

All: ദൈവമേ, അവിടുത്തെ കരുണയുടെ മുഖദർശനം ഞങ്ങൾക്ക് അരുളണമേ.

L : കർത്താവേ, അവിടുത്തെ ഉള്ളം കൈയിൽ ഞങ്ങളെ സംരക്ഷിക്കണമേ. അങ്ങയുടെ മൃദുലമായ കരങ്ങളാൽ ഞങ്ങളെ ആശ്ലേഷിക്കണമേ. അവിടുത്തെ സ്നേഹ മധുരിതമായ ശബ്ദം ഞങ്ങളുടെ ഹൃദയങ്ങളെ തുളച്ചു കയറുമാറാകട്ടെ.

All: ദൈവമേ, അവിടുത്തെ കരുണയുടെ മുഖദർശനം ഞങ്ങൾക്ക് അരുളണമേ.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: ദൈവമേ, അവിടുത്തെ കരുണയുടെ മുഖദർശനം ഞങ്ങൾക്ക് അരുളണമേ.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L : സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:
All : കർത്താവേ, അവിടുത്തെ കരുണാർദ്ര സ്നേഹത്താൽ ഞങ്ങളെ നിറയ്ക്കണമേ.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L : കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.
All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L: നമുക്കു പ്രാർത്ഥിക്കാം. കർത്താവായ ദൈവമേ, അവിടുത്തെ ദാനമായ വിശ്വാസം ഞങ്ങളിൽ വർദ്ധിപ്പിക്കണമേ. അവിടുത്തോടൊപ്പം ധ്യാനത്തിലും സ്നേഹത്തിലും അനുദിനം ഒരു വിശ്വാസസമൂഹമായി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. കർത്താവേ ഞങ്ങൾ ആയിരിക്കുന്ന സാഹചര്യങ്ങളിൽ അങ്ങയോടു ചേർന്ന് ഞങ്ങളുടെ ജീവിതഫലങ്ങൾ പ്രകടമാക്കുവാൻ അവിടുന്ന് ഞങ്ങളെ അനുഗ്രഹിക്കണമേ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 18

സങ്കീർത്തനം 141, 142
വി. അൽഫോൻസ് ലിഗോരി

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം.
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2. സങ്കീർത്തനം 141, 142**

(1) കർത്താവേ, ഞാൻ അങ്ങയോടു നിലവിളിക്കുന്നു; അങ്ങാണ് എന്റെ അഭയം, ജീവിക്കുന്നവരുടെ ദേശത്തുള്ള എന്റെ അവകാശം, എന്നു ഞാൻ പറഞ്ഞു.
(2) എന്റെ നിലവിളി ശ്രദ്ധിക്കണമേ; എന്തെന്നാൽ, ഞാൻ അങ്ങേയറ്റം തകർക്കപ്പെട്ടിരിക്കുന്നു; പീഡിപ്പിക്കുന്നവരിൽ നിന്ന് എന്നെ രക്ഷിക്കണമേ! അവർ എന്റെ ശക്തിക്ക് അതീതരാണ്.

(1) കർത്താവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു. വേഗം വരണമേ! ഞാൻ വിളിച്ചപേക്ഷിക്കുമ്പോൾ എന്റെ പ്രാർത്ഥനയ്ക്കു ചെവിതരണമേ!

(2) എന്റെ പ്രാർത്ഥന അങ്ങയുടെ സന്നിധിയിലെ ധൂപാർച്ചനയായും ഞാൻ കൈകൾ ഉയർത്തുന്നതു സായാഹ്നബലിയായും സ്വീകരിക്കണമേ!

(1) കർത്താവേ, എന്റെ നാവിനു കടിഞ്ഞാണിടണമേ! എന്റെ അധരകവാടത്തിനു കാവലേർപ്പെടുത്തണമേ!

(2) എന്റെ ഹൃദയം തിൻമയിലേക്കുചായാൻ സമ്മതിക്കരുതേ! അക്രമികളോടു ചേർന്നു ദുഷ്കർമ്മങ്ങളിൽ മുഴുകാൻ എനിക്ക് ഇടയാക്കരുതേ! അവരുടെ ഇഷ്ടവിഭവങ്ങൾ രുചിക്കാൻ എനിക്ക് ഇടവരുത്തരുതേ!

(1) എന്റെ നൻമയ്ക്കുവേണ്ടി നീതിമാൻ എന്നെ പ്രഹരിക്കുകയോ ശാസിക്കുകയോ ചെയ്യട്ടെ! എന്നാൽ, ദുഷ്ടരുടെ തൈലം എന്റെ ശിരസ്സിനെ അഭിഷേകം ചെയ്യാൻ ഇടയാകാതിരിക്കട്ടെ! എന്റെ പ്രാർത്ഥന എപ്പോഴും അവരുടെ ദുഷ്പ്രവൃത്തികൾക്കെതിരാണ്.

(2) അവരുടെ ന്യായാധിപന്മാർ പാറയിൽനിന്നു തള്ളിവീഴ്ത്തപ്പെടും; അപ്പോൾ എന്റെ വാക്ക് എത്ര സൗമ്യമായിരുന്നെന്ന് അവർ അറിയും.

(1) വിറകു കീറിയിട്ടിരിക്കുന്നതുപോലെ അവരുടെ അസ്ഥികൾ പാതാളവാതിൽക്കൽ ചിതറിക്കിടക്കുന്നു.

(2) ദൈവമായ കർത്താവേ, എന്റെ ദൃഷ്ടി അങ്ങയുടെനേരേ തിരിഞ്ഞിരിക്കുന്നു; അങ്ങയിൽ ഞാൻ അഭയം തേടുന്നു.

(1) ഞാൻ ഉച്ചത്തിൽ കർത്താവിനെ വിളിച്ചപേക്ഷിക്കുന്നു; ശബ്ദമുയർത്തി ഞാൻ കർത്താവിനോടു യാചിക്കുന്നു.

(2) അവിടുത്തെ സന്നിധിയിൽ ഞാൻ എന്റെ ആവലാതികൾ ചൊരിയുന്നു; എന്റെ ദുരിതങ്ങൾ ഞാൻ അവിടുത്തെ മുൻപിൽ നിരത്തുന്നു.

(1) ഞാൻ തളരുമ്പോൾ എന്റെ വഴി അങ്ങ് അറിയുന്നു; ഞാൻ നടക്കുന്ന വഴിയിൽ അവരെനിക്കു കെണിവച്ചിരിക്കുന്നു.

(2) വലത്തുവശത്തേക്കു നോക്കി ഞാൻ കാത്തിരിക്കുന്നു; എന്നാൽ, ആരും എന്നെ ശ്രദ്ധിക്കുന്നില്ല; ഒരു രക്ഷാകേന്ദ്രവും

എനിക്ക് അവശേഷിക്കുന്നില്ല; ആരും എന്നെ പരിഗണിക്കുന്നുമില്ല.

(1) തടവറയിൽനിന്ന് എന്നെ മോചിപ്പിക്കണമേ! ഞാൻ അങ്ങയുടെ നാമത്തിനു നന്ദിപറയട്ടെ! നീതിമാൻമാർ എന്റെ ചുറ്റും സമ്മേളിക്കും, എന്തെന്നാൽ, അവിടുന്ന് എന്നോടു ദയ കാണിക്കും.

(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) കർത്താവേ, ഞാൻ അങ്ങയോടു നിലവിളിക്കുന്നു; അങ്ങാണ് എന്റെ അഭയം, ജീവിക്കുന്നവരുടെ ദേശത്തുള്ള എന്റെ അവകാശം, എന്നു ഞാൻ പറഞ്ഞു.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : വി. അൽഫോൻസ് ലിഗോരിയോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L : ക്രൂശിക്കപ്പെട്ട എന്റെ സ്നേഹമേ; എന്റെ നല്ല ഈശോയേ, ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു. പടുകുഴിയാകുന്ന എന്റെ ഒന്നുമില്ലായ്മയിൽ നിന്നും എന്നെ കരകയറ്റിയ അങ്ങയെ ഞാൻ ആരാധിക്കുന്നു.

All: ക്രൂശിക്കപ്പെട്ട എന്റെ സ്നേഹമേ; എന്റെ നല്ല ഈശോയേ, ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു. പടുകുഴിയാകുന്ന എന്റെ ഒന്നുമില്ലായ്മയിൽ നിന്നും എന്നെ കരകയറ്റിയ അങ്ങയെ ഞാൻ ആരാധിക്കുന്നു.

L : ക്രൂശിക്കപ്പെട്ട എന്റെ സ്നേഹമേ; എന്റെ നല്ല ഈശോയേ, ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു.

All: ക്രൂശിക്കപ്പെട്ട എന്റെ സ്നേഹമേ; എന്റെ നല്ല ഈശോയേ, ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു. പടുകുഴിയാകുന്ന എന്റെ ഒന്നുമില്ലായ്മയിൽ നിന്നും എന്നെ കരകയറ്റിയ അങ്ങയെ ഞാൻ ആരാധിക്കുന്നു.

L : കർത്താവേ, അവിടുന്ന് എനിക്കുവേണ്ടി പീഡകൾ സഹിച്ചു മരിച്ചതിനെയോർത്ത് ഞാനങ്ങേയ്ക്കു നന്ദി പറയുന്നു. അങ്ങനെ എനിക്ക് സ്വർഗ്ഗീയമായ കൃപയുടെ ജീവിതം ലഭിക്കുവാൻ ഇടയാകട്ടെ.

All: ക്രൂശിക്കപ്പെട്ട എന്റെ സ്നേഹമേ; എന്റെ നല്ല ഈശോയേ, ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു. പടുകുഴിയാകുന്ന എന്റെ ഒന്നുമില്ലായ്മയിൽ നിന്നും എന്നെ കരകയറ്റിയ അങ്ങയെ ഞാൻ ആരാധിക്കുന്നു.

L : എന്റെ സ്നേഹവിമോചകാ. എന്റെ എല്ലാ രക്ഷയ്ക്കും ഞാൻ അങ്ങയോട് കടപ്പെട്ടിരിക്കുന്നു. കർത്താവേ ഞാൻ എന്റെ പാപങ്ങളുടെ മോചനം അങ്ങയിൽ നിന്നും സ്വീകരിച്ചു.

All: ക്രൂശിക്കപ്പെട്ട എന്റെ സ്നേഹമേ; എന്റെ നല്ല ഈശോയേ, ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു. പടുകുഴിയാകുന്ന എന്റെ ഒന്നുമില്ലായ്മയിൽ നിന്നും എന്നെ കരകയറ്റിയ അങ്ങയെ ഞാൻ ആരാധിക്കുന്നു.

L : കർത്താവേ കടന്നുപോയ നിമിഷങ്ങളിൽ ഞാനങ്ങയെ സ്നേഹിച്ചിരുന്നില്ല. ഇതാ ഇപ്പോൾ ഞാനങ്ങയെ സ്നേഹിക്കുന്നു. പൂർണ്ണ ഹൃദയത്തോടെ അങ്ങയെ സ്നേഹിക്കുക എന്നതിൽ കവിഞ്ഞ് ഞാനൊന്നും ആഗ്രഹിക്കുന്നില്ല.

All: ക്രൂശിക്കപ്പെട്ട എന്റെ സ്നേഹമേ; എന്റെ നല്ല ഈശോയേ, ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു. പടുകുഴിയാകുന്ന എന്റെ ഒന്നുമില്ലായ്മയിൽ നിന്നും എന്നെ കരകയറ്റിയ അങ്ങയെ ഞാൻ ആരാധിക്കുന്നു.

L : ഓ. അനന്ത നന്മയേ! എന്റെ മരണം വരെയും നിരന്തരം അവിടുത്തെ കൃപയിൽ ആയിരിക്കുവാൻ എന്നെ സഹായിക്കണമേ. എങ്കിലും എല്ലാറ്റിലുമുപരിയായി അവിടുത്തെ പരിശുദ്ധ സ്നേഹത്തിനായി ഞാൻ യാചിക്കുന്നു.

All: ക്രൂശിക്കപ്പെട്ട എന്റെ സ്നേഹമേ; എന്റെ നല്ല ഈശോയേ, ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു. പടുകുഴിയാകുന്ന എന്റെ ഒന്നുമില്ലായ്മയിൽ നിന്നും എന്നെ കരകയറ്റിയ അങ്ങയെ ഞാൻ ആരാധിക്കുന്നു.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: ക്രൂശിക്കപ്പെട്ട എന്റെ സ്നേഹമേ; എന്റെ നല്ല ഈശോയേ, ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു. പടുകുഴിയാകുന്ന എന്റെ ഒന്നുമില്ലായ്മയിൽ നിന്നും എന്നെ കരകയറ്റിയ അങ്ങയെ ഞാൻ ആരാധിക്കുന്നു.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L : സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:
All: ദൈവമേ, അവിടുത്തെ വചനം ഞങ്ങളുടെ പാതയിൽ വെളിച്ചമാകട്ടെ.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം.
All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L : നമുക്കു പ്രാർത്ഥിക്കാം. ഞങ്ങളുടെ പിതാവായ ദൈവമേ, അവിടുത്തെ തേജോമയമായ വെളിച്ചത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കണമേ. കർത്താവേ, അങ്ങയുടെ ശാശ്വത സമാധാനത്തിന്റെ സന്തോഷം അങ്ങയുടെ മക്കൾക്ക് പ്രദാനം ചെയ്യണമേ. അങ്ങേ പുത്രനായ ക്രിസ്തു വഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# 19 ജീസസ് യൂത്ത് പ്രാർത്ഥന

സങ്കീർത്തനം 62, 63

വി. ഫ്രാൻസിസ് അസ്സീസ്സി

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ

All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം.

All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2. സങ്കീർത്തനം 62, 63**

(1) ദൈവമേ, അവിടുന്നാണ് എന്റെ ദൈവം; ഞാനങ്ങയെ തേടുന്നു എന്റെ ആത്മാവ് അങ്ങേക്കായി ദാഹിക്കുന്നു.

(2) ഉണങ്ങിവരണ്ട ഭൂമിയെന്നപോലെ എന്റെ ശരീരം അങ്ങയെ കാണാതെ തളരുന്നു.

(1) അങ്ങയുടെ ശക്തിയും മഹത്വവും ദർശിക്കാൻ ഞാൻ വിശുദ്ധ മന്ദിരത്തിൽ വന്നു.

(2) അങ്ങയുടെ കാരുണ്യം ജീവനെക്കാൾ കാമ്യമാണ്; എന്റെ അധ രങ്ങൾ അങ്ങയെ സ്തുതിക്കും

(1) എന്റെ ജീവിതകാലം മുഴുവൻ ഞാൻ അങ്ങയെ പുകഴ്ത്തും. ഞാൻ കൈകളുയർത്തി അങ്ങയുടെ നാമം വിളിച്ചപേക്ഷിക്കും.
(2) കിടക്കയിൽ ഞാൻ അങ്ങയെ ഓർക്കുകയും രാത്രിയാമങ്ങളിൽ അങ്ങയെക്കുറിച്ചുധ്യാനിക്കുകയും ചെയ്യുമ്പോൾ ഞാൻ മജ്ജയും മേദസും കൊണ്ടെന്നപോലെ സംതൃപ്തിയടയുന്നു. എന്റെ അധരങ്ങൾ അങ്ങേയ്ക്ക് ആനന്ദഗാനം ആലപിക്കും.

(1) അവിടുന്ന് എന്റെ സഹായമാണ്; അങ്ങയുടെ ചിറകിൻകീഴിൽ ഞാൻ ആനന്ദിക്കും.
(2) എന്റെ ആത്മാവ് അങ്ങയോട് ഒട്ടിച്ചേർന്നിരിക്കുന്നു; അങ്ങയുടെ വലത്തുകൈകൊണ്ട് എന്നെ താങ്ങിനിർത്തുന്നു.

(1) ദൈവത്തിൽമാത്രമാണ് എനിക്കാശ്വാസം, അവിടുന്നാണ് എനിക്കു പ്രത്യാശ നൽകുന്നത്.
(2) അവിടുന്നു മാത്രമാണ് എന്റെ അഭയശിലയും കോട്ടയും എനിക്കു കുലുക്കം തട്ടുകയില്ല.

(1) എന്റെ മോചനവും മഹിമയും ദൈവത്തിലാണ്, എന്റെ രക്ഷാശിലയും അഭയവും ദൈവമാണ്.
(2) ജനമേ, എന്നും ദൈവത്തിൽ ശരണംവയ്ക്കുവിൻ, അവിടുത്തെ മുൻപിൽ നിങ്ങളുടെ ഹൃദയം തുറക്കുവിൻ അവിടുന്നാണു നമ്മുടെ സങ്കേതം.

(1) മർത്യൻ ഒരു നിശ്വാസംമാത്രം, വലിയവനും ചെറിയവനും ഒന്നുപോലെ മിഥ്യയാണ്; തുലാസിന്റെ തട്ടിൽ അവർ പൊങ്ങിപ്പോകും; അവർ മുഴുവൻ ചേർന്നാലും ശ്വാസത്തെക്കാൾ ലഘുവാണ്.
(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) ദൈവമേ, അവിടുന്നാണ് എന്റെ ദൈവം; ഞാനങ്ങയെ തേടുന്നു എന്റെ ആത്മാവ് അങ്ങേയ്ക്കായി ദാഹിക്കുന്നു.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

5. പ്രത്യുത്തരം

L : വി. ഫ്രാൻസിസ് അസ്സീസ്സിയോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L : ദൈവമേ അവിടുന്ന് പരിശുദ്ധൻ, അവിടുന്ന് മാത്രം പരിശുദ്ധൻ, അവിടുത്തെ പ്രവൃത്തികൾ എത്രയോ വിസ്മയാവഹം.

All: ദൈവമേ അവിടുന്ന് പരിശുദ്ധൻ, അവിടുന്ന് മാത്രം പരിശുദ്ധൻ, അവിടുത്തെ പ്രവൃത്തികൾ എത്രയോ വിസ്മയാവഹം.

L : ദൈവമേ അവിടുന്നാണല്ലോ എല്ലാറ്റിനും ഉപരിയായവൻ, സർവ്വശക്തനും മഹോന്നതനും അങ്ങു തന്നെ.

All: ദൈവമേ അവിടുന്ന് പരിശുദ്ധൻ, അവിടുന്ന് മാത്രം പരിശുദ്ധൻ, അവിടുത്തെ പ്രവൃത്തികൾ എത്രയോ വിസ്മയാവഹം.

L : പരിശുദ്ധനായവനേ അങ്ങ് സ്വർഗ്ഗത്തിന്റെയും ഭൂമിയുടേയും രാജാവാകുന്നു. ത്രിത്വവും ഏകവുമായ അങ്ങ് സർവ്വനന്മകളുടെയും ഉറവിടവുമാകുന്നുവല്ലോ.

All: ദൈവമേ അവിടുന്ന് പരിശുദ്ധൻ, അവിടുന്ന് മാത്രം പരിശുദ്ധൻ, അവിടുത്തെ പ്രവൃത്തികൾ എത്രയോ വിസ്മയാവഹം.

L : ദൈവമേ അവിടുന്ന് നല്ലവൻ, എല്ലാറ്റിനും മതിയായവൻ, എന്നെന്നും ജീവിക്കുന്ന സത്യദൈവം.

All: ദൈവമേ അവിടുന്ന് പരിശുദ്ധൻ, അവിടുന്ന് മാത്രം പരിശുദ്ധൻ, അവിടുത്തെ പ്രവൃത്തികൾ എത്രയോ വിസ്മയാവഹം.

L : ദൈവമേ അവിടുന്ന് സ്നേഹമാകുന്നു. ജ്ഞാനവും വിനയവും സഹനശക്തിയും അങ്ങുതന്നെ.

All: ദൈവമേ അവിടുന്ന് പരിശുദ്ധൻ, അവിടുന്ന് മാത്രം പരിശുദ്ധൻ, അവിടുത്തെ പ്രവൃത്തികൾ എത്രയോ വിസ്മയാവഹം.

L : ദൈവമേ അങ്ങാണു ഞങ്ങളുടെ ആശ്രയം. ഞങ്ങളുടെ സമാധാനവും സന്തോഷവും അങ്ങുതന്നെ. അവിടുന്ന് നീതിമാനും സൗമ്യനുമാകുന്നു.

All: ദൈവമേ അവിടുന്ന് പരിശുദ്ധൻ, അവിടുന്ന് മാത്രം പരിശുദ്ധൻ, അവിടുത്തെ പ്രവൃത്തികൾ എത്രയോ വിസ്മയാവഹം.

L : ഞങ്ങളുടെ എല്ലാ സമ്പത്തും അങ്ങാകുന്നു. അങ്ങ് ഞങ്ങൾക്ക് മതിയായവൻ. അങ്ങ് സൗന്ദര്യധാമവും യോഗ്യനുമാകുന്നു.

All: ദൈവമേ അവിടുന്ന് പരിശുദ്ധൻ, അവിടുന്ന് മാത്രം പരിശുദ്ധൻ, അവിടുത്തെ പ്രവൃത്തികൾ എത്രയോ വിസ്മയാവഹം.

L : ഞങ്ങളുടെ അഭയവും പ്രത്യാശയും അങ്ങാകുന്നു. അങ്ങാണല്ലോ ഞങ്ങളുടെ വിശ്വസ്തൻ. ഞങ്ങളുടെ സമാശ്വാസവും അങ്ങുതന്നെ.

All: ദൈവമേ അവിടുന്ന് പരിശുദ്ധൻ, അവിടുന്ന് മാത്രം പരിശുദ്ധൻ, അവിടുത്തെ പ്രവൃത്തികൾ എത്രയോ വിസ്മയാവഹം.

L : സർവ്വശക്തനായ ദൈവമേ, കരുണാമയനായ രക്ഷകാ, വിസ്മയനീയനായ പിതാവേ, അങ്ങു ഞങ്ങളുടെ നിത്യ ജീവനാകുന്നു.

All: ദൈവമേ അവിടുന്ന് പരിശുദ്ധൻ, അവിടുന്ന് മാത്രം പരിശുദ്ധൻ, അവിടുത്തെ പ്രവൃത്തികൾ എത്രയോ വിസ്മയാവഹം.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: ദൈവമേ അവിടുന്ന് പരിശുദ്ധൻ, അവിടുന്ന് മാത്രം പരിശുദ്ധൻ, അവിടുത്തെ പ്രവൃത്തികൾ എത്രയോ വിസ്മയാവഹം.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L : സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All: കർത്താവേ, അങ്ങയുടെ ആത്മാവിനെ ഞങ്ങളിലേക്ക് അയക്കണമേ.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L: നമുക്ക് പ്രാർത്ഥിക്കാം. സർവ്വശക്തനും എന്നേക്കും ജീവിക്കുന്നവനുമായ ദൈവമേ, അവിടുത്തെ പുത്രനായ യേശു ക്രിസ്തുവിലൂടെ അവിടുന്ന് ഞങ്ങളെ പുതിയൊരു സൃഷ്ടിയാക്കി മാറ്റി. കർത്താവേ അവിടുത്തെ സാദൃശ്യത്തിൽ ഞങ്ങളെ രൂപാന്തരപ്പെടുത്തുകയും അവിടുത്തെ സത്യത്തിന് സാക്ഷികളായി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ. അങ്ങേ പുത്രനായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 20

സങ്കീർത്തനം 29 വി. ഗ്രിഗറി

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2. സങ്കീർത്തനം 29**

(1) കർത്താവു തന്റെ ജനത്തെ സമാധാനം നൽകി അനുഗ്രഹിക്കട്ടെ!
(2) കർത്താവു തന്റെ ജനത്തിനു ശക്തിപ്രദാനം ചെയ്യട്ടെ !

(1) സ്വർഗ്ഗവാസികളേ, കർത്താവിനെ സ്തുതിക്കുവിൻ: മഹത്വവും ശക്തിയും അവിടുത്തേതെന്നു പ്രഘോഷിക്കുവിൻ.
(2) കർത്താവിന്റെ മഹത്വപൂർണമായനാമത്തെ സ്തുതിക്കുവിൻ; വിശുദ്ധവസ്ത്രങ്ങളണിഞ്ഞ് അവിടുത്തെ ആരാധിക്കുവിൻ.

(1) കർത്താവിന്റെ സ്വരം ജലരാശിക്കുമീതേ മുഴങ്ങുന്നു;
(2) ജലസഞ്ചയങ്ങൾക്കു മീതേ മഹത്വത്തിന്റെ ദൈവം ഇടിനാദം മുഴക്കുന്നു.

(1) കർത്താവിന്റെ സ്വരം ശക്തി നിറഞ്ഞതാണ്; അവിടുത്തെ ശബ്ദം പ്രതാപമുറ്റതാണ്.

(2) കർത്താവിന്റെ സ്വരം ദേവദാരുക്കളെ തകർക്കുന്നു; കർത്താവു ലബനോനിലെ ദേവദാരുക്കളെ ഒടിച്ചു തകർക്കുന്നു.

(1) അവിടുന്നു ലബനോനെ കാളക്കുട്ടിയെപ്പോലെ തുള്ളിക്കുന്നു; സീയോനെ കാട്ടുപോത്തിനെപ്പോലെയും.

(2) കർത്താവിന്റെ സ്വരം അഗ്നിജ്വാലകൾ പുറപ്പെടുവിക്കുന്നു.

(1) കർത്താവിന്റെ സ്വരം മരുഭൂമിയെ വിറകൊള്ളിക്കുന്നു; കർത്താവു കാദോഷ് മരുഭൂമിയെ നടുക്കുന്നു

(2) കർത്താവിന്റെ സ്വരം ഓക്കുമരങ്ങളെ ചുഴറ്റുന്നു; അതു വനങ്ങളെ വൃക്ഷരഹിതമാക്കുന്നു; അവിടുത്തെ ആലയത്തിൽ മഹത്വം എന്ന് എല്ലാവരും പ്രഘോഷിക്കുന്നു.

(1) കർത്താവു ജലസഞ്ചയത്തിനുമേൽ സിംഹാസനസ്ഥനായിരിക്കുന്നു. അവിടുന്ന് എന്നേക്കും രാജാവായി സിംഹാസനത്തിൽ വാഴുന്നു.

(2) കർത്താവു തന്റെ ജനത്തിനു ശക്തിപ്രദാനം ചെയ്യട്ടെ! അവിടുന്നു തന്റെ ജനത്തെ സമാധാനം നൽകി അനുഗ്രഹിക്കട്ടെ!

(1) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(2) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

(1) & (2) കർത്താവു തന്റെ ജനത്തെ സമാധാനം നൽകി അനുഗ്രഹിക്കട്ടെ !

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : വി. ഗ്രിഗറിയോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L : ഓ! ദൈവമേ, അവിടുത്തെ സ്നേഹമാധുര്യം എത്ര അവർണ്ണനീയം.

All: ഓ! ദൈവമേ, അവിടുത്തെ സ്നേഹമാധുര്യം എത്ര അവർണ്ണനീയം.

L : ഈശോയേ, അവിടുത്തെ മഹത്വപൂർണ്ണമായ ഉത്ഥാനം വഴി അവിടുന്ന് എന്നിലെ പാപാന്ധകാരത്തെ തുടച്ചു മാറ്റി.
All: ഓ! ദൈവമേ, അവിടുത്തെ സ്നേഹമാധുര്യം എത്ര അവർണ്ണനീയം.

L : ദൈവമേ, അവിടുന്ന് മരണത്തിന്റെ കെട്ടുകൾ പൊട്ടിച്ച് കല്ലറയിൽ നിന്നും വിജയ ശ്രീലാളിതനായി ഉയിർത്തെഴുന്നേറ്റുവല്ലോ.
All: ഓ! ദൈവമേ, അവിടുത്തെ സ്നേഹമാധുര്യം എത്ര അവർണ്ണനീയം.

L : കർത്താവേ, അങ്ങ് സ്വർഗ്ഗത്തെയും ഭൂമിയെയും തമ്മിൽ അനുരഞ്ജിപ്പിച്ചു. അവിടുന്ന് ഞങ്ങളെ വീണ്ടെടുത്തില്ലായിരുന്നെങ്കിൽ നിത്യമായ സന്തോഷത്തിന്റെ പ്രത്യാശ ഞങ്ങൾക്കു അന്യമാകുമായിരുന്നു.
All: ഓ! ദൈവമേ, അവിടുത്തെ സ്നേഹമാധുര്യം എത്ര അവർണ്ണനീയം.

L : ദൈവമേ, അങ്ങയുടെ ഉത്ഥാനം ഞങ്ങളിലെ പാപക്കറകളെ കഴുകി നൈർമ്മല്യം വീണ്ടെടുത്ത് ഞങ്ങളെ ആനന്ദത്തിലേക്ക് നയിച്ചു.
All: ഓ! ദൈവമേ, അവിടുത്തെ സ്നേഹമാധുര്യം എത്ര അവർണ്ണനീയം.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All: ഓ! ദൈവമേ, അവിടുത്തെ സ്നേഹമാധുര്യം എത്ര അവർണ്ണനീയം.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:
All: കർത്താവേ, അവിടുത്തെ ജനത്തെ അനുഗ്രഹിക്കണമേ.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L: നമുക്കു പ്രാർത്ഥിക്കാം. സർവ്വശക്തനും, എന്നേയ്ക്കും ജീവിക്കുന്നവനുമായ ദൈവമേ, ഞങ്ങളുടെ ബലഹീന പ്രകൃതിയെ അവിടുത്തെ കാരുണ്യത്താൽ നോക്കിക്കാണണമേ. അവിടുത്തെ ശക്തമായ വലത്തുകരത്താൽ ഞങ്ങളെ താങ്ങി നിറുത്തണമേ. അങ്ങയുടെ സ്നേഹത്തിന്റെ പൂർണ്ണതയിൽ വസിക്കുവാൻ അങ്ങയുടെ ആത്മാവിനെ നൽകി ഞങ്ങളെ ശക്തിപ്പെടുത്തണമേ. അങ്ങേ പുത്രനായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 21

സങ്കീർത്തനം 20 വി. സൈമൺ

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2. സങ്കീർത്തനം 20**

(1) നിന്റെ കഷ്ടകാലത്തു കർത്താവു നിന്റെ പ്രാർത്ഥന കേൾക്കുമാറാകട്ടെ! യാക്കോബിന്റെ ദൈവത്തിന്റെ നാമം നിന്നെ സംരക്ഷിക്കട്ടെ.
(2) അവിടുന്നു തന്റെ വിശുദ്ധമന്ദിരത്തിൽ നിന്നു നിനക്കു സഹായമയയ്ക്കട്ടെ ! സീയോനിൽനിന്നു നിന്നെ തുണയ്ക്കട്ടെ!

(1) നിന്റെ വഴിപാടുകൾ അവിടുന്ന് ഓർക്കുമാറാകട്ടെ! നിന്റെ ദഹനബലികളിൽ അവിടുന്നു സംപ്രീതനാകട്ടെ !
(2) അവിടുന്നു നിന്റെ ഹൃദയാഭിലാഷം സാധിച്ചുതരട്ടെ! അവിടുന്നു നിന്റെ ഉദ്യമങ്ങൾ സഫലമാക്കട്ടെ!

(1) നിന്റെ വിജയത്തിൽ ഞങ്ങൾ ആഹ്ലാദിക്കും; അങ്ങനെ ഞങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ ഞങ്ങൾ വിജയപതാക പാറിക്കും;
(2) കർത്താവു നിന്റെ അപേക്ഷകൾ കൈക്കൊള്ളട്ടെ!

(1) കർത്താവു തന്റെ അഭിഷിക്തനെ സഹായിക്കുമെന്നു ഞാൻ ഇപ്പോൾ അറിയുന്നു; അവിടുന്നു തന്റെ വിശുദ്ധ സ്വർഗ്ഗത്തിൽ നിന്ന് അവന് ഉത്തരമരുളും. വലത്തുകൈകൊണ്ടു മഹത്തായ വിജയം നൽകും.
(2) ചിലർ രഥങ്ങളിലും മറ്റുചിലർ കുതിരകളിലും അഹങ്കരിക്കുന്നു; ഞങ്ങളാകട്ടെ, ഞങ്ങളുടെ ദൈവമായ കർത്താവിന്റെ നാമത്തിൽ അഭിമാനം കൊള്ളുന്നു.

(1) അവർ തകർന്നുവീഴും, എന്നാൽ, ഞങ്ങൾ ശിരസ്സുയർത്തി നിൽക്കും.
(2) കർത്താവേ, രാജാവിനു വിജയം നൽകണമേ! ഞങ്ങൾ വിളിച്ചപേക്ഷിക്കുമ്പോൾ ഞങ്ങൾക്ക് ഉത്തരമരുളണമേ!
(1) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
(2) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും ആമ്മേൻ.
(1) & (2) നിന്റെ കഷ്ടകാലത്തു കർത്താവു നിന്റെ പ്രാർഥന കേൾക്കുമാറാകട്ടെ! യാക്കോബിന്റെ ദൈവത്തിന്റെ നാമം നിന്നെ സംരക്ഷിക്കട്ടെ.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : വി. സൈമണോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L : എന്റെ സ്രഷ്ടാവായ ദൈവമേ മേഘപാളികൾക്കിടയിൽ അങ്ങയെ എതിരേൽക്കുവാൻ എന്നെ അനുഗ്രഹിക്കണമേ.
All: എന്റെ സ്രഷ്ടാവായ ദൈവമേ മേഘപാളികൾക്കിടയിൽ അങ്ങയെ എതിരേൽക്കുവാൻ എന്നെ അനുഗ്രഹിക്കണമേ.

L : ഓ! കർത്താവേ, അങ്ങു മാത്രമാകുന്നു പരിശുദ്ധനും പാപരഹിതനുമായവൻ, സ്വർഗ്ഗീയ പിതാവിന്റെ തിരുഹിതം

പോൽ, അങ്ങയുടെ അവർണ്ണനീയമായ, കരുണ നിറഞ്ഞ സ്നേഹത്താൽ സമ്പൂർണ്ണ മനുഷ്യസ്വഭാവം അങ്ങ് സ്വീകരിച്ചുവല്ലോ.

All: എന്റെ സ്രഷ്ടാവായ ദൈവമേ മേഘപാളികൾക്കിടയിൽ അങ്ങയെ എതിരേൽക്കുവാൻ എന്നെ അനുഗ്രഹിക്കണമേ.

L : കർത്താവായ യേശുവേ, ദൈവത്തിന്റെ വിജ്ഞാനവും ശാന്തിയും ശക്തിയുമായവനേ, അങ്ങ് ഞങ്ങളുടെ മനുഷ്യസ്വഭാവം സ്വീകരിക്കുക വഴി ജീവദായകവും രക്ഷാകരവുമായ പീഡാസഹനം അങ്ങ് ഏറ്റെടുത്തു. അങ്ങനെ എന്റെ ശരീരത്തിന്റെ മരണകാരണമായ ദുർമോഹങ്ങളെ നിർമ്മാർജനം ചെയ്യുകയും ചെയ്തു.

All: എന്റെ സ്രഷ്ടാവായ ദൈവമേ മേഘപാളികൾക്കിടയിൽ അങ്ങയെ എതിരേൽക്കുവാൻ എന്നെ അനുഗ്രഹിക്കണമേ.

L : കർത്താവേ, അങ്ങ് മൂന്നാം ദിനം പുനരുത്ഥാനം ചെയ്തതു വഴി പാപത്തിൽ നിപതിച്ച ഞങ്ങളുടെ ആദിമാതാപിതാക്കളെ കരകയറ്റി. ദൈവമേ പാപത്തിൽ ആണ്ടുപോയ എന്നെയും പശ്ചാത്താപത്തിന്റെ പാതയിലൂടെ ഉയർപ്പിലേക്ക് നയിക്കുമാറാക്കണമേ.

All: എന്റെ സ്രഷ്ടാവായ ദൈവമേ മേഘപാളികൾക്കിടയിൽ അങ്ങയെ എതിരേൽക്കുവാൻ എന്നെ അനുഗ്രഹിക്കണമേ.

L : കർത്താവേ, അങ്ങേ മഹത്വപൂർണ്ണമായ സ്വർഗ്ഗാരോഹണത്താൽ അങ്ങു സ്വീകരിച്ച ഞങ്ങളുടെ മനുഷ്യസ്വഭാവത്തെ വിശുദ്ധീകരിക്കുകയും അങ്ങേപിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായി അതിനെ ആദരണീയമാക്കുകയും ചെയ്തു. അങ്ങേ വലംഭാഗേ, രക്ഷിക്കപ്പെട്ടവരുടെ ഗണത്തിൽ, അങ്ങയുടെ ദിവ്യരഹസ്യങ്ങളിൽ പങ്കുകാരാകാൻ ഞങ്ങളെ അർഹരാക്കണമേ.

All: എന്റെ സ്രഷ്ടാവായ ദൈവമേ മേഘപാളികൾക്കിടയിൽ അങ്ങയെ എതിരേൽക്കുവാൻ എന്നെ അനുഗ്രഹിക്കണമേ.

L : കർത്താവേ, അവിടുത്തെ സഹായകനായ പരിശുദ്ധാത്മാവിന്റെ ആഗമനത്താൽ അങ്ങേ അനുഗ്രഹീത ശിഷ്യഗണത്തെ അങ്ങ് വിശുദ്ധ പാത്രങ്ങളാക്കി മാറ്റി. അവിടുത്തെ വരവിൽ അങ്ങയെ എതിരേല്ക്കാൻ എന്നെയും ഒരുക്കണമേ.

All: എന്റെ സ്രഷ്ടാവായ ദൈവമേ മേഘപാളികൾക്കിടയിൽ അങ്ങയെ എതിരേൽക്കുവാൻ എന്നെ അനുഗ്രഹിക്കണമേ.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All: എന്റെ സ്രഷ്ടാവായ ദൈവമേ മേഘപാളികൾക്കിടയിൽ അങ്ങയെ എതിരേൽക്കുവാൻ എന്നെ അനുഗ്രഹിക്കണമേ.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:
All: കർത്താവേ, അവിടുത്തെ സ്നേഹം എല്ലാവരിലേക്കും ചൊരിയണമേ.

സ്വയംപ്രേരിതപ്രാർത്ഥനകൾ

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.
All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L : നമുക്കു പ്രാർത്ഥിക്കാം. കർത്താവായ ദൈവമേ ഞങ്ങളുടെ ബുദ്ധിക്കതീതമായ രഹസ്യങ്ങളിലൂടെ നവജീവന്റെ ലോകം അവിടുന്ന് ഞങ്ങൾക്ക് നല്കി. ദൈവമേ, അവിടുത്തോട് ചേർന്ന് എല്ലാ കാര്യങ്ങളും ക്രിസ്തുകേന്ദ്രീകൃതമായി ചെയ്യുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേ പുത്രനായ ക്രിസ്തു വഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 22

സങ്കീർത്തനം 48 വി. തോമസ് മൂർ

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2. സങ്കീർത്തനം 48**

(1) കർത്താവ് ഉന്നതനാണ്; നമ്മുടെ ദൈവത്തിന്റെ നഗരത്തിൽ അത്യന്തം സ്തുത്യർഹനുമാണ്.
(2) ഉയർന്നു മനോഹരമായ അവിടുത്തെ വിശുദ്ധഗിരി ഭൂമി മുഴുവന്റെയും സന്തോഷമാണ്; അങ്ങു വടക്കുള്ള സീയോൻ പർവ്വതം ഉന്നതനായരാജാവിന്റെ നഗരമാണ്.

(1) അതിന്റെ കോട്ടകൾക്കുള്ളിൽ ദൈവം സുനിശ്ചിതമായ അഭയകേന്ദ്രമായി വെളിപ്പെട്ടിരിക്കുന്നു.

(2) ഇതാ, രാജാക്കൻമാർ സമ്മേളിച്ചു; അവർ ഒത്തൊരുമിച്ചു മുന്നേറി

(1) സീയോനെ കണ്ട് അവർ അമ്പരന്നു; പരിഭ്രാന്തരായ അവർ പലായനം ചെയ്തു.

(2) അവിടെവച്ച് അവർ ഭയന്നുവിറച്ചു; ഈറ്റുനോവിനൊത്ത കഠിനവേദന അവരെ ഗ്രസിച്ചു.

(1) കിഴക്കൻ കാറ്റിൽപെട്ട താർഷീഷ് കപ്പലുകളെപ്പോലെ അവർ തകരുന്നു.

(2) നാം കേട്ടതുപോലെതന്നെ സൈന്യങ്ങളുടെ കർത്താവിന്റെ നഗരത്തിൽ നാം കണ്ടു. ദൈവം എന്നേക്കുമായി സ്ഥാപിച്ചിരിക്കുന്ന അവിടുത്തെ നഗരത്തിൽത്തന്നെ.

(1) ദൈവമേ, അങ്ങയുടെ ആലയത്തിൽ ഞങ്ങൾ അങ്ങയുടെ കാരുണ്യത്തെ ധ്യാനിച്ചു.

(2) ദൈവമേ, അങ്ങയുടെ നാമമെന്നപോലെ തന്നെ അങ്ങയുടെ സ്തുതികളും ഭൂമിയുടെ അതിരുകളോളം എത്തുന്നു; അവിടുത്തെ വലംകൈ വിജയംകൊണ്ടു നിറഞ്ഞിരിക്കുന്നു.

(1) സീയോൻമല സന്തോഷിക്കട്ടെ! അങ്ങയുടെ ന്യായവിധികൾമൂലം യൂദായുടെ പുത്രിമാർ ആഹ്ളാദിക്കട്ടെ !

(2) സീയോനു ചുറ്റും സഞ്ചരിക്കുവിൻ; അതിനു പ്രദക്ഷിണം വയ്ക്കുവിൻ, അതിന്റെ ഗോപുരങ്ങൾ എണ്ണുവിൻ.

(1) അതിന്റെ കൊത്തളങ്ങളെ ശ്രദ്ധിക്കുകയും കോട്ടകളെ നടന്നു കാണുകയും ചെയ്യുവിൻ;

(2) ഇവിടെയാണു ദൈവം; ഈ ദൈവമാണ് എന്നേക്കുമുള്ള നമ്മുടെ ദൈവം; അവിടുന്ന് എന്നും നമ്മെ നയിക്കുമെന്നു വരുംതലമുറയോടു പറയാൻ വേണ്ടിത്തന്നെ.

(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) കർത്താവ് ഉന്നതനാണ്; നമ്മുടെ ദൈവത്തിന്റെ നഗരത്തിൽ അത്യന്തം സ്തുത്യർഹനുമാണ്.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

5. പ്രത്യുത്തരം

L : വി. തോമസ് മൂറിനോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L : നല്ല ദൈവമേ, മനുഷ്യരുടെ നാവിൽ നിന്നും പുറപ്പെടുന്ന വാക്കുകളിൽ കുടുങ്ങാതെ എന്റെ മനസ്സ് അചഞ്ചലമായി അങ്ങയിൽ ആയിരിക്കുവാനുള്ള കൃപ എനിക്കു നൽകണമേ.

All: നല്ല ദൈവമേ, മനുഷ്യരുടെ നാവിൽ നിന്നും പുറപ്പെടുന്ന വാക്കുകളിൽ കുടുങ്ങാതെ എന്റെ മനസ്സ് അചഞ്ചലമായി അങ്ങയിൽ ആയിരിക്കുവാനുള്ള കൃപ എനിക്കു നൽകണമേ.

L : കർത്താവേ, എകാന്തതയിൽ സംതൃപ്തി കണ്ടെത്താൻ, ലോകസുഖങ്ങൾ തേടാതിരിക്കാൻ, പടിപടിയായി ലോകത്തെ പൂർണ്ണമായും ഉരിഞ്ഞു മാറ്റുവാൻ, മനസ്സിൽ നിന്നും അതിന്റെ എല്ലാ ചെയ്തികളും അകറ്റുവാൻ.

All: നല്ല ദൈവമേ മനുഷ്യരുടെ നാവിൽ നിന്നും പുറപ്പെടുന്ന വാക്കുകളിൽ കുടുങ്ങാതെ എന്റെ മനസ്സ് അചഞ്ചലമായി അങ്ങയിൽ ആയിരിക്കുവാനുള്ള കൃപ എനിക്കു നൽകണമേ.

L : സന്തോഷപൂർവ്വം ദൈവചിന്തയിൽ മുഴുകുവാൻ, ബലഹീനതയിൽ അങ്ങേ സഹായം അപേക്ഷിക്കാൻ ദയനീയനായി അങ്ങേ സാന്ത്വനത്തിലേക്ക് എന്റെ തല ചായ്ക്കാൻ, പ്രവർത്തന നിരതനായി അങ്ങേ സ്നേഹിക്കാൻ.

All: നല്ല ദൈവമേ മനുഷ്യരുടെ നാവിൽ നിന്നും പുറപ്പെടുന്ന വാക്കുകളിൽ കുടുങ്ങാതെ എന്റെ മനസ്സ് അചഞ്ചലമായി അങ്ങയിൽ ആയിരിക്കുവാനുള്ള കൃപ എനിക്കു നൽകണമേ.

L : ദൈവമേ, ആനന്ദത്തോടെ എന്റെ ശുദ്ധീകരണ സ്ഥലം ഇവിടെ അനുഭവിക്കുവാൻ, കഷ്ടപ്പാടുകളിൽ ആഹ്ലാദിക്കുവാൻ, ജീവനിലേക്ക് നയിക്കുന്ന ഇടുങ്ങിയ പാതയിലൂടെ ചരിക്കുവാൻ.

All: നല്ല ദൈവമേ മനുഷ്യരുടെ നാവിൽ നിന്നും പുറപ്പെടുന്ന വാക്കുകളിൽ കുടുങ്ങാതെ എന്റെ മനസ്സ് അചഞ്ചലമായി അങ്ങയിൽ ആയിരിക്കുവാനുള്ള കൃപ എനിക്കു നൽകണമേ.

L : ക്രിസ്തു എനിക്കായി സഹിച്ച പീഡാനുഭവം നിരന്തരം മനസ്സിൽ സൂക്ഷിക്കുവാൻ, അങ്ങേ ദാനങ്ങൾക്കായി അവിരാമം നന്ദിയർപ്പിക്കാൻ.

All: നല്ല ദൈവമേ മനുഷ്യരുടെ നാവിൽ നിന്നും പുറപ്പെടുന്ന വാക്കുകളിൽ കുടുങ്ങാതെ എന്റെ മനസ്സ് അചഞ്ചലമായി അങ്ങയിൽ ആയിരിക്കുവാനുള്ള കൃപ എനിക്കു നൽകണമേ.

L : കർത്താവേ, ഞങ്ങളുടെ സ്നേഹവും പ്രതിപത്തിയും കൊണ്ട് ചെയ്യാവുന്നതിലും എത്രയോ അധികം നന്മ ജോസഫിന്റെ സഹോദരന്മാർ വെറുപ്പോടും വിദ്വേഷത്തോടും കൂടെ അദ്ദേഹത്തിന് ചെയ്തു കൊടുത്തല്ലോ. ആയതിനാൽ എന്റെ ബന്ധശത്രുക്കളെ ഉത്തമസ്നേഹിതരായി കരുതാൻ.

All: നല്ല ദൈവമേ മനുഷ്യരുടെ നാവിൽ നിന്നും പുറപ്പെടുന്ന വാക്കുകളിൽ കുടുങ്ങാതെ എന്റെ മനസ്സ് അചഞ്ചലമായി അങ്ങയിൽ ആയിരിക്കുവാനുള്ള കൃപ എനിക്കു നൽകണമേ.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: നല്ല ദൈവമേ മനുഷ്യരുടെ നാവിൽ നിന്നും പുറപ്പെടുന്ന വാക്കുകളിൽ കുടുങ്ങാതെ എന്റെ മനസ്സ് അചഞ്ചലമായി അങ്ങയിൽ ആയിരിക്കുവാനുള്ള കൃപ എനിക്കു നൽകണമേ.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L : സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All: കർത്താവേ, ഞങ്ങളുടെ വിശ്വാസം അങ്ങിലാകുന്നു.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L: നമുക്കു പ്രാർത്ഥിക്കാം. കർത്താവായ ദൈവമേ, അവിടുന്ന് ഹൃദയനൈർമ്മല്യത്തെ സ്നേഹിക്കുന്നുവെന്ന് ഞങ്ങളറിയുന്നു. ഞങ്ങളുടെ ഹൃദയങ്ങളെ അങ്ങിലേക്ക് തിരിക്കണമേ. അവിടുത്തെ പരിശുദ്ധാത്മഅഗ്നിയാൽ ഞങ്ങളുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കണമേ. അതുവഴി വിശ്വാസത്തിൽ അടിയുറയ്ക്കുവാനും അവിടുത്തെ തിരുഹിതം സ്നേഹപൂർവ്വം നിറവേറ്റി ജീവിക്കുവാനും ഞങ്ങൾക്ക് ഇടയാകട്ടെ. അങ്ങേപുത്രനായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 23

സങ്കീർത്തനം 30 പോപ്പ് ജോൺപോൾ രണ്ടാമൻ

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2. സങ്കീർത്തനം 30**

(1) എന്റെ ദൈവമായ കർത്താവേ, ഞാനങ്ങയോടു നിലവിളിച്ച് അപേക്ഷിച്ചു, അവിടുന്ന് എന്നെ സുഖപ്പെടുത്തുകയും ചെയ്തു
(2) കർത്താവേ, ഞാനങ്ങയെ പാടിപ്പുകഴ്ത്തും, അവിടുന്ന് എന്നെ രക്ഷിച്ചു; എന്റെ ശത്രു എന്റെമേൽ വിജയമാഘോഷിക്കാൻ ഇടയാക്കിയില്ല.

(1) കർത്താവേ, അവിടുന്ന് എന്നെ പാതാളത്തിൽനിന്നു കരകയറ്റി; മരണഗർത്തത്തിൽ പതിച്ചവരുടെയിടയിൽനിന്ന് എന്നെ ജീവനിലേക്ക് ആനയിച്ചു.

(2) കർത്താവിൻെറ വിശുദ്ധരേ, അവിടുത്തെ പാടിപ്പുകഴ്ത്തുവിൻ; അവിടുത്തെ പരിശുദ്ധനാമത്തിനു കൃതജ്ഞതയർപ്പിക്കുവിൻ.

(1) എന്തെന്നാൽ, അവിടുത്തെ കോപം നിമിഷനേരത്തേക്കേ ഉള്ളു; അവിടുത്തെ പ്രസാദം ആജീവനാന്തം നിലനിൽക്കുന്നു;
(2) രാത്രിയിൽ വിലാപമുണ്ടായേക്കാം; എന്നാൽ പ്രഭാതത്തോടെ സന്തോഷത്തിൻെറ വരവായി.

(1) ഞാനൊരിക്കലും കുലുങ്ങുകയില്ലെന്ന് ഐശ്വര്യകാലത്തു ഞാൻ പറഞ്ഞു
(2) കർത്താവേ, അങ്ങയുടെ കാരുണ്യം എന്നെ ശക്തമായ പർവതത്തെപ്പോലെ ഉറപ്പിച്ചിരുന്നു;

(1) അങ്ങു മുഖം മറച്ചപ്പോൾ ഞാൻ പരിഭ്രമിച്ചുപോയി.
(2) കർത്താവേ, അങ്ങയോടു ഞാൻ നിലവിളിച്ചു; ഞാൻ കർത്താവിനോടു യാചിച്ചു.

(1) ഞാൻ പാതാളത്തിൽ പതിച്ചാൽ എൻെറ മരണംകൊണ്ട് എന്തു ഫലം? ധൂളി അങ്ങയെ വാഴ്ത്തുമോ? അത് അങ്ങയുടെ വിശ്വസ്തതയെ പ്രഘോഷിക്കുമോ?
(2) കർത്താവേ, എൻെറ യാചന കേട്ട് എന്നോടു കരുണ തോന്നണമേ! കർത്താവേ, അവിടുന്ന് എന്നെസഹായിക്കണമേ!

(1) അവിടുന്ന് എൻെറ വിലാപത്തെ ആനന്ദനൃത്തമാക്കി മാറ്റി; അവിടുന്ന് എന്നെ ചാക്കുവസ്ത്രമഴിച്ച് ആനന്ദമണിയിച്ചു.
(2) ഞാൻ മൗനംപാലിക്കാതെ അങ്ങയെപാടിപ്പുകഴ്ത്തും; ദൈവമായ കർത്താവേ, ഞാനങ്ങേക്ക് എന്നും നന്ദിപറയും.

(1) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
(2) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) എൻെറ ദൈവമായ കർത്താവേ, ഞാനങ്ങയോടു നിലവിളിച്ച് അപേക്ഷിച്ചു, അവിടുന്ന് എന്നെ സുഖപ്പെടുത്തുകയും ചെയ്തു

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : ജോൺപോൾ രണ്ടാമൻ മാർപാപ്പയോടൊപ്പം നമുക്കു പ്രാർത്ഥിക്കാം

L : ദൈവമേ അവിടുത്തെ ജനത്തെ സ്നേഹത്തിൽ വളർത്തണമേ.

All: ദൈവമേ അവിടുത്തെ ജനത്തെ സ്നേഹത്തിൽ വളർത്തണമേ.

L : നസ്രത്തിലെ തിരുക്കുടുംബമേ, ക്രിസ്തീയ കുടുംബങ്ങളുടെ ആദർശവും മാതൃകയുമായ ഈശോ മറിയം യൗസേപ്പേ നിങ്ങളുടെ സ്നേഹത്തിലേക്ക് ഞങ്ങളുടെ കുടുംബങ്ങളെ ഞങ്ങൾ സമർപ്പിക്കുന്നു.

All: ദൈവമേ അവിടുത്തെ ജനത്തെ സ്നേഹത്തിൽ വളർത്തണമേ.

L : വിശ്വാസത്തിലേക്കും ദൈവവചന സ്വീകരണത്തിലേക്കും ക്രിസ്തീയ സാക്ഷ്യത്തിലേക്കും എല്ലാ കുടുംബങ്ങളുടെയും ഹൃദയം തുറക്കപ്പെടട്ടെ. അതുവഴി നവീനവും പരിശുദ്ധവുമായ ദൈവവിളികളുടെ ഉറവിടവുമായി അവ മാറട്ടെ.

All: ദൈവമേ അവിടുത്തെ ജനത്തെ സ്നേഹത്തിൽ വളർത്തണമേ.

L : ദൈവമേ, മാതാപിതാക്കളുടെ ഹൃദയങ്ങളെ സ്പർശിക്കണമേ. ദീനദയാലുത്വവും ബദ്ധശ്രദ്ധയും ഭക്തിസ്നേഹവും കൊണ്ട് അവർ അവരുടെ മക്കളെ ആത്മീയവും നിത്യവുമായ കാര്യങ്ങളിലേക്ക് നയിക്കുമാറാകട്ടെ.

All: ദൈവമേ അവിടുത്തെ ജനത്തെ സ്നേഹത്തിൽ വളർത്തണമേ.

L : ദൈവമേ, യുവഹൃദയങ്ങളെ അവിടുന്ന് ഉണർത്തി ശരിയായ മനസാക്ഷിയും സ്വാതന്ത്ര്യവും നല്കി, "ജ്ഞാനത്തിലും പ്രായത്തിലും കൃപയിലും" അവരെ വളർത്തണമേ. അങ്ങനെ അവർ ദൈവവിളിയുടെ ദാനം കരുത്തോടെ സ്വന്തമാക്കട്ടെ.

All: ദൈവമേ അവിടുത്തെ ജനത്തെ സ്നേഹത്തിൽ വളർത്തണമേ.

L : നസ്രത്തിലെ തിരുക്കുടുംബമേ, "അവിടുത്തെ പൂർണ്ണമായും ഞങ്ങൾക്ക് നൽകിയവനേ", അങ്ങയോടു ചേർന്ന് നിന്ന് അങ്ങയെ അനുഗമിക്കുവാൻ ഞങ്ങളെ വിളിച്ച ഈശോയേ, അങ്ങേ തിരുഹിതം നിറവേറ്റിക്കൊണ്ട് ദീർഘവീക്ഷണത്താൽ അങ്ങയെ അനുധാവനം ചെയ്യാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

All: ദൈവമേ അവിടുത്തെ ജനത്തെ സ്നേഹത്തിൽ വളർത്തണമേ.

L :  പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All:  ദൈവമേ അവിടുത്തെ ജനത്തെ സ്നേഹത്തിൽ വളർത്തണമേ.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L : സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:
All:  കർത്താവേ, ഞങ്ങളുടെ പ്രത്യാശ അങ്ങയിലാകുന്നു.

സ്വയംപ്രേരിതപ്രാർത്ഥനകൾ

**7. സമാപനം**

L : കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.
All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L : നമുക്ക് പ്രാർത്ഥിക്കാം, സർവ്വശക്തനായ ദൈവമേ അവിടുത്തെ കൃപാവരത്താൽ ഞങ്ങളെ വിശുദ്ധീകരിക്കണമേ. കർത്താവേ, ആത്മാർത്ഥ പ്രയത്നത്തിലൂടെ ഞങ്ങളുടെ ജീവിതങ്ങളെ നവീകരിക്കുവാനും അവിടുത്തെ കല്പനകളോട് വിശ്വസ്തത പുലർത്തുവാനും ഞങ്ങളെ സഹായിക്കണമേ.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 24

സങ്കീർത്തനം 119　　　പോപ്പ് ക്ലമന്റ് XI

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2 സങ്കീർത്തനം 119**

(1) അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്.
(2) അങ്ങയുടെ നീതിയുക്തമായ കൽപനകൾ പാലിക്കുമെന്നു ഞാൻ ശപഥപൂർവം നിശ്ചയിച്ചു.
(1) അങ്ങയുടെ വാക്കുകൾ എനിക്ക് എത്ര മധുരമാണ്! അവ എന്റെ നാവിനു തേനിനെക്കാൾ മധുരമാണ്.
(2) അങ്ങയുടെ പ്രമാണങ്ങളാൽ ഞാൻ അറിവു നേടി; അതിനാൽ വ്യാജ മാർഗങ്ങൾ ഞാൻ വെറുക്കുന്നു

(1) ഞാൻ അത്യന്തം പീഡിതനാണ്; കർത്താവേ, അങ്ങയുടെ വാഗ്ദാനം അനുസരിച്ച് എനിക്കു ജീവൻ നൽകണമേ!

(2) കർത്താവേ, ഞാൻ അർപ്പിക്കുന്ന സ്തോത്രങ്ങൾ കൈക്കൊള്ളണമേ! അങ്ങയുടെ കൽപനകൾ എന്നെ പഠിപ്പിക്കണമേ!

(1) എന്റെ ജീവൻ എപ്പോഴും അപകടത്തിലാണ്; എന്നാലും ഞാൻ അങ്ങയുടെ നിയമം മറക്കുന്നില്ല.

(2) ദുഷ്ടർ എനിക്കു കെണിവച്ചിരിക്കുന്നു; എന്നാൽ, ഞാൻ അങ്ങയുടെ പ്രമാണങ്ങളിൽനിന്നു വ്യതിചലിക്കുയില്ല.

(1) അങ്ങയുടെ കൽപനകളാണ് എന്നേക്കും എന്റെ ഓഹരി; അവ എന്റെ ഹൃദയത്തിന്റെ ആനന്ദമാണ്.

(2) അവിടുത്തെ ചട്ടങ്ങൾ അന്ത്യംവരെ ഇടവിടാതെ പാലിക്കാൻ ഞാൻ എന്റെ ഹൃദയത്തെ ഉത്സുകമാക്കിയിരിക്കുന്നു.

(1) കപടഹൃദയരെ ഞാൻ വെറുക്കുന്നു; ഞാൻ അങ്ങയുടെ നിയമത്തെ സ്നേഹിക്കുന്നു.

(2) അവിടുന്ന് എന്റെ അഭയകേന്ദ്രവും പരിചയുമാണ്; ഞാൻ അങ്ങയുടെ വചനത്തിൽ പ്രത്യാശയർപ്പിക്കുന്നു.

(1) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(2) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : ക്ലമന്റ് പതിനൊന്നാമൻ പാപ്പയോടൊപ്പം നമുക്കു പ്രാർത്ഥിക്കാം

L : ദൈവമേ പൂർണ്ണഹൃദയത്തോടെ ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും അങ്ങയെ കൂടുതലായി സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ.

All: ദൈവമേ പൂർണ്ണഹൃദയത്തോടെ ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും അങ്ങയെ കൂടുതലായി സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ.

L : ഓ! എന്റെ ദൈവമേ. ഞാൻ അങ്ങിൽ വിശ്വസിക്കുന്നു. എന്റെ വിശ്വാസത്തെ അങ്ങ് ശക്തിപ്പെടുത്തണേ. എന്റെ എല്ലാ പ്രത്യാശയും അങ്ങിലാകുന്നു. അങ്ങ് അവയെ ദൃഢമാക്കണമേ.

All : ദൈവമേ പൂർണ്ണഹൃദയത്തോടെ ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും അങ്ങയെ കൂടുതലായി സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ.

L : ദൈവമേ എന്നോടുള്ള അവിടുത്തെ നിത്യസഹായത്തെ പ്രതി ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു. ഞാനങ്ങയെ വിളിക്കുന്നു. അവിടുന്നാണെന്റെ സർവ്വാധികാരിയും സംരക്ഷകനും.

All : ദൈവമേ പൂർണ്ണഹൃദയത്തോടെ ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും അങ്ങയെ കൂടുതലായി സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ.

L : ദൈവമേ, എന്റെ എല്ലാ ചിന്തകളും വാക്കുകളും പ്രവൃത്തികളും ക്ലേശങ്ങളുമെല്ലാം അവിടുന്ന് പവിത്രീകരിക്കണമേ, അങ്ങനെ അങ്ങയെക്കുറിച്ച് ചിന്തിക്കുവാനും സംസാരിക്കുവാനും അവിടുന്ന് എന്നെ ഏല്പിച്ച കാര്യങ്ങൾ ഏറ്റവും സന്തോഷത്തോടെ അവിടുത്തെ വലിയ മഹത്വത്തിനായി ചെയ്യുവാനും ഞാൻ സന്നദ്ധനാകട്ടെ.

All : ദൈവമേ പൂർണ്ണഹൃദയത്തോടെ ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും അങ്ങയെ കൂടുതലായി സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ.

L : ദൈവമേ, എന്റെ അറിവിനു വെളിച്ചവും ആഗ്രഹത്തിന് ജ്വലനവും ശരീരത്തിന് വിശുദ്ധിയും ആത്മാവിന് പവിത്രതയും നൽകണമേയെന്ന് അങ്ങയോട് ഞാൻ യാചിക്കുന്നു. ദൈവമേ അഹംഭാവത്തിലും മുഖസ്തുതിയിലും ഈ ലോക വ്യാമോഹങ്ങളിലും പിശാചിന്റെ വഞ്ചനയിലും അകപ്പെടുവാൻ എന്നെ അനുവദിക്കരുതേ.

All : ദൈവമേ പൂർണ്ണഹൃദയത്തോടെ ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും അങ്ങയെ കൂടുതലായി സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ.

L : ദൈദൈവമേ ഇന്ദ്രിയ നിഗ്രഹം വഴി എന്റെ ചിന്തകളെ വിശുദ്ധീകരിക്കുവാനും എന്റെ നാവിനെയും കണ്ണുകളേയും നിയന്ത്രിക്കുവാനും അവിടുന്ന് കൃപ ചൊരിയണമെ.

All : ദൈവമേ പൂർണ്ണഹൃദയത്തോടെ ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും അങ്ങയെ കൂടുതലായി സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ.

L : ഓ! എന്റെ ദൈവമേ എന്റെ പാപങ്ങളുടെ പരിഹാരത്തിനായും പ്രലോഭനങ്ങളെ അതിജീവിക്കുവാനും വികാരങ്ങളെ നിയന്ത്രിക്കുവാനും എന്റെ നിലനില്പിനാവശ്യമായ നന്മകൾ കൈവരിക്കുവാനുമുള്ള ശക്തി അവിടുന്നെനിക്ക് പ്രദാനം ചെയ്യണമേ.

All : ദൈവമേ പൂർണ്ണഹൃദയത്തോടെ ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും അങ്ങയെ കൂടുതലായി സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ.

L : ഓ. ഈശോയെ അവിടുത്തെ സദ്മാർഗ്ഗത്തെയും സദ്ജീവിതത്തെയും ഓർത്തുകൊണ്ട് ശത്രുക്കളെ സ്നേഹിക്കുവാനും ദ്രോഹിച്ചവരെ സഹായിക്കുവാനും പീഡിപ്പിച്ചവർക്കു നന്മ ചെയ്യുവാനും അപകീർത്തിപ്പെടുത്തിയവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും എന്നെ അനുഗ്രഹിക്കണമേ.

All : ദൈവമേ പൂർണ്ണഹൃദയത്തോടെ ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും അങ്ങയെ കൂടുതലായി സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All : ദൈവമേ പൂർണ്ണഹൃദയത്തോടെ ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും അങ്ങയെ കൂടുതലായി സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L : സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All : കർത്താവേ, അവിടുത്തെ ജനത്തോടു കൂടെയായിരിക്കണമേ.

സ്വയംപ്രേരിതപ്രാർത്ഥനകൾ

**7. സമാപനം**

L : കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L : നമുക്ക് പ്രാർത്ഥിക്കാം, കർത്താവായ ദൈവമേ അവിടുത്തെ സമൃദ്ധമായ കൃപയാൽ സകലനന്മകളോടും കൂടെ ഞങ്ങളെ സമ്പന്നരാക്കണമേ. ക്രിസ്തുവിന്റെ സാദൃശ്യത്തിലേക്ക് ഞങ്ങളെ രൂപാന്തരപ്പെടുത്തുകയും അവിടുത്തെ രാജ്യത്തിന്റെ മഹത്വത്തിനായി ഞങ്ങളെ ഒരുക്കുകയും ചെയ്യണമേ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 25

സങ്കീർത്തനം 57 വി. ഫ്രാൻസീസ് സേവ്യർ

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2 സങ്കീർത്തനം 57**

(1) ദൈവമേ, അങ്ങ് ആകാശത്തിനുമേൽ ഉയർന്നു നിൽക്കണമേ; അങ്ങയുടെ മഹത്ത്വം ഭൂമിയിലെങ്ങും നിറയട്ടെ.
(2) എന്നോടു കൃപയുണ്ടാകണമേ! ദൈവമേ, എന്നോടു കൃപതോന്നണമേ! അങ്ങയിലാണു ഞാൻ അഭയം തേടുന്നത്; വിനാശത്തിന്റെ കൊടുങ്കാറ്റു കടന്നുപോകുവോളം ഞാൻ അങ്ങയുടെ ചിറകിൻകീഴിൽ ശരണം പ്രാപിക്കുന്നു.

(1) അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു; എനിക്കുവേണ്ടി എല്ലാം ചെയ്തുതരുന്ന ദൈവത്തെത്തന്നെ.

(2) അവിടുന്നു സ്വർഗത്തിൽനിന്നു സഹായമയച്ച് എന്നെ രക്ഷിക്കും, എന്നെ ചവിട്ടിമെതിക്കുന്നവരെ അവിടുന്നു ലജ്ജിപ്പിക്കും; ദൈവം തൻെറ കാരുണ്യവും വിശ്വസ്തതയും അയയ്ക്കും

(1) മനുഷ്യമക്കളെ ആർത്തിയോടെ വിഴുങ്ങുന്ന സിംഹങ്ങളുടെ നടുവിലാണു ഞാൻ; അവയുടെ പല്ലുകൾ കുന്തങ്ങളും അസ്ത്രങ്ങളുമാണ്, അവയുടെ നാവുകൾ മൂർച്ചയുള്ള വാളുകളും.

(2) എൻെറ ഹൃദയം അചഞ്ചലമാണ്; ദൈവമേ, എൻെറ ഹൃദയം അചഞ്ചലമാണ്; ഞാൻ അങ്ങയെ പാടി സ്തുതിക്കും.

(1) എൻെറ ഹൃദയമേ, ഉണരുക: വീണയും കിന്നരവും ഉണരട്ടെ ഞാൻ പ്രഭാതത്തെ ഉണർത്തും.

(2) കർത്താവേ, ജനതകളുടെ മധ്യത്തിൽ ഞാൻ അങ്ങേക്കു കൃതജ്ഞതയർപ്പിക്കും; ജനതകളുടെയിടയിൽ ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും.

(1) അങ്ങയുടെ കാരുണ്യം ആകാശത്തോളവും അങ്ങയുടെ വിശ്വസ്തത മേഘങ്ങളോളവും വലുതാണ്.

(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) ദൈവമേ, അങ്ങ് ആകാശത്തിനുമേൽ ഉയർന്നു നിൽക്കണമേ; അങ്ങയുടെ മഹത്ത്വം ഭൂമിയിലെങ്ങും നിറയട്ടെ.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : വി. ഫ്രാൻസീസ് സേവ്യറിനോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L : ഓ! ദൈവമേ, ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും ഞാനങ്ങയെ സ്നേഹിക്കും.

All: ഓ! ദൈവമേ, ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും ഞാനങ്ങയെ സ്നേഹിക്കും.

L : ഓ! ദൈവമേ, ഞാനങ്ങയെ സ്നേഹിക്കുന്നു. സ്വർഗ്ഗം ലഭിക്കുമെന്ന പ്രത്യാശയിലല്ല. അങ്ങയെ സ്നേഹിക്കാതിരുന്നാൽ നിത്യാഗ്നിയിൽ പതിയ്ക്കുമെന്ന ഭീതിയാലുമല്ല.

All: ഓ! ദൈവമേ, ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും ഞാനങ്ങയെ സ്നേഹിക്കും.

L : എന്റെ, യേശുവേ, ആരാധ്യനായവനേ, അങ്ങേ കുരിശു മരണത്തിൽ അവിടുത്തെ കരങ്ങൾ അവിടുന്നെനിക്കായി നീട്ടി. എന്നെപ്രതി കാരിരുമ്പാണിയും കുന്തമുനയും അവഹേളനങ്ങളും വികൃതമാക്കപ്പെട്ട മുഖവും അവിടുന്നേറ്റു വാങ്ങി.

All: ഓ! ദൈവമേ, ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും ഞാനങ്ങയെ സ്നേഹിക്കും.

L : എണ്ണമില്ലാത്ത ദുഃഖങ്ങളും വിയർപ്പുകണികകളും, ആകുലതകളും ഭാരങ്ങളും, അതേ കുരിശുമരണം തന്നെയും അവിടുന്ന് എനിക്കായി, എന്റെ പാപസാഹചര്യം മുന്നിൽ കണ്ട് ഏറ്റെടുത്തു.

All: ഓ! ദൈവമേ, ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും ഞാനങ്ങയെ സ്നേഹിക്കും.

L : ഞാനുമായി ഇത്രയധികം സ്നേഹത്തിലായിരിക്കുന്ന ഈശോയേ, എങ്ങനെ എനിക്കങ്ങയെ സ്നേഹിക്കാതിരിക്കാനാവും? സ്വർഗ്ഗത്തെ പ്രതിയല്ല, നരകത്തിൽ പതിക്കാതിരിക്കാനല്ല, മറ്റെന്തെങ്കിലും നേട്ടങ്ങൾ മുന്നിൽക്കണ്ടുമല്ല ഞാനങ്ങയെ സ്നേഹിക്കുന്നത്.

All: ഓ! ദൈവമേ, ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും ഞാനങ്ങയെ സ്നേഹിക്കും.

L : എപ്രകാരം അങ്ങെന്നെ സ്നേഹിച്ചുവോ, അപ്രകാരം ഞാനങ്ങയെ സ്നേഹിക്കുന്നു. ഞാൻ എന്നും, അങ്ങയെ സ്നേഹിക്കും. എന്റെ ദൈവവും രാജാവുമായവനെ ഞാനങ്ങയെ സ്നേഹിക്കുന്നു.

All: ഓ! ദൈവമേ, ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും ഞാനങ്ങയെ സ്നേഹിക്കും.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: ഓ! ദൈവമേ, ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നും ഞാനങ്ങയെ സ്നേഹിക്കും.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L : സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:
All: ദൈവമേ, അവിടുത്തെ സ്നേഹത്തിന്റെ അമൂല്യത ഞങ്ങളിലേക്ക് വർഷിക്കണമേ.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L : കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.
All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L : നമുക്കു പ്രാർത്ഥിക്കാം. ദൈവമേ, അവിടുത്തെ സ്നേഹം എല്ലാറ്റിനെയും നവീകരിക്കുന്നതും എല്ലാ പ്രതീക്ഷകളുടെ ഉറവിടവുമാകുന്നുവല്ലോ ഇവയെല്ലാം അങ്ങയുടെ രാജ്യത്തിൽ ജീവിക്കുവാനും പ്രവൃത്തിക്കാനുമാണെന്ന് ഓർക്കുവാൻ ഞങ്ങളെ സഹായിക്കണമേ. കർത്താവേ, അവിടുത്തെ സന്തോഷവും സമാധാനവും ഈ ലോകത്തിനു നൽകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേ പുത്രനായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 26

സങ്കീർത്തനം 119 വി. അഗസ്റ്റിൻ

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2. സങ്കീർത്തനം 119**

(1) അങ്ങയുടെ വചനത്തെപ്പറ്റി ധ്യാനിക്കാൻ വേണ്ടി രാത്രിയുടെ യാമങ്ങളിൽ ഞാൻ ഉണർന്നിരിക്കുന്നു.
(2) അതിരാവിലെ ഞാൻ ഉണർന്ന്, സഹായത്തിനുവേണ്ടി നിലവിളിക്കുന്നു; ഞാൻ അങ്ങയുടെ വാഗ്ദാനത്തിൽ പ്രത്യാശയർപ്പിക്കുന്നു.

(1) പൂർണ്ണഹൃദയത്തോടെ ഞാൻ വിളിച്ചപേക്ഷിക്കുന്നു; കർത്താവേ, എനിക്കുത്തരമരുളണമേ! ഞാൻ അങ്ങയുടെ ചട്ടങ്ങൾ പാലിക്കും.

(2) ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു, എന്നെ രക്ഷിക്കണമേ! ഞാൻ അങ്ങയുടെ കൽപനകൾ അനുസരിക്കട്ടെ!

(1) കാരുണ്യപൂർവം എന്റെ സ്വരം കേൾക്കണമേ! കർത്താവേ, അങ്ങയുടെ നീതിയാൽ എന്റെ ജീവനെ കാത്തുകൊള്ളണമേ!

(2) ക്രൂരമർദ്ദകർ എന്നെ സമീപിക്കുന്നു, അവർ അങ്ങയുടെ നിയമത്തിൽ നിന്നു വളരെ അകലെയാണ്.

(1) എന്നാൽ, കർത്താവേ, അവിടുന്നു സമീപസ്ഥനാണ്; അവിടുത്തെ കൽപനകൾ സത്യമാണ്.

(2) അങ്ങയുടെ കൽപനകൾ ശാശ്വതമാണെന്നു പണ്ടേ ഞാൻ അറിഞ്ഞിരിക്കുന്നു.

(1) എന്റെ സഹനങ്ങൾ കണ്ട് എന്നെ മോചിപ്പിക്കണമേ! എന്തെന്നാൽ, ഞാൻ അങ്ങയുടെ നിയമം മറക്കുന്നില്ല.

(2) എനിക്കുവേണ്ടി വാദിച്ച് എന്നെ വിടുവിക്കണമേ! അങ്ങയുടെ വാഗ്ദാനമനുസരിച്ച് എനിക്കു ജീവൻ നൽകണമേ!

(1) കർത്താവേ, അങ്ങയുടെ കാരുണ്യം വലുതാണ്, അങ്ങയുടെ നീതിക്കൊത്ത് എനിക്കുജീവൻ നൽകണമേ!

(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും, ആമ്മേൻ.

(1) & (2) അങ്ങയുടെ വചനത്തെപ്പറ്റി ധ്യാനിക്കാൻ വേണ്ടി രാത്രിയുടെ യാമങ്ങളിൽ ഞാൻ ഉണർന്നിരിക്കുന്നു.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : വി. അഗസ്റ്റിനോടൊപ്പം പരിശുദ്ധാത്മാവിനോട് നമുക്കു അപേക്ഷിക്കാം.

L : പരിശുദ്ധാത്മാവേ, എന്നെ സംരക്ഷിക്കണമേ. അതുവഴി ഞാനെപ്പോഴും വിശുദ്ധിയിൽ നിലകൊള്ളട്ടെ.

All: പരിശുദ്ധാത്മാവേ, എന്നെ സംരക്ഷിക്കണമേ. അതുവഴി ഞാനെപ്പോഴും വിശുദ്ധിയിൽ നിലകൊള്ളട്ടെ.

L : പരിശുദ്ധാത്മാവേ, അവിടുന്ന് എന്നിലേക്ക് കടന്നുവന്ന് എന്റെ ചിന്തകളെല്ലാം പവിത്രീകരിക്കണമേ.

All: പരിശുദ്ധാത്മാവേ, എന്നെ സംരക്ഷിക്കണമേ. അതുവഴി ഞാനെപ്പോഴും വിശുദ്ധിയിൽ നിലകൊള്ളട്ടെ.

L : പരിശുദ്ധാത്മാവേ, എന്നെ നയിക്കണേ. അതുവഴി എന്റെ പ്രവൃത്തികൾ വിശുദ്ധമാകട്ടെ.

All: പരിശുദ്ധാത്മാവേ, എന്നെ സംരക്ഷിക്കണമേ. അതുവഴി ഞാനെപ്പോഴും വിശുദ്ധിയിൽ നിലകൊള്ളട്ടെ.

L : പരിശുദ്ധാത്മാവേ, എന്റെ ഹൃദയത്തെ ആകർഷിക്കണമേ. അതുവഴി വിശുദ്ധമായവയെ മാത്രം ഞാൻ സ്നേഹിക്കട്ടെ.

All: പരിശുദ്ധാത്മാവേ, എന്നെ സംരക്ഷിക്കണമേ. അതുവഴി ഞാനെപ്പോഴും വിശുദ്ധിയിൽ നിലകൊള്ളട്ടെ.

L : പരിശുദ്ധാത്മാവേ, എന്നെ ശക്തിപ്പെടുത്തണമേ. അതുവഴി എല്ലാ വിശുദ്ധിയും ഞാൻ കാത്തുപാലിക്കട്ടെ.

All: പരിശുദ്ധാത്മാവേ, എന്നെ സംരക്ഷിക്കണമേ. അതുവഴി ഞാനെപ്പോഴും വിശുദ്ധിയിൽ നിലകൊള്ളട്ടെ.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: പരിശുദ്ധാത്മാവേ, എന്നെ സംരക്ഷിക്കണമേ. അതുവഴി ഞാനെപ്പോഴും വിശുദ്ധിയിൽ നിലകൊള്ളട്ടെ.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L : സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All: കർത്താവേ, അവിടുന്നു ഞങ്ങളുടെ സഹായവും രക്ഷയുമാകുന്നു.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L : കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം.
All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L : നമുക്കു പ്രാർത്ഥിക്കാം. സർവ്വശക്തനും നിത്യനുമായ ദൈവമേ, യഥാർത്ഥ വെളിച്ചത്തിന്റെ തേജസ്സ് ഞങ്ങൾ അങ്ങയിൽ കാണുന്നു. കർത്താവേ പാപാന്ധകാരം ഞങ്ങളിൽ നിന്നും തുടച്ചുമാറ്റി അവിടുത്തെ വരവിന്റെ മഹത്വത്താൽ ഞങ്ങളുടെ മനസ്സിനെ നിറയ്ക്കണമേ. അങ്ങേപുത്രനായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം.

# ജീസസ് യൂത്ത് പ്രാർത്ഥന 27

സങ്കീർത്തനം 16

ക്ലെയർവോക്സിലെ വി. ബർണ്ണാദ്

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2 സങ്കീർത്തനം 16**

(1) അങ്ങയുടെ സന്നിധിയിൽ ആനന്ദത്തിൻെറ പൂർണതയുണ്ട്;
(2) അങ്ങയുടെ വലത്തുകൈയിൽ ശാശ്വതമായ സന്തോഷമുണ്ട്.

(1) ദൈവമേ, എന്നെകാത്തുകൊള്ളണമേ! ഞാൻ അങ്ങയിൽ ശരണം വച്ചിരിക്കുന്നു.
(2) അവിടുന്നാണ് എൻെറ കർത്താവ്; അങ്ങിൽനിന്നല്ലാതെ എനിക്കു നൻമയില്ല എന്നു ഞാൻ കർത്താവിനോടു പറയും.

(1) ലോകം വിശുദ്ധരെന്നു കരുതുന്ന ദേവൻമാർ നിസ്സാരരാണ്; അവരിൽ ആനന്ദംകൊള്ളുന്നവർ അഭിശപ്തരാണ്.

(2) അന്യദേവൻമാരെ അനുഗമിക്കുന്നവർ തങ്ങളുടെ ദുരിതം വർദ്ധിപ്പിക്കുന്നു; ഞാൻ അവർക്കു രക്തംകൊണ്ടു പാനീയബലി അർപ്പിക്കുകയില്ല; ഞാൻ അവരുടെ നാമം ഉച്ചരിക്കുകയില്ല.

(1) കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും; എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ്.

(2) അഭികാമ്യമായ ദാനമാണ് എനിക്ക് അളന്നുകിട്ടിയിരിക്കുന്നത്; വിശിഷ്ടമായ അവകാശം എനിക്കു ലഭിച്ചിരിക്കുന്നു.

(1) എനിക്ക് ഉപദേശം നൽകുന്ന കർത്താവിനെ ഞാൻ വാഴ്ത്തുന്നു; രാത്രിയിലും എന്റെ അന്ത:രംഗത്തിൽ പ്രബോധനം നിറയുന്നു.

(2) കർത്താവ് എപ്പോഴും എന്റെ കൺമുൻപിലുണ്ട്; അവിടുന്ന് എന്റെ വലത്തുഭാഗത്തുള്ളതു കൊണ്ടു ഞാൻ കുലുങ്ങുകയില്ല.

(1) അതിനാൽ, എന്റെ ഹൃദയം സന്തോഷിക്കുകയും അന്തഃരംഗം ആനന്ദംകൊള്ളുകയും ചെയ്യുന്നു. എന്റെ ശരീരം സുരക്ഷിതമായി വിശ്രമിക്കുന്നു.

(2) അവിടുന്ന് എന്നെ പാതാളത്തിൽ തള്ളുകയില്ല; അങ്ങയുടെ പരിശുദ്ധൻ ജീർണിക്കാൻ അനുവദിക്കുകയില്ല.

(1) അങ്ങ് എനിക്കു ജീവന്റെ മാർഗംകാണിച്ചുതരുന്നു; അങ്ങയുടെ സന്നിധിയിൽ ആനന്ദത്തിന്റെ പൂർണതയുണ്ട്; അങ്ങയുടെ വലത്തുകൈയിൽ ശാശ്വതമായ സന്തോഷമുണ്ട്.

(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) അങ്ങയുടെ സന്നിധിയിൽ ആനന്ദത്തിന്റെ പൂർണതയുണ്ട്;

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : ക്ലെയർവോയിലെ വി. ബർണ്ണാദിനോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L : കർത്താവേ അങ്ങയിലൂടെയുള്ള നിത്യത ആയിരിക്കട്ടെ ഞങ്ങളുടെ മഹത്വം.

All: കർത്താവേ അങ്ങയിലൂടെയുള്ള നിത്യത ആയിരിക്കട്ടെ ഞങ്ങളുടെ മഹത്വം.

L : ഈശോയെ, അങ്ങയെക്കുറിച്ചുള്ള മാധുര്യമാർന്ന ചിന്തകളാൽ എന്റെ ഹൃദയം നിറയുന്നു. എങ്കിലും അങ്ങയുടെ മുഖം ദർശിക്കുന്നതും അങ്ങയുടെ സന്നിധിയിൽ ആയിരിക്കുന്നതും എത്രയോ മാധുര്യം.

All: കർത്താവേ അങ്ങയിലൂടെയുള്ള നിത്യത ആയിരിക്കട്ടെ ഞങ്ങളുടെ മഹത്വം.

L : ഓ! മാനവകുലരക്ഷകാ, അവിടുത്തെ അനുഗ്രഹീത നാമത്തെക്കാൾ മാധുര്യമാർന്ന ഒരു നാമവും നാവുകൾക്ക് ആലപിക്കുവാനോ, ഹൃദയങ്ങൾക്ക് ചിട്ടപ്പെടുത്തുവാനോ ഓർമ്മകൾക്ക് കണ്ടെത്തുവാനോ അസാധ്യം.

All: കർത്താവേ അങ്ങയിലൂടെയുള്ള നിത്യത ആയിരിക്കട്ടെ ഞങ്ങളുടെ മഹത്വം.

L : ഓ! ഈശോയെ, സർവ്വപ്രകാശമേ, ജീവാഗ്നിയുടെ ഉറവിടമായ അവിടുന്ന് ഞങ്ങളുടെ എല്ലാ സന്തോഷങ്ങൾക്കും ആഗ്രഹങ്ങൾക്കും അതീതനാണ്.

All: കർത്താവേ അങ്ങയിലൂടെയുള്ള നിത്യത ആയിരിക്കട്ടെ ഞങ്ങളുടെ മഹത്വം.

L : ഓ! ഈശോയെ, ഞങ്ങളുടെ വാക്കുകളെ അനുഗ്രഹിക്കണമേ. അതുവഴി അങ്ങയെമാത്രം സ്നേഹിക്കുവാൻ, അവിടുത്തെ പ്രതിച്ഛായയിൽ ഞങ്ങളുടെ ജീവിതങ്ങളെ പ്രകാശിപ്പിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ.

All: കർത്താവേ അങ്ങയിലൂടെയുള്ള നിത്യത ആയിരിക്കട്ടെ ഞങ്ങളുടെ മഹത്വം.

L : ഓ! ഈശോയെ അവിടുത്തെ സൗന്ദര്യം സ്വർഗ്ഗീയ ഭവനത്തിന് അതീതമാണല്ലോ. അവിടുത്തെ നാമം മനസ്സിന്റെ സംഗീതമാകുന്നു. അവിടുത്തെ സ്നേഹത്താൽ അത് ജ്വലിക്കട്ടെ.

All: കർത്താവേ അങ്ങയിലൂടെയുള്ള നിത്യത ആയിരിക്കട്ടെ ഞങ്ങളുടെ മഹത്വം.

L : നാഥാ, ഞങ്ങളോടൊത്തു വസിച്ചാലും, ഞങ്ങളിലെ അന്ധകാരമകറ്റി, സന്തോഷം പ്രദാനം ചെയ്തുകൊണ്ട്, അവിടുത്തെ വെളിച്ചം ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കട്ടെ.

All: കർത്താവേ അങ്ങയിലൂടെയുള്ള നിത്യത ആയിരിക്കട്ടെ ഞങ്ങളുടെ മഹത്വം.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: കർത്താവേ അങ്ങയിലൂടെയുള്ള നിത്യത ആയിരിക്കട്ടെ ഞങ്ങളുടെ മഹത്വം.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L : സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All : ദൈവമേ അവിടുത്തെ മഹിമയാർന്ന സ്നേഹത്താൽ ഞങ്ങളുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തണമേ.

(സ്വയംപ്രേരിതപ്രാർത്ഥനകൾ)

**7. സമാപനം**

L : കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L : നമുക്കു പ്രാർത്ഥിക്കാം. കരുണയുള്ള പിതാവേ, അവിടുത്തെ സമൃദ്ധമായ സ്നേഹത്തിൽ അങ്ങേ മുഴുവനായും യാതൊരു പരിമിതികളുമില്ലാതെ അങ്ങു ഞങ്ങൾക്കു നൽകി; കർത്താവേ അനുദിനം ഞങ്ങളെ മുഴുവനായും അവിടുത്തേക്ക് ജീവാർപ്പണം ചെയ്യുവാനുള്ള കൃപ നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ. അവിടുത്തെ സ്നേഹത്തിന്റെ പൂർണ്ണതയിൽ നിറയപ്പെടുവാൻ ഇടയാക്കണമേ. അങ്ങേ പുത്രനായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 28

സങ്കീർത്തനം 118
വി. അൽഫോൺസ് ലിഗോരി

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2. സങ്കീർത്തനം 118**

(1) കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ;
(2) ഞങ്ങൾ കർത്താവിന്റെ ആലയത്തിൽ നിന്നു നിങ്ങളെ ആശീർവദിക്കും.

(1) ഇതാ, നീതിമാന്മാരുടെ കൂടാരത്തിൽ ജയഘോഷമുയരുന്നു; കർത്താവിന്റെ വലത്തുകൈ കരുത്തു പ്രകടമാക്കി.
(2) കർത്താവിന്റെ വലത്തുകൈ മഹത്വമാർജ്ജിച്ചിരിക്കുന്നു; കർത്താവിന്റെ വലത്തുകൈ കരുത്തു പ്രകടമാക്കി.

(1) ഞാൻ മരിക്കുയില്ല, ജീവിക്കും; ഞാൻ കർത്താവിന്റെ പ്രവൃത്തികൾ പ്രഘോഷിക്കും.
(2) കർത്താവ് എന്നെ കഠിനമായി ശിക്ഷിച്ചു; എന്നാൽ, അവിടുന്ന് എന്നെ മരണത്തിനേൽപ്പിച്ചില്ല.

(1) നീതിയുടെ കവാടങ്ങൾ എനിക്കായി തുറന്നുതരുക; ഞാൻ അവയിലൂടെ പ്രവേശിച്ചു കർത്താവിനു നന്ദിപറയട്ടെ.
(2) ഇതാണു കർത്താവിന്റെ കവാടം; നീതിമാൻമാർ ഇതിലൂടെ പ്രവേശിക്കുന്നു.

(1) അവിടുന്ന് എനിക്കുത്തരമരുളി; അവിടുന്ന് എന്റെ പ്രാർത്ഥന കേട്ട് എന്നെ രക്ഷിച്ചു; ഞാൻ അവിടുത്തേക്കു നന്ദിപറയും.
(2) പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നു.

(1) ഇതു കർത്താവിന്റെ പ്രവൃത്തിയാണ്; ഇതു നമ്മുടെ ദൃഷ്ടിയിൽ വിസ്മയാവഹമായിരിക്കുന്നു.
(2) കർത്താവ് ഒരുക്കിയ ദിവസമാണിന്ന്; ഇന്നു സന്തോഷിച്ചുല്ലസിക്കാം.

(1) കർത്താവേ, ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു, ഞങ്ങളെ രക്ഷിക്കണമേ! കർത്താവേ, ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു, ഞങ്ങൾക്കു വിജയം നൽകണമേ!
(2) കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ; ഞങ്ങൾ കർത്താവിന്റെ ആലയത്തിൽ നിന്നു നിങ്ങളെ ആശീർവദിക്കും.

(1) കർത്താവാണു ദൈവം; അവിടുന്നാണു നമുക്കു പ്രകാശം നൽകിയത്; മരച്ചില്ലകളേന്തി പ്രദക്ഷിണം തുടങ്ങുവിൻ; ബലിപീഠത്തിങ്കലേക്കു നീങ്ങുവിൻ.
(2) അങ്ങാണ് എന്റെ ദൈവം; ഞാൻ അങ്ങേക്കു കൃതജ്ഞതയർപ്പിക്കും; അവിടുന്നാണ് എന്റെ ദൈവം; ഞാൻ അങ്ങയെ മഹത്വപ്പെടുത്തും.

(1) കർത്താവിനു കൃതജ്ഞത അർപ്പിക്കുവിൻ; അവിടുന്നു നല്ലവനാണ്; അവിടുത്തെ കാരുണ്യം എന്നേക്കും നിലനിൽക്കുന്നു.
(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L: വി. അൽഫോൺസ് ലിഗോരിയോടൊപ്പം നമുക്ക് പ്രാർത്ഥിക്കാം.

L: ഓ! നിത്യസൗന്ദര്യത്തിന്റെ ഉറവിടമേ, സ്വർഗ്ഗത്തിന്റെ നാഥാ, എന്റെ ഹൃദയാർദ്രസ്നേഹത്തിന് അങ്ങാണ് ഏറ്റവും യോഗ്യനായവൻ.

All: ഓ! നിത്യസൗന്ദര്യത്തിന്റെ ഉറവിടമേ, സ്വർഗ്ഗത്തിന്റെ നാഥാ, എന്റെ ഹൃദയാർദ്രസ്നേഹത്തിന് അങ്ങാണ് ഏറ്റവും യോഗ്യനായവൻ.

L: ഓ! ദൈവമേ, എന്റെ നയനങ്ങൾക്ക് ആനന്ദമേകുന്ന അങ്ങേ സുന്ദര മുഖദർശനം മാത്രമാണ് എന്റെ നിത്യസന്തോഷം

All: ഓ! നിത്യസൗന്ദര്യത്തിന്റെ ഉറവിടമേ, സ്വർഗ്ഗത്തിന്റെ നാഥാ, എന്റെ ഹൃദയാർദ്രസ്നേഹത്തിന് അങ്ങാണ് ഏറ്റവും യോഗ്യനായവൻ.

L: പരിശുദ്ധ ത്രിത്വമേ, ഏകദൈവമായ അങ്ങയെ ഞാൻ ആരാധിക്കുന്നു. അങ്ങ് മാത്രമാണ് എന്റെ ഹൃദയത്തിന് നിറവ് നൽകുന്നവൻ.

All: ഓ! നിത്യസൗന്ദര്യത്തിന്റെ ഉറവിടമേ, സ്വർഗ്ഗത്തിന്റെ നാഥാ, എന്റെ ഹൃദയാർദ്രസ്നേഹത്തിന് അങ്ങാണ് ഏറ്റവും യോഗ്യനായവൻ.

L: കർത്താവേ, അങ്ങെന്റെ ദൈവമാണെന്ന് ഓർക്കുന്നതാണ് എന്റെ നിത്യസൗഭാഗ്യം. ഹൃദയം തുളുമ്പുന്ന ആനന്ദത്താൽ അവിടുന്നെന്റെ ഉള്ളം നിറയ്ക്കുന്നു.

All: ഓ! നിത്യസൗന്ദര്യത്തിന്റെ ഉറവിടമേ, സ്വർഗ്ഗത്തിന്റെ നാഥാ, എന്റെ ഹൃദയാർദ്രസ്നേഹത്തിന് അങ്ങാണ് ഏറ്റവും യോഗ്യനായവൻ.

L: ഓ! നിത്യസൗന്ദര്യമേ, പരമാനന്ദത്തിന്റെ നിത്യപ്രവാഹമേ

All: ഓ! നിത്യസൗന്ദര്യത്തിന്റെ ഉറവിടമേ, സ്വർഗ്ഗത്തിന്റെ നാഥാ, എന്റെ ഹൃദയാർദ്രസ്നേഹത്തിന് അങ്ങാണ് ഏറ്റവും യോഗ്യനായവൻ.

L: എന്റെ ജീവന്റെ ജീവനേ, സ്വർഗ്ഗീയ ജീവിതത്തിന്റെ ഉറവയേ, എന്റെ സമ്പൂർണ്ണ സ്നേഹം ഞാൻ അങ്ങേയ്ക്കു മാത്രം നൽകുന്നു.

All: ഓ! നിത്യസൗന്ദര്യത്തിന്റെ ഉറവിടമേ, സ്വർഗ്ഗത്തിന്റെ നാഥാ, എന്റെ ഹൃദയാർദ്രസ്നേഹത്തിന് അങ്ങാണ് ഏറ്റവും യോഗ്യനായവൻ.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: ഓ! നിത്യസൗന്ദര്യത്തിന്റെ ഉറവിടമേ, സ്വർഗ്ഗത്തിന്റെ നാഥാ, എന്റെ ഹൃദയാർദ്രസ്നേഹത്തിന് അങ്ങാണ് ഏറ്റവും യോഗ്യനായവൻ.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All: കർത്താവേ അങ്ങയുടെ സ്നേഹാഗ്നിയാൽ ഞങ്ങളെ ജ്വലിപ്പിക്കണമേ

സ്വയംപ്രേരിതപ്രാർത്ഥനകൾ

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L: നമുക്കുപ്രാർത്ഥിക്കാം. ദൈവമേ, അവിടുത്തെ പ്രകാശം ഞങ്ങളുടെ ജീവിതങ്ങളിലേക്ക് ചൊരിയുന്നതിനെയോർത്ത് ഞങ്ങളങ്ങേയ്ക്കു നന്ദി പറയുന്നു. കർത്താവേ, സകല മാനവ കുടുംബങ്ങളെയും ശുശ്രൂഷിക്കുവാൻ, അവിടുത്തെ കൃപകളും വരങ്ങളും നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങനെ ഞങ്ങൾ അങ്ങയെ മഹത്വപ്പെടുത്തുമാറാകട്ടെ. അങ്ങേ പുത്രനായ ക്രിസ്തുവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 29

സങ്കീർത്തനം 80 വി. തോമസ് അക്വിനാസ്

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2 സങ്കീർത്തനം 80**

(1) സൈന്യങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളെ പുനരുദ്ധരിക്കണമേ! അങ്ങയുടെ മുഖം പ്രകാശിക്കുകയും ഞങ്ങൾ രക്ഷപെടുകയും ചെയ്യട്ടെ!

(2) സൈന്യങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ ജനത്തിന്റെ പ്രാർത്ഥനകൾ എത്രനാൾ അങ്ങു കേൾക്കാതിരിക്കും?

(1) അങ്ങ് അവർക്കു ദുഃഖം ആഹാരമായി നൽകി; അവരെ അളവില്ലാതെ കണ്ണീർ കുടിപ്പിച്ചു.
(2) അങ്ങു ഞങ്ങളെ അയൽക്കാർക്കു നിന്ദാപാത്രമാക്കി; ഞങ്ങളുടെ ശത്രുക്കൾ പരിഹസിച്ചു ചിരിക്കുന്നു

(1) സൈന്യങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളെ പുനരുദ്ധരിക്കണമേ! അങ്ങയുടെ മുഖം പ്രകാശിക്കുകയും ഞങ്ങൾ രക്ഷപെടുകയും ചെയ്യട്ടെ!
(2) ഈജിപ്തിൽനിന്ന് അവിടുന്ന് ഒരു മുന്തിരിവള്ളി കൊണ്ടുവന്നു; ജനതകളെ പുറത്താക്കി അതു നട്ടുപിടിപ്പിച്ചു.

(1) അവിടുന്ന് അതിനുവേണ്ടി തടമൊരുക്കി; അതു വേരൂന്നി വളർന്നു, ദേശം മുഴുവനും പടർന്നു.
(2) അതിന്റെ തണൽകൊണ്ടു പർവ്വതങ്ങളും അതിന്റെ ശാഖകൾ കൊണ്ട് കൂറ്റൻ ദേവദാരുക്കളും മൂടി.

(1) അത് അതിന്റെ ശാഖകളെ സമുദ്രംവരെയും ചില്ലകളെ നദിവരെയും നീട്ടി.
(2) അങ്ങു തന്നെ അതിന്റെ മതിൽ തകർത്തതെന്തുകൊണ്ട്? വഴിപോക്കർ അതിന്റെ ഫലം പറിക്കുന്നു.

(1) കാട്ടുപന്നി അതിനെ നശിപ്പിക്കുന്നു; സകലജന്തുക്കളും അതിനെ തിന്നുകളയുന്നു.
(2) സൈന്യങ്ങളുടെ ദൈവമേ, ഞങ്ങളിലേക്കു തിരിയണമേ! സ്വർഗ്ഗത്തിൽനിന്നു നോക്കിക്കാണണമേ! ഈ മുന്തിരിവള്ളിയെ പരിഗണിക്കണമേ!

(1) അവർ അതിനെ അഗ്നിക്കിരയാക്കുകയും വെട്ടിവീഴ്ത്തുകയും ചെയ്തു; അങ്ങയുടെ മുഖത്തു നിന്നു വരുന്ന ശാസനയാൽ അവർ നശിച്ചുപോകട്ടെ!
(2) എന്നാൽ, അങ്ങയുടെ കരം അങ്ങയുടെ വലത്തുവശത്തു നിർത്തിയിരിക്കുന്നവന്റെ മേൽ അങ്ങേക്കു ശുശ്രൂഷ ചെയ്യാൻ ശക്തനാക്കിയ മനുഷ്യപുത്രന്റെ മേൽ ഉണ്ടായിരിക്കട്ടെ.

(1) അപ്പോൾ ഞങ്ങൾ അങ്ങിൽ നിന്ന് ഒരിക്കലും പിന്തിരിയുകയില്ല; ഞങ്ങൾക്കു ജീവൻ നല്കണമേ! ഞങ്ങൾ അങ്ങയുടെ നാമം വിളിച്ചപേക്ഷിക്കും.

(2) സൈന്യങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളെ പുനരുദ്ധരിക്കണമേ! അങ്ങയുടെ മുഖം പ്രകാശിക്കുകയും ഞങ്ങൾ രക്ഷപെടുകയും ചെയ്യട്ടെ!

(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) സൈന്യങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളെ പുനരുദ്ധരിക്കണമേ! അങ്ങയുടെ മുഖം പ്രകാശിക്കുകയും ഞങ്ങൾ രക്ഷപെടുകയും ചെയ്യട്ടെ!

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : വി. തോമസ് അക്വിനാസിനോട് ചേർന്ന് നമുക്കു പ്രാർത്ഥിക്കാം.

L : എന്റെ ദൈവമേ! അവിടുന്ന് എത്രയോ മഹത്വപൂർണ്ണനാണ്. അങ്ങയുടെ പരമ നന്മയുടെ മുൻപിൽ ഞാനെല്ലാം മറന്നു നിൽക്കുന്നു.

All: എന്റെ ദൈവമേ! അവിടുന്ന് എത്രയോ മഹത്വപൂർണ്ണനാണ്. അങ്ങയുടെ പരമ നന്മയുടെ മുൻപിൽ ഞാനെല്ലാം മറന്നു നിൽക്കുന്നു.

L : ദൈവമേ, അദൃശ്യനായി ഞങ്ങളുടെ ഇടയിൽ വസിക്കുന്നവനേ, ഞാനങ്ങയെ ആരാധിക്കുന്നു. ഈ നിഴലുകളും രൂപങ്ങളുമെല്ലാം അങ്ങയെ എന്നിൽ നിന്നും മറയ്ക്കുന്നു.

All: എന്റെ ദൈവമേ! അവിടുന്ന് എത്രയോ മഹത്വപൂർണ്ണനാണ്. അങ്ങയുടെ പരമ നന്മയുടെ മുൻപിൽ ഞാനെല്ലാം മറന്നു നിൽക്കുന്നു.

L : കർത്താവേ, ഞാൻ തോമസിനെപ്പോലെയല്ല. അവിടുത്തെ മുറിവുകളെനിക്കു ദർശനീയമല്ല. എങ്കിലും അദ്ദേഹത്തെപ്പോലെ ഞാനങ്ങയെ തുറന്നമനസ്സോടെ ദൈവവും കർത്താവുമെന്ന് വിളിക്കുന്നു.

All: എന്റെ ദൈവമേ! അവിടുന്ന് എത്രയോ മഹത്വപൂർണ്ണനാണ്. അങ്ങയുടെ പരമ നന്മയുടെ മുൻപിൽ ഞാനെല്ലാം മറന്നു നിൽക്കുന്നു.

L : ഓ! ജീവന്റെ അപ്പമേ, ക്രൂശിതനായ ക്രിസ്തുവിന്റെ സ്മരണയെ, ഞങ്ങൾക്കു വേണ്ടി മരിച്ചവന്റെ ജീവൻ പകർന്നു നൽകിയവനേ എന്റെ മനസ്സിന് വിരുന്നും ആനന്ദവും ഏകണമേ.

All: എന്റെ ദൈവമേ! അവിടുന്ന് എത്രയോ മഹത്വപൂർണ്ണനാണ്. അങ്ങയുടെ പരമ നന്മയുടെ മുൻപിൽ ഞാനെല്ലാം മറന്നു നിൽക്കുന്നു.

L : കർത്താവേ, പെലിക്കൻ കഥയുടെ മൂർത്തരൂപമാണല്ലോ അവിടുന്ന്, തിന്മയുടെ ഈ ലോകത്തിന് ക്ഷമയുടെ വാതിലുകൾ തുറക്കാൻ അങ്ങേ ഒരു തുള്ളി രക്തം മാത്രം മതിയാകും.

All: എന്റെ ദൈവമേ! അവിടുന്ന് എത്രയോ മഹത്വപൂർണ്ണനാണ്. അങ്ങയുടെ പരമ നന്മയുടെ മുൻപിൽ ഞാനെല്ലാം മറന്നു നിൽക്കുന്നു.

L : കർത്താവേ എന്റെ തീരാദാഹം ശമിപ്പിക്കണമേ. പ്രകാശപൂരിതമായ അങ്ങേമുഖം കാണുവാനും നിത്യമായ അവിടുത്തെ മഹത്വം ദർശിക്കുവാനും എനിക്കനുഗ്രഹം നൽകണമേ.

All: എന്റെ ദൈവമേ! അവിടുന്ന് എത്രയോ മഹത്വപൂർണ്ണനാണ്. അങ്ങയുടെ പരമ നന്മയുടെ മുൻപിൽ ഞാനെല്ലാം മറന്നു നിൽക്കുന്നു.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: എന്റെ ദൈവമേ! അവിടുന്ന് എത്രയോ മഹത്വപൂർണ്ണനാണ്. അങ്ങയുടെ പരമ നന്മയുടെ മുൻപിൽ ഞാനെല്ലാം മറന്നു നിൽക്കുന്നു.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All: കർത്താവേ, ഞങ്ങൾക്ക് അങ്ങയെ വേണമെന്നുള്ളതിനാൽ അവിടുന്ന് ഞങ്ങളോടൊത്ത് വസിക്കണമേ.

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L: നമുക്കു പ്രാർത്ഥിക്കാം. കർത്താവായ ദൈവമേ രക്ഷയെപ്പറ്റിയുള്ള യഥാർത്ഥ അറിവ് ഞങ്ങൾക്ക് നൽകണമേ. അതുവഴി ഞങ്ങൾ ഭയത്തിൽ നിന്നും സ്വതന്ത്രരായി ജീവിതകാലം മുഴുവൻ വിശ്വസ്തതയോടെ അങ്ങേയ്ക്കു ശുശ്രൂഷ ചെയ്യുവാൻ ഇടയാകട്ടെ. കർത്താവേ, ഞങ്ങളുടെ വാക്കുകളും പ്രവൃത്തികളും മറ്റുള്ളവർക്ക് കൃപയുടെ നീരുറവകളായി മാറുവാൻ അനുഗ്രഹിക്കണമേ. കർത്താവായ ക്രിസ്തുവഴി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന 30

സങ്കീർത്തനം 147 വി. ജോൺ ഏവുദേസ്

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2 സങ്കീർത്തനം 147**

(1) കർത്താവിനു കൃതജ്ഞതാഗാനം ആലപിക്കുവിൻ; കിന്നരം മീട്ടി നമ്മുടെ ദൈവത്തെ സ്തുതിക്കുവിൻ.
(2) കർത്താവിനെ സ്തുതിക്കുവിൻ; നമ്മുടെ ദൈവത്തിനു സ്തുതിപാടുന്നത് എത്ര ഉചിതം! കാരുണ്യവാനായ അവിടുത്തേക്കു സ്തുതിപാടുന്നത് ഉചിതം തന്നെ.

(1) കർത്താവ് ജറുസലെമിനെ പണിതുയർത്തുന്നു; ഇസ്രായേലിൽനിന്നു ചിതറിപ്പോയവരെ അവിടുന്ന് ഒരുമിച്ചുകൂട്ടുന്നു.
(2) അവിടുന്നു ഹൃദയം തകർന്നവരെ സൗഖ്യപ്പെടുത്തുകയും അവരുടെ മുറിവുകൾ വച്ചുകെട്ടുകയും ചെയ്യുന്നു.

(1) അവിടുന്നു നക്ഷത്രങ്ങളുടെ എണ്ണം നിശ്ചയിക്കുന്നു; അവയോരോന്നിനും പേരിടുന്നു.
(2) നമ്മുടെ കർത്താവ് വലിയവനും കരുത്തുറ്റവനുമാണ്; അവിടുത്തെ ജ്ഞാനം അളവറ്റതാണ്.

(1) കർത്താവ് എളിയവരെ ഉയർത്തുന്നു; ദുഷ്ടരെ തറപറ്റിക്കുന്നു.
(2) അവിടുന്നു വാനിടത്തെ മേഘംകൊണ്ടു മൂടുന്നു; ഭൂമിക്കായി അവിടുന്നു മഴയൊരുക്കുന്നു; അവിടുന്നു മലകളിൽ പുല്ലു മുളപ്പിക്കുന്നു.

(1) മൃഗങ്ങൾക്കും കരയുന്ന കാക്കകുഞ്ഞുങ്ങൾക്കും അവിടുന്ന് ആഹാരം കൊടുക്കുന്നു.
(2) പടക്കുതിരയുടെ ബലത്തിൽ അവിടുന്നു സന്തോഷിക്കുന്നില്ല; ഓട്ടക്കാരന്റെ ശീഘ്രതയിൽ അവിടുന്നു പ്രസാദിക്കുന്നില്ല.

(1) തന്നെ ഭയപ്പെടുകയും തന്റെ കാരുണ്യത്തിൽ പ്രത്യാശ വയ്ക്കുകയും ചെയ്യുന്നവരിലാണു കർത്താവു പ്രസാദിക്കുന്നത്.
(2) ജറുസലെമേ, കർത്താവിനെ സ്തുതിക്കുക; സീയോനേ നിന്റെ ദൈവത്തെ പുകഴ്ത്തുക.

(1) നിന്റെ കവാടങ്ങളുടെ ഓടാമ്പലുകൾ അവിടുന്ന ബലപ്പെടുത്തുന്നു; നിന്റെ കോട്ടയ്ക്കുള്ളിലുള്ള മക്കളെ അവിടുന്ന് അനുഗ്രഹിക്കുന്നു.
(2) അവിടുന്നു നിന്റെ അതിർത്തികളിൽ സമാധാനം സ്ഥാപിക്കുന്നു; അവിടുന്നു വിശിഷ്ടമായ ഗോതമ്പുകൊണ്ട് നിന്നെ തൃപ്തയാക്കുന്നു.

(1) അവിടുന്നു ഭൂമിയിലേക്കു കൽപന അയയ്ക്കുന്നു; അവിടുത്തെ വചനം പാഞ്ഞുവരുന്നു.
(2) അവിടുന്ന് ആട്ടിൻരോമം പോലെ മഞ്ഞുപെയ്യിക്കുന്നു; ചാരം പോലെ ഹിമധൂളി വിതറുന്നു.

(1) അവിടുന്ന് അപ്പക്കഷണം പോലെ ആലിപ്പഴം പൊഴിക്കുന്നു; അവിടുന്ന് അയയ്ക്കുന്ന തണുപ്പ് ആർക്കു സഹിക്കാനാവും?

(2) അവിടുന്നു കൽപന അയച്ച് അതിനെ ഉരുക്കിക്കളയുന്നു; അവിടുന്നു കാറ്റിനെ അയയ്ക്കുമ്പോൾ ജലം ഒഴുകിപ്പോകുന്നു.

(1) അവിടുന്ന് യാക്കോബിനു തന്റെ കൽപനയും ഇസ്രായേലിനു തന്റെ ചട്ടങ്ങളും പ്രമാണങ്ങളും വെളിപ്പെടുത്തുന്നു.

(2) മറ്റൊരു ജനതയ്ക്കുവേണ്ടിയും അവിടുന്ന് ഇങ്ങനെ ചെയ്തിട്ടില്ല; അവിടുത്തെ പ്രമാണങ്ങൾ അവർക്ക് അജ്ഞാതമാണ്; കർത്താവിനെ സ്തുതിക്കുവിൻ.

(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) കർത്താവിനു കൃതജ്ഞതാഗാനം ആലപിക്കുവിൻ; കിന്നരംമീട്ടി നമ്മുടെ ദൈവത്തെ സ്തുതിക്കുവിൻ.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : നിസ്സീമമായ ദൈവസ്നേഹത്തെ ധ്യാനിച്ചുകൊണ്ട് വി. ജോൺ ഏവുദേസിനോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

L : യേശുവിന്റെ ഹൃദയത്തിൽ വസിക്കുക, ഓ! എത്ര നല്ലതും ആനന്ദകരവുമാണ്.

All : യേശുവിന്റെ ഹൃദയത്തിൽ വസിക്കുക, ഓ! എത്ര നല്ലതും ആനന്ദകരവുമാണ്.

L : ഓ! നല്ല ഈശോയേ, അവിടുത്തെ ഹൃദയം അമൂല്യമായ നിധിയും, അമൂല്യമായ മുത്തുമാകുന്നു.

All: യേശുവിന്റെ ഹൃദയത്തിൽ വസിക്കുക, ഓ! എത്ര നല്ലതും ആനന്ദകരവുമാണ്.

L : കർത്താവായ യേശുവിന്റെ ഹൃദയത്തിൽ എന്റെ എല്ലാ ആകുലതകളും ഞാൻ ഭരമേൽപ്പിക്കും.

All: യേശുവിന്റെ ഹൃദയത്തിൽ വസിക്കുക, ഓ! എത്ര നല്ലതും ആനന്ദകരവുമാണ്.

L : ഈ ദേവാലയത്തിൽ, ഈ അതിവിശുദ്ധ സ്ഥലത്ത്, ഈ നിയമപേടകത്തിൽ ഞാൻ അങ്ങയെ ആരാധിക്കും.

All: യേശുവിന്റെ ഹൃദയത്തിൽ വസിക്കുക, ഓ! എത്ര നല്ലതും ആനന്ദകരവുമാണ്.

L : ഓ! ദൈവമേ, അവിടുത്തെ ഹൃദയം എന്റേതാകുന്നു. ക്രിസ്തു എന്റെ ശിരസ്സാണെന്ന് ഞാൻ ദൃഢമായി ഘോഷിക്കും. എന്റെ ശിരസ്സിനോടു ബന്ധപ്പെട്ടതെല്ലാം എന്റേതല്ലയോ?

All: യേശുവിന്റെ ഹൃദയത്തിൽ വസിക്കുക, ഓ! എത്ര നല്ലതും ആനന്ദകരവുമാണ്.

L : അതിനാൽ ക്രിസ്തുവിനോടൊപ്പം ഏകഹൃദയമായിരിക്കുക എന്നതാണ് എനിക്ക് സന്തോഷജനകം.

All: യേശുവിന്റെ ഹൃദയത്തിൽ വസിക്കുക, ഓ! എത്ര നല്ലതും ആനന്ദകരവുമാണ്.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All: യേശുവിന്റെ ഹൃദയത്തിൽ വസിക്കുക, ഓ! എത്ര നല്ലതും ആനന്ദകരവുമാണ്.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All: ദൈവമേ, അവിടുത്തെ നിത്യസ്നേഹം ഞങ്ങൾക്ക് നൽകണമേ.

സ്വയംപ്രേരിതപ്രാർത്ഥനകൾ

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L: നമുക്കു പ്രാർത്ഥിക്കാം. കർത്താവായ യേശുവേ, അവിടുന്ന് ഞങ്ങളോടൊത്ത് വസിക്കണമേ. ഞങ്ങളുടെ വഴിത്താരയിൽ ഞങ്ങ

ളുടെ സഹചാരിയുമാകണമേ. പ്രലോഭനങ്ങളും, പ്രയാസങ്ങളും ഞങ്ങളെ വലയ്ക്കുമ്പോൾ ആശ്വാസദായകമായ അങ്ങയുടെ സാന്നിദ്ധ്യത്തിലേക്ക് തിരിയുവാൻ ഞങ്ങളെ സഹായിക്കണമേ. അവിടുത്തെ ദിവ്യസ്നേഹത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുകയും കണ്ണുകളെ തുറപ്പിക്കുകയും ചെയ്യണമേ. കർത്താവായ ക്രിസ്തുവഴി അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# ജീസസ് യൂത്ത് പ്രാർത്ഥന

31

സങ്കീർത്തനം 121
മോൺസിഞ്ഞോർ റോബർട്ട് ഹഗ്ബൻസൺ

**1. ആമുഖ പ്രാർത്ഥന**

Leader : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.
All : ആമ്മേൻ.

L: കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ
All : അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ

L: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
All : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ച പേക്ഷിക്കാം
All : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ....

ഗാനം

**2 സങ്കീർത്തനം 121**

(1) എനിക്കു സഹായം കർത്താവിൽ നിന്നു വരുന്നു; ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിൽ നിന്ന്.
(2) പർവ്വതങ്ങളിലേക്കു ഞാൻ കണ്ണുകൾ ഉയർത്തുന്നു; എനിക്കു സഹായം എവിടെ നിന്നു വരും?

(1) നിന്റെ കാൽ വഴുതാൻ അവിടുന്ന് സമ്മതിക്കുകയില്ല; നിന്നെ കാക്കുന്നവൻ ഉറക്കം തൂങ്ങുകയില്ല.
(2) ഇസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല; ഉറങ്ങുകയുമില്ല.

(1) കർത്താവാണു നിന്റെ കാവൽക്കാരൻ; നിനക്കു തണലേകാൻ അവിടുന്നു നിന്റെ വലത്തുഭാഗത്തുണ്ട്.
(2) പകൽ സൂര്യനോ, രാത്രി ചന്ദ്രനോ നിന്നെ ഉപദ്രവിക്കുകയില്ല.

(1) സകല തിന്മകളിലും നിന്നു കർത്താവ് നിന്നെ കാത്തു കൊള്ളും; അവിടുന്നു നിന്റെ ജീവൻ സംരക്ഷിക്കും.
(2) കർത്താവു നിന്റെ വ്യാപാരങ്ങളെ ഇന്നുമെന്നേക്കും കാത്തുകൊള്ളും

(2) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
(1) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(1) & (2) എനിക്കു സഹായം കർത്താവിൽ നിന്നു വരുന്നു; ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിൽ നിന്ന്.

(ഗാനം, സ്തുതിപ്പ്, സ്വയം പ്രേരിതപ്രാർത്ഥനകൾ)

**3. ദൈവവചനം + തുടർന്ന് നിശബ്ദ ധ്യാനം**

**4. വചനവിചിന്തനം**

**5. പ്രത്യുത്തരം**

L : മോൺസിഞ്ഞോർ റോബർട്ട് ഹഗ്ബൻസണോടൊപ്പം നമുക്കു പ്രാർത്ഥിക്കാം. “ദൈവദാനം നീയറിഞ്ഞിരുന്നെങ്കിൽ”

L : കർത്താവേ നിത്യതയിൽ നിന്ന് നീയെന്നെ സ്നേഹിച്ചു.
All : കർത്താവേ നിത്യതയിൽ നിന്ന് നീയെന്നെ സ്നേഹിച്ചു.

L : കർത്താവേ നിത്യതയിൽ നിന്ന് അവിടുന്നെന്നെ സ്നേഹിച്ചു. ആയതിനാൽ എന്നെ അങ്ങ് സൃഷ്ടിച്ചു.
All : കർത്താവേ നിത്യതയിൽ നിന്ന് നീയെന്നെ സ്നേഹിച്ചു.

L : എന്നെ സൃഷ്ടിച്ചതിനുശേഷവും അങ്ങെന്നെ സ്നേഹിച്ചു. ആയതിനാൽ അങ്ങ് എനിക്കുവേണ്ടി മനുഷ്യനായി.
All : കർത്താവേ നിത്യതയിൽ നിന്ന് നീയെന്നെ സ്നേഹിച്ചു.

L : എനിക്കുവേണ്ടി മനുഷ്യനായതിനുശേഷവും അങ്ങെന്നെ സ്നേഹിച്ചു. ആയതിനാൽ അങ്ങ് എനിക്കുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്തു.

All : കർത്താവേ നിത്യതയിൽ നിന്ന് നീയെന്നെ സ്നേഹിച്ചു.

L : എനിക്കുവേണ്ടി മരിച്ചതിനുശേഷവും അങ്ങെന്നെ സ്നേഹിച്ചു. ആയതിനാൽ അങ്ങ് എനിക്കുവേണ്ടി ഉയിർപ്പിക്കപ്പെട്ടു.

All : കർത്താവേ നിത്യതയിൽ നിന്ന് നീയെന്നെ സ്നേഹിച്ചു.

L : എനിക്കുവേണ്ടി ഉയിർപ്പിക്കപ്പെട്ടതിനു ശേഷവും അങ്ങെന്നെ സ്നേഹിച്ചു. ആയതിനാൽ അങ്ങ് എനിക്കുവേണ്ടി സ്ഥലമൊരുക്കുവാൻ പോയി.

All : കർത്താവേ നിത്യതയിൽ നിന്ന് നീയെന്നെ സ്നേഹിച്ചു.

L : എനിക്കു വേണ്ടി സ്ഥലമൊരുക്കുവാൻ പോയതിനുശേഷവും അങ്ങെന്നെ സ്നേഹിച്ചു. ആയതിനാൽ അങ്ങെന്നിലേക്ക് തിരികെ വന്നു.

All : കർത്താവേ നിത്യതയിൽ നിന്ന് നീയെന്നെ സ്നേഹിച്ചു.

L : ഓ! ഈശോയെ, അങ്ങെന്നെ സ്നേഹിക്കുന്നു. എന്നിൽ ജീവിക്കുവാൻ അവിടുന്നാഗ്രഹിക്കുന്നു. എന്റെ ഭക്ഷണവും പാനീയവുമായി എന്നോടൊന്നും ചേരുവാൻ അവിടുന്നാഗ്രഹിക്കുന്നു.

All : കർത്താവേ നിത്യതയിൽ നിന്ന് നീയെന്നെ സ്നേഹിച്ചു.

L : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

All : കർത്താവേ നിത്യതയിൽ നിന്ന് നീയെന്നെ സ്നേഹിച്ചു.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

L: സഭയുടെയും നമ്മുടെ ഓരോരുത്തരുടേയും നിയോഗങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യുത്തരമായി:

All : എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു.

സ്വയംപ്രേരിതപ്രാർത്ഥനകൾ

**7. സമാപനം**

L: കർത്താവു പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം.

All: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.........

L: നമുക്കു പ്രാർത്ഥിക്കാം. കർത്താവേ സുവിശേഷ കിരണങ്ങളാകാൻ അവിടുന്ന് ഞങ്ങളെ വിളിച്ചു. ജീവിതത്തിന്റെ പൂർണ്ണത ആസ്വദിക്കുവാൻ അങ്ങ് ഞങ്ങൾക്ക് വചനാധിഷ്ഠിത ജീവിതം നൽകി. അവിടുത്തെ സന്ദേശത്തിന്റെ ആഴങ്ങളിലേക്കിറങ്ങി അവയെ സ്വന്തമാക്കുവാൻ ഞങ്ങളെ സഹായിക്കണമേ. കർത്താവായ ക്രിസ്തു വഴി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.
All: ആമ്മേൻ

All: കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ. നിത്യമായ ജീവിതത്തിലേക്കു നമ്മെ നയിക്കുമാറാകട്ടെ. ആമ്മേൻ.

സമാപനഗാനം

# മറിയത്തിന്റെ സ്തോത്രഗീതം

എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു.
എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു.
അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു.
ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി
എന്നു പ്രകീർത്തിക്കും.

ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു,
അവിടുത്തെ നാമം പരിശുദ്ധമാണ്.
അവിടുത്തെ ഭക്തരുടെമേൽ തലമുറകൾ തോറും
അവിടുന്ന് കരുണ വർഷിക്കും.

അവിടുന്ന് തന്റെ ഭുജംകൊണ്ട് ശക്തി പ്രകടിപ്പിച്ചു;
ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു.
ശക്തന്മാരെ സിംഹാസനത്തിൽ നിന്നു മറിച്ചിട്ടു;
എളിയവരെ ഉയർത്തി.

വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങൾ കൊണ്ട് സംതൃപ്തരാക്കി;
സമ്പന്നരെ വെറുംകൈയോടെ പറഞ്ഞയച്ചു.

തന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് അവിടുന്ന്
തന്റെ ദാസനായ ഇസ്രായേലിനെ സഹായിച്ചു.
നമ്മുടെ പിതാക്കന്മാരായ അബ്രാഹത്തോടും അവന്റെ
സന്തതികളോടും എന്നേക്കുമായി ചെയ്ത വാഗ്ദാനം
അനുസരിച്ചുതന്നെ.